# വേദപ്രചാര മദ്ധ്യസ്ഥൻ

വാല്യം 95 | ലക്കം 06 | 2022 ഡിസംബർ

VEDAPRACHARA MADHYASTHAN

Price Rs. 25/- Annual Subscription Rs. 300/-

Malayalam Monthly




The official organ of the Archeparchy of Changanacherry

# അഭിനന്ദനങ്ങൾ



പൗരസ്ത്യസഭകൾക്കായുള്ള ഡിക്കാസ്റ്ററിയുടെ
പ്രീഫെക്ടായി നിയമിതനായ
**ആർച്ച്ബിഷപ് ക്ലൗദിയോ ഗുജെറോത്തിക്ക്**
ചങ്ങനാശേരി അതിരൂപതയുടെ ആശംസകൾ



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 95 ● ലക്കം 06 ● ഡിസംബർ 2022

വേദപ്രചാര മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

Archbishop House, P.B. No. 20, Changanacherry, Kottayam 686 101
Tel: 0481 2420040, 2420379, 2420614, Mob: 90374 40040
E-mail: chancellorchry@gmail.com
Website: www.archdiocesechanganacherry.org

## ഉള്ളടക്കം

സർക്കുലർ (22 Ch. 279-360 ) .......... 05
സർക്കുലർ (കെ.സി.ബി.സി.) .......... 10
കച്ചേരിക്കാര്യം .......... 15
വൈദികസമ്മേളന റിപ്പോർട്ട് .......... 21
മാർ തോമസ് പാടിയത്തിനു സ്വീകരണം റിപ്പോർട്ട് .......... 24
PR – ജാഗ്രതാസമിതി .......... 26
MAC (Media Apostolate Changanacherry) .......... 28
സന്ദേശനിലയം .......... 29
ചെറുപുഷ്പ മിഷൻലീഗ് .......... 32
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ .......... 35
ഫാമിലി അപ്പോസ്തലേറ്റ് .......... 43
യുവദീപ്തി – SMYM .......... 45
KCSL .......... 47
CARP .......... 48
CHASS .......... 49
KRRIS .......... 63
ജീവകാരുണ്യനിധി ട്രസ്റ്റ് .......... 64
TAASC .......... 65
DFC .......... 66
ആതുരശുശ്രൂഷാമേഖല .......... 68
വയോജനവേദി .......... 71
പ്രവാസി അപ്പോസ്തലേറ്റ് .......... 72
KLM .......... 73
AKCC .......... 74
ആത്മതാകേന്ദ്രം .......... 77
DCMS .......... 79
SFO .......... 81
വിൻസെൻഷ്യൻ വേദി .......... 82
ചാരിറ്റി വേൾഡ് ട്രസ്റ്റ് .......... 84
കരിസ്മാറ്റിക് നവീകരണം .......... 86
പൗരോഹിത്യ ആദ്ധ്യാത്മികത .......... 87
അഭിവന്ദ്യ പിതാക്കന്മാരുടെ DIARY .......... 93
അഭിവന്ദ്യ പിതാക്കന്മാരുടെ ENGAGEMENTS .......... 99

Annual Subscription: Rs. 300/-

## സർക്കുലർ

22 Ch. 279-360

# കർമ്മനിരതമായ എഴുപതാണ്ടിന്റെ ശോഭയിൽ ചെത്തിപ്പുഴ ആശുപത്രി

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

ഈശോയുടെ ആഹ്വാനമുൾക്കൊണ്ടും മാതൃക സ്വീകരിച്ചും രോഗീശുശ്രൂഷയെ സഭ ആദ്യകാലം മുതൽ ഗൗരവമേറിയ ദൗത്യമായി പരിഗണിച്ചിരുന്നു. അശരണർക്കും രോഗികൾക്കും പാപികൾക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കുംവേണ്ടി സഭ നിരന്തരം കാരുണ്യത്തിന്റെ കരങ്ങൾ നീട്ടി. ആതുരസേവനമേഖലയെ ക്രൈസ്തവ മൂല്യാധിഷ്ഠിതമായ കർമ്മമണ്ഡലമാക്കുന്നതിൽ സഭാമക്കൾ വഹിച്ച പങ്ക് വലുതാണ്. ഈ മേഖലയെ കർത്താവിന്റെ ശുശ്രൂഷയായികണ്ട് സേവനനിരതരാവുന്നവർ സഭയ്ക്കും സമൂഹത്തിനും ഏറെ പ്രചോദനമാണ്. ആതുരസേവനരംഗത്ത് ചരിത്രപരമായ ചുവടുവെയ്പ്പുകൾ നടത്താൻ സഭ എന്നും മുൻപന്തിയിലുണ്ടായിരുന്നു. ദക്ഷിണ കേരളത്തിലെ ആദ്യ ആശുപത്രികളിലൊന്ന് ചങ്ങനാശേരിയിൽ സ്ഥാപിക്കുക എന്ന ചരിത്ര ദൗത്യമാണ് ചങ്ങനാശേരി അതിരൂപത ഏറ്റെടുത്തത്.

ചങ്ങനാശേരി അതിരൂപത നേതൃത്വം നൽകുന്ന ഏറ്റവും വലിയ ആതുരസേവനകേന്ദ്രമാണ് ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി. നമ്മുടെ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ സേവനത്തിന്റെ എഴുപതാണ്ടുകൾ പൂർത്തിയാക്കുന്നു. പുണ്യശ്ലോകനായ മാർ മാത്യു കാവുകാട്ട് പിതാവ് എഴുപത് വർഷങ്ങൾക്കു മുമ്പ് ഈ സ്ഥാപനം ആശീർവദിച്ച് ആതുരസേവനത്തിനായി സമർപ്പിച്ചു. ഇരുപതു കിടക്കകളുമായി ആരംഭിച്ച ആശുപത്രി വളർന്ന് പന്തലിച്ച് നാനൂറോളം കിടക്കകളുള്ള സമഗ്ര ആരോഗ്യസംരക്ഷണ ആലയമായി തീർന്നിരി

ക്കുന്നു. എം.എം.എസ്. സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയായ മദർ അന്ന മരിയ ഡെങ്കലിന്റെയും ആർച്ചുബിഷപ് ഡോ. മാർട്ടിൻ എച്ച്. ലൂക്കോസ് എസ്.വി.ഡി., ദൈവദാസൻ മാർ മാത്യു കാവുകാട്ട്, മലബാറിന്റെ മുഖ്യമന്ത്രി എ.ജെ. ജോൺ, ഫാ. സിറിയക്ക് കോച്ചേരി, മദർ സേവ്യർ എം.എം.എസ്. എന്നിവരുടെയും മഹനീയ സാന്നി ദ്ധ്യത്തിലാണ് ഈ ആശുപത്രിയുടെ ശിലാസ്ഥാപനം 1952 ഏപ്രിൽ 2 ന് നടന്നത്. 1953 നവംബർ 24 ന് പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി കാർഡിനൽ യൂജിൻ ടിസറാങ്, ദൈവദാസൻ മാർ മാത്യു കാവുകാട്ട്, മാർ സെബാസ്റ്റ്യൻ വയലിൽ, മദർ അന്ന മരിയ ഡെങ്കൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സെന്റ് തോമസ് ആശുപത്രിയെന്ന് ഈ ആശുപത്രി നാമകരണം ചെയ്യപ്പെടുകയും സജീവപ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ നേതൃ ത്വത്തിൽ തുടക്കംകുറിച്ച ഈ ആശുപത്രിയുടെ ആദ്യവർഷങ്ങളിൽ ഡോ. എ. എം. ജോസഫ് എന്ന ഒരു ഡോക്ടർ മാത്രമാണ് സേവനം ചെയ്തിരുന്നതെങ്കിൽ, അതിപ്പോൾ മുപ്പത്തിരണ്ട് ഡിപ്പാർട്ട്മെന്റുകളി ലായി തൊണ്ണൂറോളം ഡോക്ടർമാരുടെ സേവനംകൊണ്ട് ശ്രദ്ധേയമാ യിരിക്കുന്നു. 1968 ൽ മെഡിക്കൽമിഷൻ സിസ്റ്റേഴ്സ്, അതിരൂപതക്ക് ആശുപത്രിയുടെ നടത്തിപ്പു ചുമതല കൈമാറി. റവ.ഫാ. സക്കറി യാസ് വാച്ചാപറമ്പിൽ ഡയറക്ടറായി അതിരൂപതാ ആശുപത്രിയുടെ നടത്തിപ്പ് ഏറ്റെടുത്തു. പിന്നീട് റവ.ഫാ. ജോൺ പീലിയാനിക്കൽ, റവ.ഫാ. ജോർജ് കൂടത്തിൽ, റവ.ഫാ. മാത്യു കാവുങ്കൽ, റവ.ഫാ. മാത്യു മറ്റം, റവ.ഫാ. അലക്സ് പാലമറ്റം, റവ.ഫാ. ചാക്കോ പുതിയാ പറമ്പിൽ, റവ.ഫാ. ജോസഫ് പുതുപ്പറമ്പിൽ, റവ.ഫാ. ജോസഫ് തൂമ്പുങ്കൽ, റവ.ഫാ. തോമസ് മംഗലത്ത് എന്നീ ഡയറക്ടർമാരുടെ നേതൃത്വത്തിൽ ആശുപത്രിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു. ഇപ്പോൾ കാര്യക്ഷമമായി നേതൃത്വം നൽകുന്ന എക്സിക്യൂട്ടീവ് ഡയ റക്ടർ റവ.ഫാ. ജെയിംസ് പി. കുന്നത്ത്, അസോ. ഡയറക്ടർമാരായ റവ. ഫാ. ജോഷി മുപ്പതിൽചിറ, റവ. ഫാ. ജേക്കബ് അത്തിക്കളം, റവ.ഫാ. തോമസ് പുതിയിടം എന്നിവരെ അഭിനന്ദിക്കുന്നു. മധ്യകേരള ത്തിലെ ഒരു മികച്ച ആതുരാലയമായി ഈ സ്ഥാപനം തുടരാനുള്ള അവരുടെ കഠിനാധ്വാനത്തിന് അതിരൂപതാ കുടുംബത്തിന്റെ പിൻ തുണയുണ്ട്.

ഓരോ വർഷവും മൂന്നരലക്ഷത്തിനടുത്തു രോഗികളാണ് ഈ ആശുപത്രിയിൽ ചികിത്സ തേടുന്നത്. നിർദ്ധനരും നിരാലംബരുമായ രോഗികൾക്ക് സൗജന്യനിരക്കിലുള്ള സേവനം നൽകാൻ ഈ സ്ഥാ പനം നിതാന്തജാഗ്രത പുലർത്തുന്നു. നിർദ്ധനരായ രോഗികൾക്ക്

സൗജന്യ ഉച്ചഭക്ഷണപദ്ധതി നടപ്പിൽവരുത്തിയും ഒ.പി. നിരക്കുകൾ കുറച്ചും നമ്മുടെ ആശുപത്രി മറ്റു സ്ഥാപനങ്ങൾക്കു മാതൃക കാട്ടി. ഒരേ മാതാപിതാക്കൾക്കു ജനിക്കുന്ന നാലാമത്തെ കുട്ടിയുടെ ജനന വുമായി ബന്ധപ്പെട്ട മുഴുവൻ ആശുപത്രി ചിലവുകളും സൗജന്യമായി നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

ചങ്ങനാശേരിയിൽ ഇത്തരമൊരു ആതുരാലയം പ്രവർത്തന സജ്ജമായത് പലരെയും ഈ മേഖലയിൽ ചിന്തിക്കാൻ പ്രേരി പ്പിച്ചു. ചെത്തിപ്പുഴ ആശുപത്രിയുടെ പ്രവർത്തനങ്ങൾ മനസിലാക്കി പുതിയ പ്രദേശങ്ങളിൽ പല വ്യക്തികളും സംഘടനകളും ആശു പത്രികൾസ്ഥാപിച്ചു. ആദ്യ ചുവടുവെപ്പ് എന്ന സവിശേഷത ഈ ആശുപത്രിയുടെ സത്പേരിന് ഒരുകാരണമാണ്. ആശുപത്രിയുടെ വളർച്ച ലക്ഷക്കണക്കിന് രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും ആശ്വാസമായി എന്നതും ശ്രദ്ധേയമാണ്. ആതുരസേവനമേഖലയിൽ ക്രൈസ്തവസഭകൾ നൽകുന്ന അതുല്യസംഭാവനകളെ പൊതുജനം ഗൗരവത്തോടെ പരിഗണിക്കുന്നുണ്ട്. ചങ്ങനാശ്ശേരി അതിരൂപതയുടെ മറ്റൊരു ആതുരാലയമായ ആലപ്പുഴ സഹൃദയ ഹോസ്പിറ്റലിലും മിഷൻചൈതന്യം തെല്ലും കുറയാതെ സൂക്ഷിക്കാൻ ചങ്ങനാശേരി അതിരൂപത ജാഗരൂകയാണ്. ഗുണമേന്മയിലും പരിചരണത്തിലും മികവു പുലർത്തുന്നതിനാൽ ധാരാളം പുരസ്ക്കാരങ്ങൾ നമ്മുടെ ആതുരാലയങ്ങളെ തേടിയെത്താറുണ്ട്. ചെത്തിപ്പുഴ ആശുപത്രിക്ക് ധാരാളം ദേശീയ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കൂടാതെ ദക്ഷിണ കേരളത്തിലാദ്യമായി NABH ഫിഫ്ത്ത് എഡിഷൻ അക്രഡിറ്റേഷൻ, ഐ.എസ്.ഒ. 2015 എന്നീ അംഗീകാരങ്ങളും ആശുപത്രിയ്ക്കുണ്ട്. ആതുരസേവനരംഗത്തെ ദേശീയ അംഗീകാരമാണ് NABH അക്ര ഡിറ്റേഷൻ. പ്രസ്തുത അക്രഡിറ്റേഷനിൽ ഏറ്റവും നൂതനമാണ് ഫിഫ്ത്ത് എഡിഷൻ. ആശുപത്രിയോടുചേർന്നു പ്രവർത്തിക്കുന്ന സെന്റ് തോമസ് നഴ്സിങ് കോളേജ്, സെന്റ് തോമസ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസ് എന്നിവ ഈ മേഖലയിലെ മികച്ച പഠനകേന്ദ്രങ്ങളാണ്. ആശുപത്രിയുമായി ബന്ധപ്പെട്ട് ആയിരത്തിനു മുകളിൽ സ്റ്റാഫിന് തൊഴിൽ നൽകാൻ അതിരൂപതക്കു കഴിയുന്നു എന്നതും അഭിമാനകരമാണ്.

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി ഏറെ വളരുന്നു എന്നന്ന തിൽ അതിരൂപതയൊന്നാകെ സന്തോഷിക്കുന്നു, അഭിമാനിക്കുന്നു. സമർപ്പണവും അത്യധ്വാനവും ദീർഘവീക്ഷണവുമാണ് ഈ വളർ ച്ചക്കു പിന്നിലെ ശക്തിസ്രോതസ്. നൂതന സാങ്കേതികവിദ്യ പ്രയോ

ജനപ്പെടുത്താനും മനുഷ്യവിഭവശേഷി പരമാവധി സർഗ്ഗാത്മകമായി ഉപയോഗപ്പെടുത്താനും ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. അതിനൂതന ജർമ്മൻ നിർമ്മിത കാത്ത്‌ലാബും 15 ബെഡുകളുള്ള കാർഡിയാക് ഐ.സി.യു.വും സ്ഥാപിച്ച് പ്രസ്തുത ഡിപ്പാർട്ടുമെന്റിനെ ഹൃദ്രോഗ ചികിത്സക്കുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റി. അത്യാധുനിക 128 സ്ലൈസ് സി.റ്റി. സ്കാനിങ് മെഷിൻ വാങ്ങി റേഡിയോളജി ഡിപ്പാർട്ടുമെന്റിനെ 24 മണിക്കൂറും സേവനനിരതമാക്കി. ന്യൂറോസർജറി വിഭാഗത്തിൽ 8 ബെഡുകളുള്ള ഐ.സി.യു.വും അത്യാധുനിക ബയോമെഡിക്കൽ ഉപകരണങ്ങളും സങ്കീർണ്ണമായ ന്യൂറോ സർജറികൾ ഏതു സമയത്തും ചെയ്യാൻ പ്രാപ്തരായ ന്യൂറോ സർജന്മാരുടെ സംഘത്തിന്റെ സേവനവും ക്രമീകരിച്ചു. ന്യൂറോളജി ഡിപ്പാർട്ടുമെന്റിലും രോഗികൾക്ക് ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാണ്. യൂറോളജി, നെഫ്രോളജി, ഗ്യാസ്ട്രോഎൻട്രോളജി, ഓങ്കോളജി, പൾമണോളജി, പാലിയേറ്റീവ് കെയർ, സൈക്യാട്രി, ഡീ അഡിക്ഷൻ ഉൾപ്പെടെയുള്ള ഡിപ്പാർട്ടുമെന്റുകളിൽ മുഴുവൻ സമയം വിദഗ്ദ്ധ ഡോക്ടേഴ്സിനെ നിയമിച്ച് നമ്മുടെ ആശുപത്രിയെ റഫറൽ സെന്ററാക്കി മാറ്റി. ആറു ഡോക്ടർമാരുള്ള ഓർത്തോഡിപ്പാർട്ടുമെന്റ് മുട്ട്, സന്ധി മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയുടെ മികച്ച കേന്ദ്രമാണ്. അടുത്തകാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട ആറ് നിലകളുള്ള മാർ ജോസഫ് പവ്വത്തിൽ ബ്ലോക്ക് മികവിന്റെ മറ്റൊരടയാളമാണ്.

ചെത്തിപ്പുഴ ആശുപത്രി വിപുലീകരിക്കപ്പെടുകയാണ്. മണിമലയിലെ ജനങ്ങൾക്കു ഗുണമേന്മയുള്ള ആതുരസേവനസൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2021 ജൂലൈ മുതൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ ഒരു സബ്സെന്റർ മണിമലയിൽ പ്രവർത്തിച്ചു തുടങ്ങി കഴിഞ്ഞു. രണ്ടേക്കർ അമ്പത്തിയെട്ട് സെന്റ് സ്ഥലം വാങ്ങി ആ സബ്സെന്റർ വിപുലപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരുകയാണ്.

കഴിഞ്ഞ സാമ്പത്തികവർഷം നാലുകോടിരൂപയാണ് ചാരിറ്റി പ്രവർത്തനത്തിനായി ആശുപത്രി ചിലവഴിച്ചിട്ടുള്ളത്. സാമ്പത്തിക പരാധീനതമൂലം ഒരാൾക്കും ചികിത്സ നിഷേധിക്കരുത് എന്നതാണ് ലക്ഷ്യം. ആശുപത്രിയുടെ ഇത്തരം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ അതിരൂപതാംഗങ്ങൾക്ക് പങ്കാളികളാകാം. ചെറുതും വലുതുമായ സംഭാവനകൾ നൽകി പങ്കാളികളാകാനുള്ള അവസരവും ആശുപത്രി ക്രമീകരിച്ചിട്ടുണ്ട്. അതിന് തയ്യാറാകുന്ന സുമനസുകൾ ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടറുമായി ബന്ധപ്പെടണം. നമുക്കു ലഭിച്ച

സൗഭാഗ്യങ്ങൾ പങ്കുവെയ്ക്കാൻ ശ്രമിക്കാം. രോഗം ആർക്കും വരാം, പക്ഷേ ചികിത്സിക്കാൻ പണമില്ലാത്തതിന്റെ പേരിൽ നമ്മുടെ സഹോദരങ്ങളുടെ ചികിത്സ മുടങ്ങാതിരിക്കാൻ നമുക്കു ശ്രദ്ധിക്കാം. കർമ്മനിരതമായ എഴുപതാണ്ടിന്റെ ശോഭയിൽ ഈ ആതുരാലയം നക്ഷത്രശോഭയോടെ തിളങ്ങുമ്പോൾ ഫലദായകമായ ചികിത്സ നൽകി കൂടുതൽ മികവോടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഈ ആശുപത്രിക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. ആശുപത്രിക്കായി അത്യധ്വാനം ചെയ്യുന്നവരെ അഭിനന്ദിക്കുന്നു. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

**ആർച്ച്ബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*NB: ഈ സർക്കുലർ 2022 ഡിസംബർ 04-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

Ref: 3802/KCBC/K-35/OL/DS 07.11.2022

# ബൈബിൾ പാരായണമാസവും ബൈബിൾ ഞായറും

**കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

പ്രിയമുള്ളവരേ,

മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും ഡിസംബർ 'ബൈബിൾ പാരായണമാസമായും' ഡിസംബർ 18 'ബൈബിൾ ഞായറായും' കേരള കത്തോലിക്കാസഭ ആഘോഷിക്കുകയാണ്. കെ.സി.ബി.സി. കേരള സഭാനവീകരണവർഷങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള 2022 പന്തക്കുസ്താ തിരുനാൾ മുതൽ 2025 പന്തക്കുസ്താ തിരുനാൾ വരെയുള്ള കാലയളവിനുവേണ്ടി തിരഞ്ഞെടുത്ത ''സഭ മിശിഹായിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം'' (എഫേ. 2,20-22) എന്ന ആപ്തവാക്യം ഈ വചനപാരായണമാസത്തിൽ പരിചിന്തനം ചെയ്യുന്നത് ഉചിതമാണെന്നു കരുതുന്നു.

**1. സഭ**

ദൈവകല്പനകൾ ശ്രവിക്കുന്നതിനും യാഗാർപ്പണത്തിനുമായി വിളിച്ചുചേർക്കപ്പെട്ട സമൂഹത്തെ സൂചിപ്പിക്കാനാണ് പഴയനിയമത്തിൽ സഭയെന്ന പദം (*കഹാൽ*- ഹീബ്രു) പ്രധാനമായും ഉപയോഗിച്ചു കാണുന്നത് (നിയ. 4,10). സമാന അർഥത്തിൽത്തന്നെയാണ് പുതിയനിയമവും ഈ പദം (*എക്ലേസിയ*-ഗ്രീക്ക്) ഉപയോഗിച്ചു കാണുന്നത്. ഈശോയുടെ മരണ ഉത്ഥാനത്തിന്റെ പ്രഘോഷണം ശ്രവിച്ച്, മാനസാന്തരത്തിലൂടെ ജ്ഞാനസ്നാനംവഴി ഒരുമിച്ചുചേർക്കപ്പെട്ട സമൂഹത്തെയാണ് പുതിയ നിയമം 'സഭ'യെന്നു വിശേഷിപ്പിക്കുന്നത് (എഫേ. 2,4-8; അപ്പ. 2,37 -42). സഭ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധജനമായതിനാലും, ദൈവത്തിന്റെ സ്വന്തമായതിനാലും ദൈവത്തെ പ്രകീർത്തിക്കുവാനും (1 പത്രോ. 2,9); ഈശോയ്ക്കു സാക്ഷ്യം വഹിക്കാനും കടപ്പെട്ട സമൂഹമാണ് (എഫേ. 3,8-10).

## 2. മിശിഹായിൽ

മിശിഹായും സഭയും തമ്മിൽ വേർതിരിക്കാനാവാത്തതും ഗാഢവുമായ ബന്ധമുണ്ട്. മിശിഹായുടെ പെസഹാരഹസ്യമാണ് സഭയ്ക്കു നിദാനം. അവിടുത്തെ പെസഹാരഹസ്യത്തിന്റെ അടിസ്ഥാനഭാവമായ ശൂന്യവത്കരണത്തിൽ (*kenosis*)പങ്കുചേർന്നു മിശിഹായുടെ മഹത്വത്തിലേക്കു വളരാനും, സ്വന്തമായിത്തീരുവാനും സഭ വിളിക്കപ്പെട്ടിരിക്കുന്നു (എഫേ. 1,23). ഈശോ സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു; ജലംകൊണ്ടു കഴുകി, വചനത്താൽ വെണ്മയുള്ളതാക്കി മഹത്ത്വപൂർണയായി അവളെ തനിക്കുതന്നെ പ്രതിഷ്ഠിച്ചു (എഫേ 5,27-29); അവളെ തന്റെ ശരീരവും നിർമലവധുവുമായി പരിപോഷിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ മിശിഹായുടെ സാന്നിധ്യം എക്കാലവും സഭയിൽ വസിക്കുന്നു.

## 3. സഭയാകുന്ന ഭവനം

മിശിഹായുടെ ശരീരവും വധുവുമായ സഭ, അനേകംപേർ ചേർന്ന കൂട്ടായ്മയാണ്. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ഐക്യപ്പെട്ടിരിക്കുന്നതുപോലെ സഭയാകുന്ന ശരീരത്തിലെ അംഗങ്ങൾ എല്ലാവരും ജ്ഞാനസ്നാനത്തിലൂടെ മിശിഹായുടെ ഏകശരീരമായി മാറുന്നു (എഫേ. 4,3-6). ഭവനമെന്നത് വാസ്തുശില്പകലയുടെ പ്രകാശനമായ ഒരു കെട്ടിടത്തെയല്ല, മറിച്ച് കൂട്ടായ്മയുടെ കുടുംബത്തെയാണു സൂചിപ്പിക്കുന്നത് (1 കോറി. 3,16; 2 കോറി. 6,16; എഫേ. 2,21). സജീവശിലകളായ വിശ്വാസികളെകൊണ്ടാണ് ഈ ആത്മീയഭവനം പണിതുയർത്തപ്പെടുന്നത്; അതിന്റെ മൂലക്കല്ല് ഈശോ തന്നെയാണ് (1 പത്രോ. 2,4-5). മൂലക്കല്ലായ ഈശോയിൽ സഭാംഗങ്ങൾ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു.

## 4. പണിയപ്പെട്ടുകൊണ്ടിരിക്കുന്നു

സഭ ഭൂമിയിലെന്നും ഒരു തീർത്ഥാടകയാണ്. ഈ തീർത്ഥാടനത്തിൽ സഭ, ശിരസ്സാകുന്ന മിശിഹായിൽനിന്ന് ഊർജം സ്വീകരിച്ചു പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി വളരുകയാണ്. ശരീരമെന്ന നിലയിൽ ശിരസ്സാകുന്ന മിശിഹായുടെ പൂർണതയാണ് സഭ ലക്ഷ്യം വയ്ക്കുന്നത് (എഫേ. 1,23; 4,13).

പൂർണ്ണതതേടിയുള്ള ഈ യാത്രയിൽ സുവിശേഷപ്രഘോഷണത്തിന്റെ അനിവാര്യത നിസ്തർക്കമാണ്. മിശിഹായിലൂടെ ദൈവം

സാക്ഷാത്കരിച്ച രക്ഷാപദ്ധതി സർവമനുഷ്യർക്കും സർവസൃഷ്ടികൾക്കും വേണ്ടിയുള്ളതാണ് (മർക്കോ. 16,16). ജനതകളുടെ പ്രകാശമായി നിയോഗിക്കപ്പെട്ട സഭയെ പ്രശോഭിപ്പിക്കുന്നത് സുവിശേഷദീപ്തിയാണ്; സഭ ലോകത്തിനു നല്കുന്ന പ്രകാശവും സുവിശേഷത്തിന്റേതാണ്. സുവിശേഷത്താൽ നവീകരിക്കപ്പെട്ട പ്രപഞ്ചം ഈശോ പിതാവായ ദൈവത്തിനു സമർപ്പിക്കുന്നതുവരെ ഇതു തുടരേണ്ടിയിരിക്കുന്നു (1 കോറി. 15,21-28). ഈശോ ആരാണെന്ന തിരിച്ചറിവ് ഹൃദയംകൊണ്ടും കർമം കൊണ്ടും സാക്ഷ്യംനല്കാൻ നമ്മൾ പ്രാപ്തരാകുമ്പോൾ, നവീകരണപാതയുടെ അടിസ്ഥാനകർത്തവ്യനിർവഹണമായ സുവിശേഷപ്രഘോഷണത്തിൽ നമ്മൾ പങ്കുചേരുകയാണ്.

## കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും

കേരളസഭ നവീകരണ വർഷമായി പ്രഖ്യാപിച്ചിട്ടുള്ള ഈ കാലയളവിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകൾക്കും നിർണായക പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്നു നമുക്കു ലഭ്യമാണ്. വചനത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ മൂലഗ്രന്ഥങ്ങളോട് ഏറ്റവും അടുത്തു നില്ക്കുന്ന പുതിയനിയമ പഠനബൈബിൾ പുറത്തിറക്കാൻ കഴിഞ്ഞു. പരിഷ്കരിച്ച പഴയനിയമ പതിപ്പ് കാലതാമസമില്ലാതെ പ്രകാശനം ചെയ്യാമെന്ന പ്രതീക്ഷയിലാണ് ബൈബിൾ കമ്മീഷൻ. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പ്പോണ്ടൻസ് കോഴ്സ് അനേകങ്ങൾക്ക് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. 2022-25 കാലഘട്ടം കേരളസഭാ നവീകരണകാലഘട്ടമായി ആചരിക്കുമ്പോൾ വചനവഴിയിലൂടെ ബഹുദൂരം മുന്നേറാനും നവസാമൂഹികമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി വ്യത്യസ്ത മേഖലകളിലേക്കും വിവിധ പ്രായത്തിലുള്ളവർക്കും സവിശേഷശ്രദ്ധ ആവശ്യമുള്ള നമ്മുടെ സഹോദരങ്ങൾക്കും സുവിശേഷവാർത്ത അറിയാനാഗ്രഹിക്കുന്ന എല്ലാവർക്കും വി. ഗ്രന്ഥം സംലഭ്യമാക്കാനുള്ള കർമപദ്ധതികൾ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. ഈശോയെ വെളി

പ്പെടുത്തിത്തരുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്കു പകർന്നുനല്കുകയും ചെയ്യുന്നത് പ്രഥമമായും കുടുംബങ്ങളിലൂടെയാണല്ലോ! ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. ഓൺലൈൻ ബൈബിളും ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ പരിശ്രമം ആവശ്യമാണ്. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

മിശിഹായുടെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണകാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബക്കൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റിവച്ചാൽ ഒരു മാസംകൊണ്ടു മുഴുവൻബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കുമെന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണ മാസം സമുചിതമായി നടത്താൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 18-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ഡിസംബർ 18-ാം തീയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന വി. കുർബാനമധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഈശോയാകുന്ന ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്നു ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേളയിൽ, വചനബദ്ധമായ ജീവിതംവഴി നവീകരണവഴിയിൽ സഹയാത്രികരാകാൻ

നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർഥിച്ചുകൊണ്ടും

സ്നേഹാദരങ്ങളോടെ,


**+ ബിഷപ് റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

*NB: 2022 ഡിസംബർ 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വി.കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*




## I

## മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം

1. മനുഷ്യാവതാരം ചെയ്ത രക്ഷകൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണെങ്കിലും, തന്റെ ദൈവത്വം മറച്ചുവച്ച് മനുഷ്യത്വത്തിലാണ് ഈ ലോകത്തിൽ ജീവിച്ചതും രക്ഷാകർമ്മം നിർവഹിച്ചതും. അതണ് മംഗളവാർത്ത, ദനഹ, നോമ്പ് കാലങ്ങളിലെ മുഖ്യവിഷയം. ഈ രക്ഷാകരസംഭവങ്ങൾ വ്യക്തമായും ലളിതമായും അവതരിപ്പിക്കുന്നതാണ് മാർ തെയഡോറിന്റെ അനാഫൊറ. അതുകൊണ്ട് മംഗളവാർത്തക്കാലം മുതലുള്ള ഞായറാഴ്ചകളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.
2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐശ്ചികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.
3. നാലാം ഗ്ഹാന്തയിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലേണ്ടതാണ്.

## II

## വിവാഹാഘോഷങ്ങൾക്ക് മുടക്ക്

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുപ്പിറവിക്കൊരുക്കമായി നടത്തുന്ന ഇരുപത്തഞ്ചുനോമ്പിന്റെ കാലഘട്ടത്തിൽ (ഡിസംബർ 1 മുതൽ 24 വരെ) വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന് ബഹു. വൈദികർ പള്ളികളിൽ വിളിച്ചറിയിക്കേണ്ടതാണ്.

## III

## മൈലാപ്പൂരിലെ അത്ഭുത സ്ലീവായുടെ തിരുനാൾ

ഇന്ത്യയിലെ മാർത്തോമ്മാ നസ്രാണികൾ പുരാതനകാലംമുതൽ വണങ്ങിപ്പോന്നിരുന്ന മൈലാപ്പൂരിലെ അത്ഭുത സ്ലീവാ നമ്മുടെ സഭയിൽ പ്രധാനപ്പെട്ട ഒരു ആരാധനാ പ്രതീകമാണ്. സീറോമലബാർ സഭയുടെ പാരമ്പര്യത്തിലധിഷ്ഠിതവും വിശ്വാസികളുടെ വണക്കത്തിന് ഏറ്റവും യോഗ്യവുമായ അത്ഭുതസ്ലീവായുടെ തിരുനാൾ ഡിസംബർ 18-ന് സമുചിതമായി ആചരിക്കേണ്ടതാണ്.

## IV

## ബൈബിൾ ഞായർ

കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഹ്വാനമനുസരിച്ച് ബൈബിൾ പാരായണമാസമായി ഡിസംബർമാസം ആചരിക്കുവാനും ബൈബിൾ ഞായറായി ഡിസംബർ 18-ാം തീയതി ആചരിക്കുവാനും തീരുമാനിച്ചിരിക്കുന്നു. ഈ മാസം ബൈബിൾ വായനയ്ക്കായി കൂടുതൽ സമയം മാറ്റിവയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഡിസംബർ 18-ാം തീയതി ദൈവാലയങ്ങളിൽ ബൈബിൾ പ്രതിഷ്ഠ നടത്തുന്നതും ബൈബിൾ പ്രദക്ഷിണം നടത്തുന്നതും ഉചിതമായിരിക്കും. അന്നേദിവസത്തെ സ്തോത്രക്കാഴ്ച കെ.സി.ബി.സി. ബൈബിൾ കമ്മീഷനു നൽകേണ്ടതിനാൽ അത് ശേഖരിച്ച് ഡിസംബർ 31 നു മുമ്പ് അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

## V

## ദൈവവിളി സെമിനാർ

അതിരൂപതാ ദൈവവിളി സെമിനാർ ഈ വർഷം ഡിസംബർ 27 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെടുന്നു. ആൺകുട്ടികൾക്ക് കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിലും പെൺകുട്ടികൾക്ക് സന്ദേശനിലയത്തിലുമാണ് സെമിനാർ.

## VI

## കളർ എ ഹോം - ക്രിസ്തുമസ് ധനശേഖരണം

ഈ വർഷത്തെ ക്രിസ്തുമസ് ധനശേഖരണം 'കളർ എ ഹോം' ഭവനനിർമ്മാണ പദ്ധതിക്കുവേണ്ടിയുള്ളതാണ്. ആകെ ലഭിക്കുന്ന തുകയുടെ 40 ശതമാനവും തിരുത്തൽ വരുത്തിയ കുടുംബവിവര ഫാറങ്ങളും 2023 ജനുവരി 31 ന് മുമ്പായി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കണം.

# VII
## അലവൻസ് പരിഷ്കരണം

നമ്മുടെ അതിരൂപതയിലെ വികാരിമാരുടെയും അസി. വികാരിമാരുടെയും അലവൻസ് യഥാക്രമം 15000 രൂപയും 14900 രൂപയും ആയിരിക്കും. സന്യസ്തഭവനങ്ങളിൽനിന്നു ഭക്ഷണം ക്രമീകരിക്കുന്നവർ 4000 രൂപായിൽ കുറയാത്ത ഒരു തുക അതിനായി നൽകണം. 2022 ഡിസംബർ 1 മുതൽ ഈ വർദ്ധനവ് നിലവിൽ വരുന്നതാണ്.

ദൈവാലയശുശ്രൂഷിയുടെയും കണക്കന്റെയും അലവൻസ് വർദ്ധനയും 2022 ഡിസംബർ 1 മുതൽ നിലവിൽ വരുന്നതാണ്. അതിന്റെ വിശദാംശങ്ങൾ ഇടവകകളിലേയ്ക്ക് ഉടൻതന്നെ അയച്ചുതരുന്നതാണ്.

# VIII
## പ്രതിനിധിയോഗം

നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലെയും പ്രതിനിധിയോഗത്തിന്റെ കാലാവധി 2023 മാർച്ച് 31 ന് അവസാനിക്കുന്നതിനാൽ പുതിയ പ്രതിനിധിയോഗം ഉടൻ പ്രാബല്യത്തിൽ വരത്തക്കരീതിയിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. പള്ളിയോഗ നടപടിക്രമം ഭാഗം II, ഖണ്ഡം III-ൽ പറയുന്ന നിയമങ്ങൾക്കും സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പള്ളിയോഗനടപടിക്രമങ്ങൾക്കും അനുബന്ധമായുള്ള അതിരൂപതാ നിയമങ്ങൾ നമ്പർ 3, 3.1, 3.2, 3.3, 3.4, 8.2, 8.3, 9.2.4, 10.1, 10.5 എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം പുതിയ പ്രതിനിധിയോഗം രൂപപ്പെടുത്തേണ്ടത്. ഇവയ്ക്കുപുറമേ താഴെപറയുന്ന നിർദ്ദേശങ്ങൾകൂടി അതിരൂപതാ നിയമങ്ങളിൽ കൂടുതലായി ഉൾപ്പെടുത്തേണ്ടതാണ്.

3.1. പ്രതിനിധിയോഗത്തിൽ ആകെ 10-ൽ കുറയാതെയും 60-ൽ കൂടാതെയും അംഗങ്ങൾ ഉണ്ടായിരിക്കണം. ആകെ പ്രതിനിധിയോഗാംഗങ്ങളുടെ സംഖ്യ 200 വീടുകളിൽ താഴെയുള്ള പള്ളികളിൽ 20 നും 500 വീട്ടിൽ താഴെയുള്ള പള്ളികളിൽ 30 നും 1000 വീടുകളിൽ താഴെയുള്ള പള്ളികളിൽ 40 നും 1500 ൽ താഴെയുള്ള പള്ളികളിൽ 50 നും 1500 നുമുകളിൽ വീടുകളുള്ള പള്ളികളിൽ 60 നും താഴെയുമായിരിക്കണം. കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി പ്രതിനിധിയോഗം രൂപീകരിക്കണമെങ്കിൽ ആയതിന് അതിരൂപതാദ്ധ്യക്ഷന്റെ മുൻകൂർ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

3.4 ഇടവകാതിർത്തിയിലുള്ള കുരിശുപള്ളികൾ, ചാപ്പലുകൾ, കുരിശടികൾ എന്നിവയെല്ലാം ഇടവകയുടെ ഭരണസംവിധാനങ്ങൾക്കു വിധേയമായി വർത്തിക്കുന്നു. അതിർത്തി തിരിഞ്ഞ കുരിശുപള്ളികളിൽ പ്രതി

നിധിയോഗം പ്രവർത്തിക്കുന്നതുപോലെ അതിർത്തി തിരിയാത്ത കുരിശു പള്ളികളിൽ അജപാലനസൗകര്യാർത്ഥം ഒരു കമ്മിറ്റി രൂപീകരിക്കാവു ന്നതാണ്.

3.4.1. പ്രതിനിധിയോഗത്തിന്റെ മാതൃകയിൽ കമ്മിറ്റി അംഗങ്ങളുടെ എണ്ണം നിജപ്പെടുത്തി അതിരൂപതയിൽ നിന്നുള്ള അംഗീകാരത്തോടെ യാണു കമ്മിറ്റി പ്രവർത്തിക്കേണ്ടത്. നാലു മാസത്തിലൊരിക്കലെങ്കി ലുമോ വലിയ കുരിശുപള്ളികളിൽ തലപ്പള്ളി വികാരി നിർദ്ദേശിക്കു ന്നതു പ്രകാരം മാസം തോറുമോ രണ്ടു മാസത്തിലൊരിക്കലെങ്കിലുമോ കുരിശുപള്ളി പൊതുയോഗത്തിൽ കണക്കവതരിപ്പിച്ചു പാസ്സാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കുരിശുപള്ളിയുടെ മാസംതോറുമുള്ള വരവ് ചെലവ് കണക്കുകൾ പാസ്സാക്കുക എന്നത് ഈ കമ്മറ്റിയുടെ ചുമതലയാണ്. എന്നാൽ വാർഷിക വരവ് ചെലവ് കണക്കുകൾ കുരിശു പള്ളി പൊതുയോഗത്തിൽ സമർപ്പിച്ച് അതിരൂപതാദ്ധ്യക്ഷന്റെ അംഗീ കാരത്തിനു സമർപ്പിക്കേണ്ടതാണ്.

3.4.2. ഓരോ സാമ്പത്തിക വർഷത്തേക്കും പൊതുയോഗം തിരഞ്ഞെ ടുക്കുന്ന രണ്ട് കൈക്കാരന്മാർ അതിരൂപതയിൽനിന്ന് അംഗീകാരം ലഭി ക്കുന്ന മുറയ്ക്ക് കുരിശുപള്ളി കൈക്കാരന്മാരായി ചുമതലയേൽക്കേണ്ട താണ്. രണ്ടിൽ കൂടുതൽ തവണ ഒരാൾ തുടർച്ചയായി കൈക്കാരനായി തുടരുവാൻ പാടില്ല. അതിരൂപതാദ്ധ്യക്ഷന്റെ മുൻകൂർ അനുമതി വാങ്ങി യാൽ മാത്രമേ ഒരാളെ തുടർച്ചയായി മൂന്നാം തവണ കൈക്കാരനായി തിരഞ്ഞെടുക്കുവാൻ പാടുള്ളൂ.

3.4.3. കുരിശുപള്ളിയിലെ കണക്കുകൾ നിയമാനുസൃതം ഓഡിറ്റ് ചെയ്യുവാൻ രണ്ട് ഓഡിറ്റർമാരെ കുരിശുപള്ളി പൊതുയോഗം തെര ഞ്ഞെടുക്കേണ്ടതാണ്.

8.3.1. പ്രതിനിധിയോഗത്തിൽ വാർഡുകളിൽ/കൂട്ടായ്മകളിൽനിന്ന് തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികൾ എത്രവേണമെന്ന് അതിരൂപതാ നിയമങ്ങൾക്കു വിധേയമായി പൊതുയോഗം നിശ്ചയിച്ച് അതിരൂപതാ കച്ചേരിയുടെ അംഗീകാരം വാങ്ങേണ്ടതാണ്. പൊതുയോഗത്തിന് വനിത കൾക്കായി പ്രത്യേക വാർഡുകൾ തീരുമാനിക്കാവുന്നതാണ്. എന്നാൽ ഒരു വർഷം വനിതകൾക്കായി സംവരണം ചെയ്തത് അടുത്തവർഷം ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

8.3.3. ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി കളിൽ പകുതി തെരഞ്ഞെടുപ്പു വർഷം ജനുവരി 1-ാം തീയതി 21 നും 50 നും ഇടയ്ക്കും, മറ്റേ പകുതി 50 നും 75 നും ഇടയിലും പ്രായമുള്ള വർ ആയിരിക്കണം. എന്നാൽ ഒരു വാർഡിലെ പ്രതിനിധികളുടെ എണ്ണം

ഒറ്റസംഖ്യയായി വരികയാണെങ്കിൽ ഓരോ വയോവിഭാഗത്തിലേയ്ക്കും തുല്യമായി പ്രതിനിധികളെ നിശ്ചയിച്ചശേഷം അവശേഷിക്കുന്ന പ്രതിനിധിസ്ഥാനത്തേയ്ക്ക് ഏതെങ്കിലും വയോവിഭാഗത്തിൽ ഉൾപ്പെട്ട ആളിനെ യുക്തംപോലെ തെരഞ്ഞെടുക്കാവുന്നതാണ്. തുടർച്ചയായി രണ്ട് തവണയിലധികം ഒരേ ആളുകൾ തിരഞ്ഞെടുക്കപ്പെടുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഓരോ തവണയും 1/3 പുതുമുഖങ്ങളെങ്കിലും ഉണ്ടായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

8.3.3.1. കൂട്ടായ്മകളിൽ നിന്നുള്ള തിരഞ്ഞെടുപ്പു മുതലുള്ള വ്യക്തികളുടെ ലിസ്റ്റ് ഓരോ പള്ളിയിലും സൂക്ഷിക്കേണ്ടതാണ്. ഒന്നിൽകൂടുതൽ വ്യക്തികൾ ഒരേ സ്ഥാനത്തേയ്ക്കു മത്സരിക്കുന്നുവെങ്കിൽ രഹസ്യ ബാലറ്റ് ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

8.3.3.2. ഏതെങ്കിലും തിരഞ്ഞെടുപ്പുകളെപ്പറ്റി പരാതിയുള്ളവർ ടി തിരഞ്ഞെടുപ്പ് നടന്ന് 7 ദിവസത്തിനകം അതിരൂപതയിൽ പരാതി സമർപ്പിക്കേണ്ടതാണ്.

8.3.7. ഇടവകയിലെ യുവജനങ്ങൾ ഒന്നുചേർന്ന് 30 വയസിൽ താഴെ പ്രായമുള്ള ഒരു യുവജനപ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടതാണ്. സംഘടനകളുടെ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെടുന്നയാൾ SMYM അംഗമാണെങ്കിൽ മറ്റൊരു യുവജനപ്രതിനിധിയെ തിരഞ്ഞെടുക്കേണ്ടതില്ല.

9.2.1, 9.2.2, 9.2.3, 9.2.4, 9.2.5 എന്നിവർ തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റിൽ ഉൾപ്പെടുന്നവരാണ്.

9.2.4.1. പ്രതിനിധിയോഗത്തിലേയ്ക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കാൻ യോഗ്യതയുള്ള അതിരൂപതയിലെ അംഗീകരിക്കപ്പെട്ട സംഘടനകളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

1. ചെറുപുഷ്പ മിഷൻലീഗ് (CML) 2. യുവദീപ്തി (SMYM) 3. മാതൃവേദി 4. പിതൃവേദി 5. വയോജനവേദി 6. ലീജിയൻ ഓഫ് മേരി 7. ഫ്രാൻസിസ്കൻ മൂന്നാം സഭ 8. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി 9. സോഷ്യൽ സർവീസ് സൊസൈറ്റി (CHASS) 10. കത്തോലിക്കാ കോൺഗ്രസ് (AKCC) 11. ആത്മത 12. ദളിത് കത്തോലിക്കാ മഹാജനസഭ (DCMS) 13. KLM 14. DFC 15. ജാഗ്രതാസമിതി 16. KRRIS 17. TAASC

ഈ സംഘടനകളുടെ പ്രസിഡന്റുമാരും സെക്രട്ടറിമാരുമടങ്ങുന്ന ഒരു ഇലക്ടറൽ കോളേജാണ് സംഘടനാപ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടത്.

ചെറുപുഷ്പ മിഷൻലീഗിന്റെ പ്രതിനിധിയാവേണ്ടത് ഓർഗനൈസിംഗ് പ്രസിഡന്റും സെക്രട്ടറിയുമാണ്. എന്നാൽ പുരുഷവിഭാഗവും

വനിതാവിഭാഗവും ഉള്ള സംഘടനകൾക്ക് അവയുടെ രണ്ടിന്റെയും പ്രസിഡന്റുമാർ മാത്രമാണ് ഇലക്ടറൽ കോളേജിൽ അംഗങ്ങളാകേണ്ടത്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന ഇലക്ടറൽ കോളേജിൽനിന്നും 200 വീടിൽ കുറവുള്ള ഇടവകകൾ ഒരു പ്രതിനിധിയേയും 200 വീടിൽ കൂടുതലുള്ള ഇടവകകൾക്ക് രണ്ട് പ്രതിനിധികളെയും തിരഞ്ഞെടുക്കാവുന്നതാണ്.

10.1.1. വാർഡുകളിൽ നിന്ന് / കൂട്ടായ്മകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരിൽ 30% സ്ത്രീകൾ ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപ്രകാരം സ്ത്രീകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലെങ്കിൽ ആ കുറവ് താഴെ പറയുന്ന രീതിയിൽ പരിഹരിക്കേണ്ടതാണ്. (കാണുക 10.1.2, 10.1.3)

പുതിയ പ്രതിനിധിയോഗത്തിന് അതിരൂപതാദ്ധ്യക്ഷന്റെ അംഗീകാരം ലഭിച്ച് രണ്ടാഴ്ചക്കകം അതിന്റെ പ്രഥമസമ്മേളനം ബഹു. വികാരി വിളിച്ചുകൂട്ടേണ്ടതാണ് (8.3.6). പ്രഥമയോഗത്തിൽ തന്നെ അടുത്ത സാമ്പത്തികവർഷത്തേയ്ക്കുള്ള കൈക്കാരന്മാരെ തിരഞ്ഞെടുക്കേണ്ടതാണ്; നിലവിൽ കാലാവധി അവസാനിക്കുന്ന പ്രതിനിധിയോഗമല്ല പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കേണ്ടത്. പുതിയ പ്രതിനിധിയോഗം നിലവിൽ വന്നതിനു ശേഷം ഏപ്രിൽ മാസം അവസാനിക്കുന്നതിനു മുൻപ് ബജറ്റ് തയ്യാറാക്കി പൊതുയോഗത്തിൽ അവതരിപ്പിച്ചാൽ മതിയാകും.

## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

PPFA യുടെ സാമ്പത്തികവർഷം ജനുവരി മുതൽ ഡിസംബർ വരെയാണ്. അതിനാൽ, മെഡിക്കൽ ബില്ലുകൾ 2022 ഡിസംബർ 20 ന് മുമ്പായി അതിരൂപതാ PPFA ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

സ്നേഹപൂർവം,

**ഫാ. അഗസ്റ്റിൻ തൈപ്പറമ്പിൽ** (ട്രഷറർ)

**ഫാ. തോമസ് ആര്യങ്കാല** (സെക്രട്ടറി)

# ചങ്ങനാശേരി അതിരൂപതാ
# വൈദികസമ്മേളന റിപ്പോർട്ട്
## 2022 നവംബർ 02

ചങ്ങനാശേരി അതിരൂപതയിലെ ഈ വർഷത്തെ രണ്ടാം വൈദിക സമ്മേളനം 2022 നവംബർ 02-ാം തീയതി ബുധനാഴ്ച ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ പാരീഷ് ഹാളിൽ നടന്നു. അതിരൂപതാവൈദികർ മാത്രം പങ്കെടുത്ത പ്രസ്തുത സമ്മേളനം രാവിലെ 9.45-ന് അതിരൂപതാ സിഞ്ചെല്ലൂസ് വാണിയപ്പുരയ്ക്കൽ പെ. ബഹു. ജോസഫച്ചന്റെ നേതൃത്വത്തിൽ ഖുത്താആ പ്രാർത്ഥനയോടെ ആരംഭിച്ചു. തുടർന്ന്, അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമികത്വത്തിൽ കഴിഞ്ഞ വൈദികസമ്മേളനത്തിനുശേഷം അതിരൂപതാകുടുംബത്തിൽനിന്നു നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട എരുതനാട്ട് ബഹു. ജോസഫച്ചൻ, കാഞ്ഞിക്കൽ കല്ലുപുര ബഹു. സക്കറിയാസച്ചൻ, വിരുപ്പേൽ ബഹു. ജോസച്ചൻ, കളപ്പുരയ്ക്കൽ ബഹു. പീറ്ററച്ചൻ, കാട്ടാമ്പള്ളി ബഹു. സെബാസ്റ്റ്യനച്ചൻ, കൊച്ചുമലയിൽ ബഹു. ജോണച്ചൻ, കോക്കാട്ട് ബഹു. കുരുവിളയച്ചൻ, സമർപ്പിതർ, അല്മായർ എന്നിവരെ അനുസ്മരിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ശേഷം, അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് എല്ലാവരെയും സമ്മേളനത്തിലേക്കു സ്വാഗതം ചെയ്തു. തദവസരത്തിൽ, പരി. പിതാവ് മാർ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്ത സിനഡാത്മകത വൈദികകൂട്ടായ്മകളിൽ യാഥാർത്ഥ്യമാക്കണമെന്നും അതിന് ഇത്തരം ഒത്തുചേരലുകൾ ഏറെ സഹായകമാണെന്നും അതിൽ സന്തോഷം കണ്ടെത്തണമെന്നും അഭി. പിതാവ് പങ്കുവച്ചു.

വൈദികസമ്മേളനങ്ങൾ ആനന്ദവും അനുഗ്രഹവും പ്രദാനംചെയ്യുന്ന നിമിഷങ്ങളാണെന്നും പൗരോഹിത്യകൂട്ടായ്മയിൽ നിരന്തരം വളർന്ന് ദൈവജനത്തിനു ശുശ്രൂഷചെയ്യാൻ സാധിക്കണമെന്നും അഭി. മാർ തോമസ് തറയിൽ പിതാവ് തന്റെ ആമുഖപ്രഭാഷണത്തിൽ ഓർമ്മിപ്പിച്ചു. തദവസരത്തിൽ അഭി. തറയിൽ പിതാവ്, ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ മാർ തോമസ് പാടിയത്ത് പിതാവ് ചങ്ങനാശേരി അതിരൂപതയുടെ സിഞ്ചെല്ലൂസായി നൽകിയ മഹനീയ സേവനങ്ങളെ നന്ദിയോടെ അനുസ്മരിച്ചശേഷം അദ്ദേഹത്തിന്റെ പുതിയ നിയോഗങ്ങൾക്ക് എല്ലാ ആശംസകളും നേർന്നു.

തുടർന്ന്, അതിരൂപതാ വൈദികകൂട്ടായ്മയിൽനിന്നു മേൽപ്പട്ടശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട അഭി. മാർ തോമസ് പാടിയത്ത് പിതാവിന്

അനുമോദനങ്ങൾ അർപ്പിച്ചു വൈദികപ്രതിനിധി കറുകപ്പറമ്പിൽ പെ. ബഹു. ചെറിയാനച്ചൻ സംസാരിച്ചു. ഏല്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ കർത്താവിനു ഹിതകരമായരീതിയിൽ, സുവിശേഷത്തിനു യോഗ്യമാം വിധം നിർവ്വഹിക്കുവാൻ പാടിയത്ത് പിതാവിന് സാധിക്കട്ടെയെന്ന് കറുകപ്പറമ്പിലച്ചൻ ആശംസിച്ചു. 'ചങ്ങനാശേരി അതിരൂപത എന്റെ അഭിമാനം' എന്ന പേരിൽ MAC TV തയ്യാറാക്കിയ അതിരൂപതയിലെ പ്രധാന അജപാലനപ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് വിഷ്വലായി സമ്മേളനത്തിൽ പ്രദർശിപ്പിച്ചത് ഏറെ ഹൃദ്യമായിരുന്നു.

അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവ് തന്റെ സന്ദേശം ആരംഭിച്ചത് എല്ലാവരെയും കാണാൻ സാധിച്ചതിലുള്ള സന്തോഷം പങ്കുവച്ചുകൊണ്ടാണ്. വൈദികസമ്മേളനങ്ങൾ കൂട്ടായ്മ വർദ്ധിപ്പിക്കാനും ബന്ധങ്ങൾ ഊഷ്മളമാക്കാനും സംഘാതമായി പ്രവർത്തിക്കാനും അജപാലന ശൈലികൾ മനസ്സിലാക്കാനും ഏറെ സഹായിക്കുമെന്ന് അഭി. പവ്വത്തിൽ പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് സീറോമലബാർ സഭയുടെ പ്രഥമ പൗരസ്ത്യരത്നം അവാർഡിന് അർഹനായ അഭി. പവ്വത്തിൽ പിതാവിനും ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ മാർ തോമസ് പാടിയത്ത് പിതാവിനും ആശംസകൾ അർപ്പിച്ചശേഷം അഭി. പെരുന്തോട്ടം പിതാവ് അവർക്കു പൂക്കൾ നൽകി അഭിനന്ദിച്ചു. മാർ തോമസ് പാടിയത്ത് പിതാവ് തന്റെ മറുപടി പ്രസംഗത്തിൽ, ചങ്ങനാശേരി അതിരൂപതയിലെ അഭി. പിതാക്കന്മാരും വൈദികസമൂഹവും തന്റെ വിവിധ അജപാലനശുശ്രൂഷകളിൽ നല്കിയ സ്നേഹത്തിനും പ്രോത്സാഹനത്തിനും പിന്തുണയ്ക്കും പ്രത്യേകം നന്ദിയറിയിച്ചശേഷം, തന്നെ ഭരമേൽപ്പിച്ചിരിക്കുന്ന പുതിയ ദൗത്യം വിശ്വസ്തതയോടെ നിർവ്വഹിക്കുന്നതിനുള്ള പ്രാർത്ഥനയും അഭ്യർത്ഥിച്ചു.

അതിരൂപതയുടെ പുതിയ സിഞ്ചെല്ലൂസുമാരായി നിയമിതരായ പാലയ്ക്കൽ പെ. ബഹു. ജയിംസച്ചൻ, താനമാവുങ്കൽ പെ. ബഹു. വർഗീസച്ചൻ, കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരി റെക്ടറായി നിയമിതനായ കൂട്ടുമ്മേൽ പെ. ബഹു. ജോർജച്ചൻ, നവാഭിഷിക്തൻ പുളിയ്ക്കൽ ബഹു. മാത്യു അച്ചൻ, പൗരോഹിത്യ സ്വീകരണത്തിന്റെ രജതജൂബിലിയിലേയ്ക്കു പ്രവേശിക്കുന്ന ബഹു. വൈദികർ, ഡോക്ടറേറ്റ് ലഭിച്ച വൈദികർ, ദൈവാലയനിർമ്മിതിക്കും വിവിധ നിർമാണ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ ബഹു. വൈദികർ എന്നിവരെ അഭി. പെരുന്തോട്ടം പിതാവ് സമ്മേളനത്തിൽ പ്രത്യേകം അനുമോദിച്ചു.

2022 ഒക്ടോബർ 12 മുതൽ 30 വരെ തായ്‌ലന്റിലെ ബാങ്കോക്കിൽ സമ്മേളിച്ച ഏഷ്യയിലെ 29 രാജ്യങ്ങളിൽനിന്നുള്ള മെത്രാന്മാരുടെ

സമ്മേളനത്തെക്കുറിച്ചു അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് പങ്കുവച്ചു. തുടർന്ന്, വൈദികർക്കു നൽകിയ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി: അതിരൂപതയിൽ നടത്തി വരുന്ന സഭാ-സാമൂഹിക-സാമ്പത്തിക സർവ്വേ പൂർത്തിയാക്കാത്ത കുടുംബ ങ്ങൾ എത്രയുംവേഗം അവ പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുക, ഇടവകകളിൽ വിശ്വാസികൾക്കു സഭാത്മക ദർ ശനങ്ങളും ധാർമ്മികപ്രബോധനങ്ങളും നൽകുന്നതിൽ ശ്രദ്ധിക്കുക, ഇടവകകളിൽ വിവിധ സംഘടനകളും പ്രസ്ഥാനങ്ങളും കുടുംബ ക്കൂട്ടായ്മ അടിസ്ഥാനത്തിൽ ക്രമീകരിക്കുക, 'നൂറുമേനി-വചനം ഹൃദയ ത്തിലും ജീവിതത്തിലും' എന്ന പദ്ധതിയിൽ പങ്കുചേർന്ന് വചനം ഹൃദി സ്തമാക്കാൻ ഇടവകാംഗങ്ങൾക്കു പ്രോത്സാഹനം നൽകുക, 'കോഫി ചലഞ്ച്' എന്നപേരിൽ നവംബർ മാസം നടത്തുന്ന ദീപിക പ്രചാരണ ത്തിൽ എല്ലാ ഇടവകകളും സജീവമായി പങ്കെടുക്കുക, പള്ളികളുടെ കണക്കുകൾ യഥാസമയം അതിരൂപതാ സാമ്പത്തികകാര്യാലയത്തി ലേൽപ്പിക്കുക, അതിരൂപതയിൽനിന്നു നൽകുന്ന നിയമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് പ്രതിനിധിയോഗത്തിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾ നിഷ്പക്ഷമായി നടത്തുവാൻ ശ്രദ്ധിക്കുക.

അതിനുശേഷം, മാർതോമ്മാ വിദ്യാനികേതന്റെ നേതൃത്വത്തിൽ പ്രസി ദ്ധീകരിക്കുന്ന 2022-2023 വർഷത്തെ ആരാധനാവത്സരകലണ്ടറും തെക്കേ ടത്ത് ബഹു. മാത്യു അച്ചൻ എഴുതിയ Funeral Rites of the St. Thomas Christians എന്ന ഗ്രന്ഥവും അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് പ്രകാശനം ചെയ്തു. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന അജപാലന, സാമൂഹിക പ്രവർത്തനങ്ങളെക്കുറിച്ചു ബഹു. ഡയറക്ടറച്ചന്മാർ പങ്കുവച്ചു. സമ്മേളനത്തിന്റെ അവസാനം അതിരൂപതാ ചാൻസിലർ ആലഞ്ചേരി പെ. ബഹു. ഐസക്കച്ചൻ എല്ലാവർക്കും നന്ദി അർപ്പിച്ചു സംസാരിച്ചു. ഉച്ചയ്ക്ക് 1.00 ന് പ്രാർത്ഥനയോടെ വൈദിക സമ്മേളനം അവസാനിച്ചു.

**ഫാ. ജോർജ് പുതുമനമൂഴിയിൽ**
(അതിരൂപതാ വൈസ് ചാൻസലർ)

# മാർ തോമസ് പാടിയത്തിനു സ്വീകരണം
## റിപ്പോർട്ട്

ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ ഓഡിറ്റോറിയത്തിൽ ഷംഷാബാദ് രൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് പാടിയത്ത് പിതാവിനു സ്വീകരണവും തുടർന്നു പൊതുസമ്മേളനവും 2022 നവംബർ 3 ന് ഉച്ചകഴിഞ്ഞു നടത്തപ്പെട്ടു. മെത്രാപ്പോലീത്തൻ പള്ളി കൈക്കാരന്മാരായ ശ്രീ. ജോമ കാട്ടടി, ശ്രീ. ഷിബിൻ ആന്റണി, ശ്രീ. ആന്റണി പുന്നശ്ശേരി എന്നിവർ ചേർന്നു മാർ തോമസ് പാടിയത്ത് പിതാവിനെ ദേവാലയ കവാടത്തിങ്കൽ മാലയിട്ടു സ്വീകരിച്ചു. തുടർന്നുള്ള കാനോനികസ്വീകരണത്തിനു മെത്രാപ്പോലീത്തൻ പള്ളി വികാരി വെരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ നേതൃത്വം നൽകി.

കബറിടപ്പള്ളിയിൽ അതിരൂപതാ മുൻമേലധ്യക്ഷന്മാരുടെ കബറിടത്തിലെ പ്രാർത്ഥനയ്ക്കുശേഷം ചങ്ങനാശേരി സെന്റ് ജോസഫ് GHS സ്കൂളിലെ ബാന്റ്സെറ്റ് അകമ്പടിയോടെ അഭി. മാർ തോമസ് പാടിയത്ത് പിതാവിനെയും മറ്റു വിശിഷ്ടാതിഥികളെയും സമ്മേളനവേദിയിലേയ്ക്ക് ആനയിച്ചു. ചങ്ങനാശേരി സേക്രഡ് ഹാർട്ട് CISCE സ്കൂളിലെ വിദ്യാർത്ഥിനികൾ സ്വാഗതനൃത്തം അവതരിപ്പിച്ചു. റവ. സി. ജെഫി ജേക്കബ് FCC, റവ. സി. മെറീന മാത്യു FCC എന്നിവർ നേതൃത്വം നൽകിയ പ്രാർത്ഥനാശുശ്രൂഷയോടുകൂടി അനുമോദനസമ്മേളനം ആരംഭിച്ചു.

അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ സ്വാഗതം ആശംസിച്ചു. സംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ഉദ്ഘാടനം നിർവഹിച്ചു. ബംഗ്ലാദേശ് മുൻ വത്തിക്കാൻ പ്രതിനിധി അഭി. മാർ ജോർജ് കോച്ചേരി, ശ്രീ. കൊടിക്കുന്നിൽ സുരേഷ് MP, അഡ്വ. ശ്രീ. ജോബ് മൈക്കിൾ MLA, ചങ്ങനാശേരി നഗരസഭ ചെയർ പേഴ്സൺ ശ്രീമതി സന്ധ്യ മനോജ്, ചങ്ങനാശേരി അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ ഡോ. അനിത ജോസ്, CRI പ്രസിഡന്റ് റവ. സി. മേഴ്സി ASMI, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് വഴീപ്പറമ്പിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. അതിരൂപതയുടെ നന്ദിസൂചകമായി മെമെന്റോയും ഷംഷാബാദ് രൂപതയ്ക്കുള്ള ഉപഹാരവും മാർ തോമസ് പാടിയത്ത് പിതാവിന് ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം സമ്മാനിച്ചു. അതിരൂപതാ ചരിത്രപുസ്തകം മൂന്നാം വാല്യം രണ്ടാം പുസ്തകത്തിന്റെ ആദ്യ

പ്രതിയും അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ നിയമാവലിയും അഭി. മാർ ജോസഫ് പെരുന്തോട്ടം, അഭി. മാർ തോമസ് പാടിയത്തിനു കൈമാറി പ്രകാശനം ചെയ്തു. ശ്രീ. കൊടിക്കുന്നിൽ സുരേഷ് MP അഭി. മാർ തോമസ് പാടിയത്തിനെ പൊന്നാടയണിയിച്ച് ആദരിച്ചു. റവ. ഫാ. തോമസ് തൈക്കാട്ടുശേരിയുടെ നേതൃത്വത്തിൽ സദസ് ഗായകസംഘം മംഗളഗാനം ആലപിച്ചു. അതിരൂപതാ സിഞ്ചെല്ലൂസ് മോൺ. ജോസഫ് വാണിയപ്പുരക്കൽ സമ്മേളനത്തിനു കൃതജ്ഞത അർപ്പിച്ചു. സമ്മേള നത്തിനു മുമ്പായി ഇട്ടാവ മിഷനെക്കുറിച്ചുള്ള വീഡിയോ സദസിനു മുമ്പിൽ പ്രദർശിപ്പിച്ചു.

സഹായമെത്രാൻ മാർ തോമസ് തറയിൽ, സിഞ്ചെല്ലൂസ് മോൺ. ജോസഫ് വാണിയപ്പുരക്കൽ, ചാൻസലർ റവ. ഡോ. ഐസക് ആല ഞ്ചേരി, പ്രൊക്യുറേറ്റർ റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, മെത്രാ പ്പോലീത്തൻ പള്ളി വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ, റവ. ഡോ. തോമസ് കറുകക്കളം, റവ. ഫാ. ജോർജ് മാന്തുരുത്തിൽ, റവ. ഫാ. സെബാസ്റ്റ്യൻ ചാമക്കാല, റവ. ഫാ. ജോർജ് വെളിയത്ത്, റവ. ഫാ. ജോൺ വടക്കേക്കളം, അഡ്വ. ജോജി ചിറയിൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജേക്കബ് പാറയ്ക്കൽ**
(അതിരൂപതാ വൈസ് ചാൻസലർ)

**ഇഡബ്ല്യുഎസ്: സുപ്രീംകോടതി വിധിയെ സ്വാഗതം ചെയതു**

സാമ്പത്തിക സംവരണവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി ഭരണഘടനാ ബഞ്ചിന്റെ ഭൂരിപക്ഷവിധി ഇന്ത്യയിലെ വിദ്യാഭ്യാസ തൊഴിൽ അവസരങ്ങളിൽനിന്ന് കാലങ്ങളായി മാറ്റിനിർത്തപ്പെട്ട ദരിദ്രജനവിഭാഗത്തിനു ലഭിച്ച നീതിയാണെന്ന് സമിതി പരസ്യമായി പ്രസ്താവിച്ചു. മാറിവരുന്ന രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക ഘടനയിൽ ഇന്ത്യയിലെ സംവരണ സംവിധാനം പുനർവിചിന്തനത്തിന് വിധേയമാക്കപ്പെടേണ്ടതാണ്. സംവരണത്തിന്റെ കാലാവധി സംബന്ധിച്ച സുപ്രീംകോടതിയുടെ നിരീക്ഷണം വളരെ പ്രസക്തമാണ്. ഈ മതേതര രാഷ്ട്രത്തിൽ ജാതിയല്ല നീതിയാണ് പുലരേണ്ടത്. ജാതി രാഷ്ട്രീയത്തിന്റെ സമ്മർദ്ദതന്ത്രങ്ങളെ അതിജീവിച്ച് നീതി പുലർത്തുവാൻ ഭരണകൂടങ്ങൾ സന്നദ്ധമാകണമെന്നും സമിതി നിരീക്ഷിച്ചു.

**ദലിത് ക്രൈസ്തവ സംവംരണവിഷയത്തിൽ കേന്ദ്ര നിലപാടിനെതിരെ പ്രതിഷേധിച്ചു**

ഹിന്ദു, സിക്ക്, ബുദ്ധ മതങ്ങളിൽ വിശ്വസിക്കുന്ന പിന്നാക്ക വിഭാഗങ്ങളും മറ്റു മതങ്ങളിൽ വിശ്വസിക്കുന്ന പിന്നാക്കവിഭാഗങ്ങളും തമ്മിൽ സ്വദേശി-വിദേശി എന്ന തരത്തിലുള്ള വേർതിരിവുണ്ടെന്ന കേന്ദ്രസർക്കാർ നിലപാട് ഭരണഘടനാ വിരുദ്ധവും പ്രതിഷേധാർഹവുമാണെന്നും ഭരണഘടനയുടെ 25, 26 അനുച്ഛേദങ്ങൾ പ്രകാരം എല്ലാ മതങ്ങൾക്കും തുല്യപദവിയും തുല്യാവകാശങ്ങളുമുള്ളതെന്നും ഏതു മതത്തിൽ വിശ്വസിക്കുന്നതിനും എല്ലാ പൗരന്മാർക്കും സ്വാതന്ത്ര്യവുമുള്ളതാണെന്നും ഒന്നാംനൂറ്റാണ്ടിൽ തന്നെ ഇന്ത്യയിൽ വേരുറച്ച ക്രിസ്തുമതത്തെ വിദേശമതമെന്ന് മുദ്രകുത്തുന്നത് സമൂഹത്തിൽ അനാവശ്യമായ ധ്രുവീകരണങ്ങൾക്കും മതസ്പർദയ്ക്കും വഴിവയ്ക്കുമെന്നും സ്വാതന്ത്ര്യപ്രാപ്തി മുതൽ അവസരനിഷേധമനുഭവിക്കുന്ന ദലിത് ക്രൈസ്തവർക്ക് നീതി ഇനിയും അകലെയാണെന്നാണ് കേന്ദ്രസർക്കാരിന്റെ ഈ നിലപാട് അർത്ഥമാക്കുന്നതെന്നും അതിനാൽ രാഷ്ട്രീയ ദുരുദ്ദേശത്തോടെ സ്വീകരിച്ചിക്കുന്ന ഭരണഘടനാവിരുദ്ധവും അനീതിപരവുമായ ഈ നിലപാടിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണമെന്നും ഈ നിലപാട് തിരുത്താൻ കേന്ദ്രസർക്കാരിനോട് സംസ്ഥാനസർക്കാർ ശക്തമായി ആവശ്യപ്പെടണമെന്നും ജാഗ്രതാസമിതി പരസ്യപ്രസ്താവനയിൽ ആവശ്യപ്പെട്ടു.

**സമുദായ സമുദ്ധാരണ കർമ്മപദ്ധതി**

സീറോമലബാർ സഭ നടപ്പിലാക്കുന്ന സമുദായ സമുദ്ധാരണ കർമ്മപദ്ധതിയുടെ മാർഗരേഖ പ്രകാരമുള്ള ചർച്ചയും നിർദ്ദേശങ്ങളുടെ സമാഹരണവും പല തലങ്ങളിലായി നടത്തപ്പെട്ടു. ഒക്ടോബർ 16 ഞായറിന് ജാഗ്രതാസമിതി,

പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ്, സംഘടനാപ്രതിനിധികൾ എന്നിവരുടെ സംഘടനാമീറ്റിംഗ് നടത്തപ്പെട്ടു. ഒക്ടോബർ 23ന് ബിസിനസ് രംഗത്ത് പ്രവർത്തിക്കുന്ന അതിരൂപതാംഗങ്ങളുടെ പ്രതിനിധി സമ്മേളനം നടത്തപ്പെട്ടു. നവംബർ 6 ഞായറാഴ്ച അതിരൂപതയിൽനിന്നുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ മീറ്റിംഗ് നടത്തപ്പെട്ടു. ഈ മീറ്റിംഗുകളിൽനിന്നും ലഭിച്ച ക്രിയാത്മക നിർദേശങ്ങളും ചമ്പക്കുളം, മണിമല, മുഹമ്മ, ചങ്ങനാശേരി ഫൊറോനകൾ, കടുവാക്കുളം ഇടവക, സൺഡേസ്കൂൾ, പ്രസ്ബിറ്ററൽ കൗൺസിൽ, കുടുംബക്കൂട്ടായ്മ, കോർപ്പറേറ്റ് മാനേജ്മെന്റ്, സി.ആർ.ഐ. എന്നിവയുടെ പ്രത്യേകം പ്രത്യേകം നടത്തപ്പെട്ട മീറ്റിംഗുകളിൽനിന്നു ലഭിച്ച റിപ്പോർട്ടുകളും സമാഹരിച്ച് ഒരു റിപ്പോർട്ടാക്കി സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷന് സമർപ്പിച്ചു.

**കേരളപാഠാവലി നിവേദനം**

സംസ്ഥാന വിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയിരിക്കുന്ന കേരളപാഠാവലിയിലെ സാമൂഹ്യശാസ്ത്ര/ചരിത്ര പുസ്തകങ്ങളിലെ വസ്തുതാപരമായ പിശകുകളും ഇസ്ലാമികവത്കരണ പ്രവണതകളും ക്രൈസ്തവ നവോത്ഥാന ചരിത്രത്തോടുള്ള അവഗണനയും ചൂണ്ടിക്കാട്ടി മുഖ്യമന്ത്രിക്കും സംസ്ഥാന വിദ്യാഭ്യാസവകുപ്പിനും പാഠപുസ്തക പരിഷ്കരണസമിതിക്കും നിവേദനങ്ങൾ സമർപ്പിച്ചു.

**അഡ്വ. ജോജി ചിറയിൽ**
(പി.ആർ.ഒ.)

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)

## നിത്യതയിലേക്ക്



**സി. എസ്പിരിത്ത് യോഗ്യാവീട് CMC**

**"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു."** (2 തിമോ. 4:7)

## MAC TV ഒരുക്കുന്ന കരോൾഗാന മത്സരം ക്രിസ്മാക് – സീസൺ 3

ഒന്നാം സമ്മാനം – 15,000 രൂപ
രണ്ടാം സമ്മാനം – 10,000 രൂപ
മൂന്നാം സമ്മാനം – 7,500 രൂപ

MEDIA VILLAGE STUDIO ആയിരിക്കും മത്സരവേദി. ക്രിസ്തുമസിന് മുമ്പായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ദിവസം മത്സരത്തിന്റെ ഷൂട്ട് നടക്കും. ഓരോ ടീമിന്റെയും വീഡിയോ റിക്കോർഡ് ചെയ്ത് വ്യത്യസ്ത വീഡിയോ ആയി അപ്ലോഡ് ചെയ്യപ്പെടും. പിന്നീടാണ് മത്സരഫലം പ്രഖ്യാപിക്കുന്നത്. യുട്യൂബിൽ അപ്ലോഡ് ചെയ്യപ്പെടുന്ന വീഡിയോയുടെയും വ്യൂവേഴ്സ്, ലൈക്ക്സ്, സബ്ക്രിപ്ഷൻ എന്നിവ അനുസരിച്ചും നിശ്ചിത ശതമാനം മാർക്ക് നൽകപ്പെടും.

ഒരു ഇടവകയിൽനിന്ന് ഒരു ടീമിന് വികാരിയച്ചന്റെ സമ്മതപത്രത്തോടെ മത്സരത്തിൽ പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 10 ടീമിനായിരിക്കും മത്സരിക്കാനുള്ള അവസരം. 250 രൂപയായിരിക്കും രജിസ്ട്രേഷൻ ഫീസ്.

വീഡിയോ ഡിസംബർ 20 ന് MAC TVയിൽ അപ്ലോഡ് ചെയ്യും. ഡിസംബർ 31 രാത്രി 12 വരെയുള്ള വ്യൂവേഴ്സ്, സബ്സ്ക്രൈബേഴ്സ്, ലൈക്ക് എന്നിവയാണ് പരിഗണിക്കുന്നത്. ഇവയുടെ നിശ്ചിത ശതമാനം മാർക്ക്, പാട്ടിന് ലഭിക്കുന്ന മാർക്കിനോടൊപ്പം പരിഗണിക്കപ്പെടും.

* ഒരു ഗാനമാണ് പാടേണ്ടത്. CHAIN SONG പാടില്ല.
* കോപ്പിറൈറ്റിന് വിധേയമായേക്കാവുന്ന ഗാനങ്ങൾ ആലപിക്കാൻ പാടുള്ളതല്ല.
* ഏതുഭാഷയിലുള്ള ഗാനങ്ങളും ആലപിക്കാം.
* യാതൊരു തരത്തിലുമുള്ള കരോക്കെയും ഉപയോഗിക്കരുത്. സംഗീത ഉപകരണങ്ങൾ LIVE ആയി വായിക്കണം. കീബോർഡിൽ റിഥം ഉപയോഗിക്കുന്നതിന് തടസമില്ല.
* പാടാനുള്ള പരമാവധി സമയം 8 മിനിറ്റ് ആയിരിക്കും.
* പ്രായപരിധി ഉണ്ടായിരിക്കുന്നതല്ല. ഒരു ടീമിൽ ഗായകരും വാദ്യക്കാരും ഫ്ലോട്ടിൽ പങ്കെടുക്കുന്നവരുമുൾപ്പെടെ 12 പേർ വരെ ഉൾപ്പെടാം. പാട്ടുകാർ 9 പേരിൽ കൂടരുത്. പാടാൻ കുറഞ്ഞത് 7 പേർ എങ്കിലുമുണ്ടാകണം.
* വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും. മൂന്നുപേരടങ്ങുന്ന പ്രഗത്ഭരുടെ ടീമായിരിക്കും വിധിനിർണയം നടത്തുന്നത്. 70 ശതമാനം മാർക്ക് അവതരണത്തിനും 30 ശതമാനം യുട്യൂബുമായി ബന്ധപ്പെട്ട മറ്റ് മാനദണ്ഡങ്ങൾക്കും ആയിരിക്കും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9446856019 (MAC TV OFFICE) എന്ന നമ്പരിൽ ഓഫീസ് ടൈമിൽ വിളിക്കുക.

സ്നേഹപൂർവം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651) **ഫാ. ആന്റണി ഏത്തയ്ക്കാട്**
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പുതിയ ആരാധനക്രമവത്സരത്തിന്റെ ആരംഭത്തോടെ വിശ്വാസജീവിതത്തിന്റെ തുടർപരിശീലനത്തിനായുള്ള ഒരു അവസരം കൂടെ സഭാമാതാവ് നമുക്ക് നല്കിയിരിക്കുകയാണ്. രക്ഷാകരരഹസ്യങ്ങളുടെ ആഴങ്ങളിലേക്കു വീണ്ടും കടന്നുചെല്ലാനും നമ്മുടെ ജീവിതത്തിന്റെ ശരിയായ അർത്ഥം അവയിലൂടെ കണ്ടെത്താനും നമുക്കു പരിശീലിക്കാം. പ്രത്യേകിച്ച്, നമ്മുടെ രക്ഷകനായ ഈശോമിശിഹായുടെ പിറവിത്തിരുനാളിനൊരുക്കമായി ആരംഭിച്ചിരിക്കുന്ന ഇരുപത്തിയഞ്ച് നോമ്പിന്റെ പ്രാർത്ഥനാനിർഭരവും ത്യാഗപൂർണവുമായ ആചരണത്തിലൂടെ നമുക്കു ഉണ്ണി ഈശോയെ വരവേല്ക്കാൻ ഒരുങ്ങാം. 'ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വചനം എന്നിൽ നിറവേറട്ടെ' എന്നു പ്രാർത്ഥിച്ച പരി. മറിയത്തിന്റെ മാതൃകയിൽ നമുക്കും ദൈവതിരുമനസ്സിന് പൂർണമായും സമർപ്പിക്കാം. നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാളിന്റെയും നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവം നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

## അറിയിപ്പുകൾ

**2022 ഡിസംബർ**

1 വ്യാഴം : ഇരുപത്തഞ്ച് നോമ്പാരംഭം

3 ശനി : വി. ഫ്രാൻസിസ് സേവ്യർ, CLT Class - 19

4 ഞായർ : മംഗളവാർത്ത രണ്ടാം ഞായർ, ക്ലാസ്സ് – 27

8 വ്യാഴം : **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ** (ഓഫീസ് അവധി)

10 ശനി : ടീം മാനേജർമാരുടെയും വോളണ്ടിയർമാരുടെയും സംയുക്ത സമ്മേളനം സന്ദേശനിലയത്തിൽ, CLT Class - 20

11 ഞായർ : മംഗളവാർത്ത മൂന്നാം ഞായർ, ക്ലാസ്സ് – 28

17 ശനി : CLT Class - 21

18 ഞായർ : മംഗളവാർത്ത നാലാം ഞായർ, ക്ലാസ്സ് – 29, മൈലാപ്പൂരിലെ അത്ഭുതസ്ലീവ

25 ഞായർ : ക്രിസ്തുമസ്

28 ബുധൻ : കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)

30 വെള്ളി : **അതിരൂപതാ ബൈബിൾ കലോത്സവം**

31 ശനി : **അതിരൂപതാ ബൈബിൾ കലോത്സവം**

**2023 ജനുവരി**

1 ഞായർ : പിറവിക്കാലം ഒന്നാം ഞായർ, ക്ലാസ്സ് – 30

3 ചൊവ്വ : വി. കുര്യാക്കോസ് ഏലിയാസ് ചാവറ

6 വെള്ളി : ദനഹാത്തിരുനാൾ, കടമുള്ള ദിവസം

7 ശനി : CLT Class - 22

8 ഞായർ : ദനഹാക്കാലം ഒന്നാം ഞായർ, ക്ലാസ്സ് – 31

## അതിരൂപതാ ബൈബിൾ കലോത്സവം 2022 ഡിസംബർ 30, 31 തീയതികളിൽ

ഈ വർഷത്തെ അതിരൂപതാ ബൈബിൾ കലോത്സവം ഡിസംബർ 30, 31 തീയതികളിൽ ചങ്ങനാശേരി എസ്.ബി. ഹയർ സെക്കന്ററി സ്കൂളിൽ നടത്തപ്പെടും. 30–ാം തീയതി രാവിലെ 8.00 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിക്കുന്ന കലോത്സവം 31–ാം തീയതി വൈകുന്നേരം സമാപിക്കും. അതാതു ദിവസങ്ങളിലെ മത്സരങ്ങളുടെ സമ്മാനം അന്നേ ദിവസം വൈകുന്നേരം നൽകുന്നതാണ്. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്നു താല്പര്യപ്പെടുന്നു. കലോത്സവത്തിനുള്ള ടീം മാനേജർമാരുടെയും വോളണ്ടിയർമാരുടെയും സംയുക്ത സമ്മേളനം **ഡിസംബർ 10 ശനി ഉച്ചകഴിഞ്ഞ് 3 മണിക്ക്** സന്ദേശനിലയത്തിൽ നടത്തപ്പെടുന്നു.

## CRT Visit

ഈ വർഷത്തെ CRT സന്ദർശനം ആരംഭിച്ചിരിക്കുകയാണ്. CRT വിസിറ്റുമായി ബന്ധപ്പെട്ട് സൺഡേസ്കൂളുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രധാനാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ നല്കിയിട്ടുള്ളത് ശ്രദ്ധിച്ച് വേണ്ടമുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്. 2023 ജനുവരി 1–ാം തീയതിയ്ക്ക് മുമ്പായി CRT വിസിറ്റ് പൂർത്തിയാക്കേണ്ടതാണ്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## അതിരൂപതാ മതാധ്യാപക നേതൃസംഗമം 2023

അതിരൂപതാ മതാധ്യാപക നേതൃസംഗമം 2023 ജനുവരി 26 വ്യാഴാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ നടത്തപ്പെടുന്നു. മതാധ്യാപന മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെ നേതൃസംഗമത്തിൽ ആദരിക്കുന്നതാണ്. ഫൊറോന സെക്രട്ടറിമാർ, CRT അംഗങ്ങൾ, അതിരൂപതയിലെ മുഴുവൻ സൺഡേസ്കൂളിലെയും ഹെഡ്മാസ്റ്റർമാർ, ഓഫീസ് സെക്രട്ടറിമാർ, സ്റ്റാഫ് സെക്രട്ടറിമാർ എന്നിവർ പങ്കെടുക്കേണ്ടതാണ്. രജി ഫീസ്. 100 രൂപ. മതാധ്യാപനരംഗത്തെ ജൂബിലേറിയൻസിന്റെ ബയോഡേറ്റ, ഫോട്ടോ, വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവയോടെ 2022 ഡിസംബർ 31 മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്.

## ആഘോഷമായ വി. കുർബാന സ്വീകരണത്തിനുള്ള പുസ്തകം

ആഘോഷമായ വി. കുർബാന സ്വീകരണ ഒരുക്കത്തിനായി ഈ വർഷം സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ പുറത്തിറക്കിയിരിക്കുന്ന 'ഈശോയെ

സ്വീകരിക്കാൻ' എന്ന പുസ്തകമാണ് ഉപയോഗിക്കുക. ഡിസംബർ 10 മുതൽ പുസ്തകങ്ങൾ സന്ദേശനിലയം ഓഫീസിൽ ലഭ്യമായിരിക്കും.

**2022 വർഷത്തെ SMCC സഭാപ്രതിഭാശില്പശാലയിൽ അതിരൂപതാതലത്തിൽ തിര ഞ്ഞെടുക്കപ്പെട്ട കുട്ടികൾ**

**ആൺകുട്ടികൾ**

1. അഗസ്റ്റിൻ ജോർജ് - സെന്റ് ജോർജ് സൺഡേസ്കൂൾ മുഹമ്മ
2. അലൻ അംബ്രോസ് - സെന്റ് മേരീസ് സൺഡേസ്കൂൾ പുളിങ്കുന്ന്
3. ജിത്തു ബിനോ - സെന്റ് ജോർജ് സൺഡേസ്കൂൾ അമ്പൂരി

**പെൺകുട്ടികൾ**

1. ബ്ലെസി ബിനു - ഫാത്തിമ മാതാ സൺഡേസ്കൂൾ പള്ളിക്കൂട്ടുമ്മ
2. അൻസു ഡെന്നി - ഹോളി ഫാമിലി സൺഡേസ്കൂൾ കുമരകം
3. ജാസ്മിൻ ജോസഫ് - ഡോൺബോസ്കോ സൺഡേസ്കൂൾ ചെത്തിപ്പുഴ

ഒന്നും രണ്ടും സ്ഥാനത്തിന് അർഹരായവർ ഡിസംബർ 28, 29, 30 തീയ തികളിൽ കാക്കനാട് നടക്കുന്ന സഭാതല പ്രതിഭാ അവാർഡ് മത്സരത്തിൽ പങ്കെടുക്കും.

**ആദരാഞ്ജലികൾ**

താഴത്തങ്ങാടി സൺഡേസ്കൂൾ അധ്യാപകൻ അസ്സീസ്സി നെറ്റിക്കാട ന്റെയും പെരുന്ന സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ രാജു ചാക്കോയുടെ പിതാവി ന്റെയും മഹേന്ദ്രപുരം സൺഡേസ്കൂൾ അധ്യാപകൻ ജോർഡി വർഗ്ഗീസിന്റെ പിതാവിന്റെയും വാഴപ്പള്ളി ഹോളിമേരി സൺഡേസ്കൂൾ അധ്യാപിക സി. റോസ്മിൻ കളത്തിപ്പറമ്പിൽ എസ്.എ.ബി.എസ്. ന്റെ പിതാവിന്റെയും ചെത്തി പ്പുഴ സൺഡേസ്കൂൾ അധ്യാപകൻ അലൻ എം. ജോർജിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബത്തിന്റെ അനുശോച നവും പ്രാർത്ഥനയും അറിയിക്കുന്നു.

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദൂതുമായി ഒരു ക്രിസ്തുമസ് കാലം കൂടി സമാഗതമായി. അതിരൂപത മിഷൻലീഗ് ഒരുക്കുന്ന 'ഉണ്ണിയെതേടി' എന്ന സുകൃത കലണ്ടറിന്റെ സഹായത്തോടെ സുകൃതങ്ങൾ അഭ്യസിച്ചും 25 നോമ്പ് എടുത്തും അനുരഞ്ജനകൂദാശ സ്വീകരിച്ചും 25 ദിവസം വിശുദ്ധ കുർബാനയിൽ പങ്കെടുത്തും ക്രിസ്തുമസ്സിനായി നമുക്ക് ഒരുങ്ങാം. ഇടവകതല മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി സമാപനവും ഡിസംബർ 28-ാം തീയതി അതിരൂപതാതല ജൂബിലി സമാപനവും വളരെ മനോഹരമായി കൊണ്ടാടാം. സമാഗതമാകുന്ന പരി. അമ്മയുടെ അമലോത്ഭവതിരുനാളിന്റെയും കർത്താവീശോമിശിഹായുടെ പിറവിത്തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**ഡിസംബർ**

1 വ്യാഴം : ഇരുപത്തഞ്ച് നോമ്പാരംഭം

3 ശനി : വി. ഫ്രാൻസിസ് സേവ്യർ

8 വ്യാഴം : **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ** (ഓഫീസ് അവധി)

10 ശനി : അതിരൂപതാതല എക്ലേസിയ ക്വിസ്, മിഷൻ ആന്തമത്സരം, മിഷൻ വോയ്സ്പത്രം അതിരൂപതാ ഓഫീസിൽ സമർപ്പിക്കേണ്ട അവസാനതീയതി

11 ഞായർ : ബത്‌ലഹേം മീറ്റ്, പഠനഗ്രന്ഥ ചർച്ച, 'സ്നേഹവീടുകളിലേയ്ക്ക്' ശാഖയിൽ

17 ശനി/18 ഞായർ : പ്ലാറ്റിനം ജൂബിലി സമാപന ആഘോഷങ്ങൾ യൂണിറ്റിൽ (17 ശനിയാഴ്ചയോ 18 ഞായറാഴ്ചയോ) സംഘടിപ്പിക്കേണ്ടതാണ്.

25 ഞായർ : ക്രിസ്തുമസ്

27 ചൊവ്വ : ദൈവവിളി സെമിനാർ

28 ബുധൻ : കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം), **അതിരൂപതാതല പ്ലാറ്റിനം ജൂബിലി സമാപനറാലിയും ആഘോഷവും**

## എക്ലേസിയ ക്വിസ്, മിഷൻ ആന്തമത്സരം

എക്ലേസിയ ക്വിസ്, മിഷൻ ആന്തമത്സരം എന്നിവ ഡിസംബർ 10 ശനിയാഴ്ച രാവിലെ 9.30ന് സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ. ഉച്ചഭക്ഷണം ആവശ്യമുള്ളവർ അതിരൂപതാ ഓഫീസിൽ ഡിസംബർ 5 ന് മുമ്പായി അറിയിക്കേണ്ടതാണ്. ഉച്ചഭക്ഷണത്തിന് 100 രൂപയായിരിക്കും. എല്ലാ മേഖലകളുടെയും പൂർണമായ സഹകരണം പ്രതീക്ഷിക്കുന്നു.

## പ്ലാറ്റിനം ജൂബിലി സമാപനം ശാഖയിൽ

ഡിസംബർ 17 ശനിയാഴ്ചയോ 18 ഞായറാഴ്ചയോ പ്ലാറ്റിനം ജൂബിലി സമാപന ആഘോഷങ്ങൾ യൂണിറ്റിൽ സംഘടിപ്പിക്കേണ്ടതാണ്. വി. കുർബാനയ്ക്കു മുമ്പ് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പതാക ഉയർത്തേണ്ടതാണ്. വി. കുർബാനയ്ക്കുശേഷം പ്ലാറ്റിനം ജൂബിലി പ്രാർത്ഥന ഒന്നിച്ചു ചൊല്ലുകയും ആന്തം ആലപിക്കുകയും ചെയ്യേണ്ടതാണ്. യൂണിറ്റിന്റെ സാഹചര്യമനുസരിച്ച് റാലി, എക്സിബിഷൻ, സമ്മേളനങ്ങൾ, അംഗങ്ങളെ ആദരിക്കൽ എന്നിവ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. പ്രോഗ്രാമുകളുടെ ഫോട്ടോകൾ ഒന്നോ രണ്ടോ കൊളാഷ് രൂപത്തിലാക്കി അതിരൂപതാ ഓഫീസ് നമ്പറിലേയ്ക്കു വാട്സ്ആപ്പ് ചെയ്യേണ്ടതാണ്.

## പ്ലാറ്റിനം ജൂബിലി സമാപന റാലി

അതിരൂപതാതല പ്ലാറ്റിനം ജൂബിലി സമാപനറാലിയും ആഘോഷവും ഡിസംബർ 28 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് മിഷൻലീഗ് സ്ഥാപക പിതാവ് മാർ ജയിംസ് കാളാശ്ശേരിയുടെ കബറിടം സ്ഥിതിചെയ്യുന്ന കത്തീഡ്രൽ അങ്കണത്തിലെ കബറിടപ്പള്ളിയിൽ നിന്നും കുഞ്ഞുമിഷനറിമാർ എസ്.ബി കോളേജ് ഇൻഡോർ സ്റ്റേഡിയത്തിലേയ്ക്ക് റാലിയായി എത്തിച്ചേരും. അഭി. പിതാക്കൻമാർ റാലിയെ അഭിസംബോധന ചെയ്യും. റാലിയിലെ മികച്ച ഭാഗഭാഗിത്വത്തിനു യൂണിറ്റ് തലത്തിൽ സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## ഉണ്ണിയെ തേടി

ക്രിസ്തുമസിന് ഒരുക്കമായ 25 നോമ്പുകാലത്ത് 'ഉണ്ണിയെ തേടി' പുൽക്കൂട്ടിലേക്ക് യാത്ര ചെയ്യാം. പുണ്യങ്ങളും സുകൃതങ്ങളും അഭ്യസിച്ചും ആശയടക്കിയും ഈശോയുടെ ജനനത്തിനായി ഒരുങ്ങാം. അതിരൂപതയിൽ നിന്ന് നൽകപ്പെടുന്ന പോസ്റ്റർ എല്ലാ കുഞ്ഞുമിഷണറിമാർക്കും നൽകുകയും കുട്ടികൾ അതത് ദിവസത്തിന്റെ സുകൃതങ്ങൾ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമല്ലോ. വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്ന കുട്ടികളുടെ സുകൃത കലണ്ടറിൽ അധ്യാപകർ ഒപ്പിടാനും ശ്രദ്ധിക്കുമല്ലോ.

ലഹരിക്കെതിരായുള്ള പോരാട്ടമാണ് ഈ വർഷത്തെ 'ഉണ്ണിയെ തേടി'യുടെ വിഷയം. ഇരുപത്തിയഞ്ച് നോമ്പിന്റെ ഭാഗമായി കുഞ്ഞുമിഷനറിമാർ ചെയ്യുന്ന ചെറിയ പരിത്യാഗങ്ങളുടെ ഫലമായി മിച്ചം ലഭിക്കുന്ന തുക ശാഖാതലത്തിൽ സമാഹരിച്ച് ലഭിക്കുന്ന തുകയുടെ പകുതി ശാഖാതല പ്രവർത്തനങ്ങൾക്കും ബാക്കി തുക അതിരൂപത ഓഫീസിലും ഏല്പിക്കണ

മെന്ന് താത്പര്യപ്പെടുന്നു. അതിരൂപതയുടെ നേതൃത്വത്തിലുള്ള ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി ആ തുക വിനിയോഗിക്കുന്നതായിരിക്കും.

**ദൈവവിളി സെമിനാർ**

ഈ വർഷത്തെ അതിരൂപതാ ദൈവവിളി സെമിനാർ 2022 ഡിസംബർ 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 9:30 മുതൽ വൈകുന്നേരം 3:30 വരെ നടത്തപ്പെടുന്നു. ആൺകുട്ടികൾക്ക് കുറിച്ചി മൈനർ സെമിനാരിയിലും പെൺകുട്ടികൾക്ക് സന്ദേശനിലയത്തിലുമാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്. വൈദിക സന്യസ്ത ജീവിതാന്തസ്സുകളിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന VIII മുതൽ XII വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെയും മറ്റു ഡിഗ്രി കോഴ്സുകൾ പഠിക്കുന്നവരെയും പ്രസ്തുത സെമിനാറിലേയ്ക്ക് പറഞ്ഞയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു. രജി. ഫീസ് 100 രൂപയായിരിക്കും. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ഡിസംബർ 15 നകം അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**ക്രിസ് കാർഡ് മത്സരം**

ഡിജിറ്റൽ യുഗത്തിൽ ജീവിക്കുന്ന നമുക്ക് ഉണ്ണിശോയ്ക്ക് ഒരു കാർഡ് നിർമ്മിക്കാം. അത് ഉണ്ണീശോയും കൂടിയുള്ള ഒരു കാർഡ് ആയിരിക്കട്ടെ. ഡിസംബർ 20ന് മുൻപായി സ്വന്തം ശാഖകളിൽ ക്രിസ്കാർഡ് വരച്ച് തയ്യാറാക്കണം. അതിൽ ഏറ്റവും മികച്ച രണ്ടെണ്ണം ഡിസംബർ 30-ാം തീയതിക്കു മുൻപ് അതിരൂപതാ ഓഫീസിൽ ഏൽപ്പിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്കായി മാർഗരേഖ പേജ് 36 കാണുക).

**പ്രത്യേക ശ്രദ്ധയ്ക്ക്**

അതിരൂപതാ വിഹിതം, ദൈവവിളി ഫണ്ട്, മിഷൻ ഞായറിനോടനുബന്ധിച്ച് സമാഹരിച്ച മിഷൻ ഫണ്ട് എന്നിവ അതിരൂപതാ ഓഫീസിൽ എത്രയും വേഗം അടയ്ക്കുവാൻ ശ്രദ്ധിക്കണമേ.

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

മംഗളവാർത്ത കാലത്തിലേക്ക് നാം പ്രവേശിച്ചു കഴിഞ്ഞല്ലോ. ഉണ്ണീശോയ്ക്ക് ജനിക്കുന്നതിനായി നമ്മുടെ ഹൃദയങ്ങളിൽ നമുക്കു പുൽക്കൂട് ഒരുക്കാം. നാം കഴിഞ്ഞവർഷം തുടക്കംകുറിച്ച ഏകവർഷ ബൈബിൾകോഴ്സ് തീരുകയാണ്. പുതിയ ബാച്ച് ഡിസംബർമാസം ആരംഭിക്കും. വി. ഗ്രന്ഥത്തെക്കുറിച്ച് ആഴമായ അറിവു പകർന്നുനൽകുന്ന ഈ കോഴ്സിൽ 50 ക്ലാസുകളിലായി 11 വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നു. താല്പര്യമുള്ളവർ ഗൂഗിൾ ഫോം പൂരിപ്പിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരു വർഷംകൊണ്ട് സമ്പൂർണ്ണ ബൈബിൾ എഴുതി പൂർത്തിയാക്കുന്നതിനായി ആരംഭിച്ച ബൈബിൾ കൈയെഴുത്ത് തുടർന്നു വരുന്നു. പുതിയ ബാച്ച് ഡിസംബറിൽ ആരംഭിക്കും. ചേരാൻ ആഗ്രഹിക്കുന്നവർ ഗൂഗിൾ ഫോമിലൂടെ പേര് രജിസ്റ്റർ ചെയ്യണം. നമ്മുടെ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ദീപിക തീവ്രപ്രചാരണവും കോഫി ചലഞ്ചും, നൂറുമേനി ബൈബിൾ മനഃപാഠ മത്സരവും എല്ലാ ഇടവകകളും ഇതിനോടകം അർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുത്തിരിക്കുന്നതിലുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. ഈ വർഷം KCBC സംഘടിപ്പിച്ച ലോഗോസ് ക്വിസ് മത്സരത്തിൽ നമ്മുടെ രൂപതയിൽനിന്നും സംസ്ഥാനമത്സരത്തിൽ B കാറ്റഗറിയിൽ അലീന ജയ്മോൻ തിരുത്തകരയിൽ, ലിറ്റിൽ ഫ്ളവർ ആർപ്പൂക്കര ഒന്നാം സ്ഥാനവും F കാറ്റഗറിയിൽ വത്സമ്മ സ്കറിയ, സെന്റ് ജോർജ് തോട്ടയ്ക്കാട് രണ്ടാം സ്ഥാനവും ലോഗോസ് ഫാമിലി ക്വിസിൽ ആർപ്പൂക്കര ലിറ്റിൽ ഫ്ളവർ ഇടവകയിൽ നിന്നുള്ള ജയ്മോൻ തിരുത്തകരയിലിന്റെ കുടുംബം ഒന്നാം സ്ഥാനവും കരസ്ഥമാക്കുകയുണ്ടായി. എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ.

അഭി. പിതാക്കന്മാരുടെ നിർദ്ദേശമനുസരിച്ച് കുടുംബക്കൂട്ടായ്മാതല തെരഞ്ഞെടുപ്പുകൾ എത്രയുംവേഗം പൂർത്തിയാക്കുമല്ലോ.

വർദ്ധിച്ച ഉത്സാഹത്തോടെ അതിരൂപതയോടു ചേർന്നുനിന്നുകൊണ്ട് എല്ലാ പ്രവർത്തനങ്ങൾക്കും നമുക്കൊന്നായി നേതൃത്വം നൽകാം.

ദൈവാനുഗ്രഹങ്ങൾ നേരുന്നു

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)

**ഏകവത്സര ബൈബിൾ കോഴ്സ്**

ചങ്ങനാശേരി അതിരൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഏകവത്സര ബൈബിൾകോഴ്സിന്റെ രണ്ടാംബാച്ച് പ്രവേശനത്തിനുള്ള ഗൂഗിൾ ഫോം ഇതിനോടൊപ്പം എല്ലാവർക്കും ലഭിച്ചിട്ടുണ്ടെന്നു കരുതുന്നു. ഒരു വർഷംകൊണ്ട് ബൈബിളിലെ പുസ്തകങ്ങളെക്കുറിച്ച് അറിവ് നൽകുക, ബൈബിൾ മുഴുവൻ വായിക്കുക എന്ന ഉദ്ദേശങ്ങളോടെ ആരംഭി

ക്കുന്ന ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഗൂഗിൾ ഫോം ഡിസംബർ 4-ാം തീയതിക്കകം പൂരിപ്പിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

ആദ്യം രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന 100 പേർക്കാണ് കോഴ്സിൽ പ്രവേശനം ലഭിക്കുന്നത്. കോഴ്സ് ഫീയായി 500 രൂപ നൽകേണ്ടതാണ്.

Gpay no: 8330035348 (Amount അയക്കുമ്പോൾ പേര് രേഖപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ)

**ബൈബിൾ കയ്യെഴുത്ത്**

സമ്പൂർണ്ണ ബൈബിൾ ഒരു വർഷംകൊണ്ട് എഴുതി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ അതിരൂപതാ കുടുംബക്കൂട്ടായ്മ ബൈബിൾ അപ്പോസ്ത ലേറ്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ബൈബിൾ കയ്യെഴുത്ത് പ്രഥമ ബാച്ച് തുടർന്നുവരുന്നു.

ഡിസംബർ മാസത്തിൽ അടുത്ത ബാച്ച് ആരംഭിക്കുന്നതാണ്. അടുത്ത ബാച്ചിൽ ചേരാൻ ആഗ്രഹിക്കുന്നവർ പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ എന്നിവ 7306208356 എന്ന നമ്പരിലേയ്ക്ക് വാട്സാപ്പിലൂടെ അറിയിക്കേണ്ട താണ്. ഗൂഗിൾ ഫോം പൂരിപ്പിച്ചും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ബൈബിൾ മാസാചരണവും സമ്പൂർണ്ണ ബൈബിൾ വായന ആരംഭവും**

കെ.സി.ബി.സി. യുടെ ആഹ്വാനമനുസരിച്ച് ബൈബിൾ മാസാചരണത്തോട നുബന്ധിച്ച് 2022 നവംബർ 27-ാം തീയതി നമ്മുടെ അതിരൂപതയിൽ സമ്പൂർണ്ണ ബൈബിൾ വായനയ്ക്ക് ആരംഭം കുറിച്ചു. ചങ്ങനാശേരി മെത്രാപ്പോലിത്തൻ പള്ളിയിൽ വൈകുന്നേരം റംശാപ്രാർത്ഥനയ്ക്കുശേഷം വികാരി ജനറാൾ വെരി റവ. ഡോ. ജയിംസ് പാലയ്ക്കൽ വിശുദ്ധഗ്രന്ഥം വായിച്ചുകൊണ്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു.

**കെ.സി.ബി.സി. ബൈബിൾ ഞായർ ആചരണവും അഖണ്ഡ ബൈബിൾ വായനയും**

2022 ഡിസംബർ 16 വെള്ളിയാഴ്ച വൈകുന്നേരം 5.45 ന് കത്തീഡ്രൽ പള്ളി യിൽ അഭി. പിതാവ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനകർമ്മം നിർവഹി ക്കും. 6 മുതൽ 7 വരെ ബൈബിൾ പാരായണം നടക്കുന്നു. 17-ാം തീയതി ശനി യാഴ്ച രാവിലെ 7.45 മുതൽ വൈകുന്നേരം 5.00 മണിവരെ വിവിധ കോൺഗ്രി ഗേഷനുകളുടെയും കത്തീഡ്രൽ കുടുംബക്കൂട്ടായ്മയുടെയും നേതൃത്വത്തിൽ അഖണ്ഡ ബൈബിൾ വായന തുടരുന്നതാണ്. എല്ലാ ഇടവക ദേവാലയങ്ങളിലും ഇപ്രകാരം ക്രമീകരിക്കുന്നത് അഭികാമ്യമാണ്.

**സമ്പൂർണ്ണ ബൈബിൾ പാരായണ മാർഗ്ഗരേഖ**

ഡിസംബർ മാസം ബൈബിൾ മാസമായി ആരംഭിക്കുവാനുള്ള കെ.സി.ബി. സി. യുടെ ആഹ്വാനമനുസരിച്ച് ചങ്ങനാശേരി അതിരൂപതാ ബൈബിൾ അപ്പോ സ്തലേറ്റ് വിഭാഗം ഒരുവർഷംകൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാതൃക നല്കുകയാണ്. 2022 ഡിസംബർ 1-ാം തീയതി ഇതിന് ആരംഭം കുറിക്കുന്നു.

ഡിസംബർ മാസത്തെ വായനയ്ക്കുള്ള ബൈബിൾ ഭാഗങ്ങൾ ഇതിനോടൊപ്പം ചേർക്കുന്നു.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **2022 ഡിസംബർ** | | | 13. | മർക്കോസ് | 10-12 | 26. | യോഹന്നാൻ | 9-11 |
| 1. | മത്തായി | 1-4 | 14. | മർക്കോസ് | 13-16 | 27. | യോഹന്നാൻ | 12-14 |
| 2. | മത്തായി | 5-7 | 15. | ലൂക്കാ | 1-2 | 28. | യോഹന്നാൻ | 15-17 |
| 3. | മത്തായി | 8-9 | 16. | ലൂക്കാ | 3-5 | 29. | യോഹന്നാൻ | 18-21 |
| 4. | മത്തായി | 10-11 | 17. | ലൂക്കാ | 6-8 | 30. | അപ്പ. പ്രവ. | 1-2 |
| 5. | മത്തായി | 12-14 | 18. | ലൂക്കാ | 9-11 | 31. | അപ്പ. പ്രവ. | 3-5 |
| 6. | മത്തായി | 15-17 | 19. | ലൂക്കാ | 12-14 | **2023 ജനുവരി** | | |
| 7. | മത്തായി | 18-20 | 20. | ലൂക്കാ | 15-17 | 1. | അപ്പ. പ്രവ. | 6-8 |
| 8. | മത്തായി | 21-25 | 21. | ലൂക്കാ | 18-20 | 2. | അപ്പ. പ്രവ. | 9-11 |
| 9. | മത്തായി | 26-28 | 22. | ലൂക്കാ | 21-24 | 3. | അപ്പ. പ്രവ. | 12-14 |
| 10. | മർക്കോസ് | 1-3 | 23. | യോഹന്നാൻ | 1-2 | 4. | അപ്പ. പ്രവ. | 15-17 |
| 11. | മർക്കോസ് | 4-6 | 24. | യോഹന്നാൻ | 3-5 | 5. | അപ്പ. പ്രവ. | 18-20 |
| 12. | മർക്കോസ് | 7-9 | 25. | യോഹന്നാൻ | 6-8 | | | |

**അഭിനന്ദനങ്ങൾ**

ഈ വർഷത്തെ ലോഗോസ് ക്വിസ് ഫൈനൽ മത്സരത്തിൽ സംസ്ഥാന തലത്തിൽ ബി വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ അലീന ജെയ്മോൻ തിരുത്തകരയിൽ ലിറ്റിൽ ഫ്ളവർ ആർപ്പൂക്കര, എഫ് വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ വത്സമ്മ സ്കറിയ അമ്പലത്തട്ടിൽ സെന്റ് ജോർജ് തോട്ടയ്ക്കാട്, ഫാമിലി ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ റാണി ജെയ്മോൻ, അലീന ജെയ്മോൻ, അന്നു ജെയ്മോൻ എന്നിവർക്ക് അതിരൂപതയുടെ അഭിനന്ദനങ്ങൾ.

## LOGOS QUIZ RANK HOLDERS – 2022

### A- Category

Ansa Sunnesh Parakkulathil, St. Mathew's Kottackuppuram - First
Rejoice P Varghese Puthenpurackal Padinjarethil, Pacha - Second
Angel Liju Kanicheril, St. George Muttar Old - Third

### 4th Rank Holders

Daniel John Neelamkavil, Mother Theresa Kannammoola
Anet Philip Muthirapparampil, Little Flower Madappally
Aliya Joshy Punnaparampil, St. Xavier's Puthukkary
Joseph Alex Tony Yogyaveedu, St. George Forane Muhamma
Angel Maria Joseph Marattil Thakidiyil, St. Antony's Thadiyoor
Teena Lukose Karukamalayil, Bethlahem Parampuzha
Jitto Justin Mampallil, Christ The King Forane Kollam - Ayoor

**5th Rank Holders**

Sanitha Treesa Sijo Veluthedathparampil, St. Joseph's Karyavattom
Mariam Bobby Vengamthara, St. George Cheeramchira
Albin Antony Nedumalacheruvil, St. Antony's Thadiyoor
Sheba Elsa Sabu Ariyankala Puthenparampil, St. Xavier's Forane Thrikodithanam
Rose Maria Shaji Plathottathil, St. Sebastian's Cheruvandoor
Alphin Joseph Veleparampil, Lourdes Matha Pacha - Chekkikadu
Abin Saji Mattathil, Christ The King Forane Kollam - Ayoor
Ann Mary Prince Marattukalam, Holy Family Thirumala
Joseph Thomas Ettolil, St. Joseph's Karyavattom
Alfred Rajesh Joseph Pathaparampil, Lourdes Matha Thazhathuvadakara
Mereeta Elizabath Babu, St. Xavier's Arpookkara
Sara Jortin Varappally, St. Reetha's Kannady
Alphonsa Joby Andookkala, Bethlahem Parampuzha
Angel Treesa Joby Patterkalam, St. Gregorios Kidangara
Milan Dominic Cherukattil, St. Mary's Vettimukal

**B- Category**

Aleena Jaimon Thiruthakarayil, Little Flower Arpookkara - First
Joyel Jomon Pathinanchil, St. Thomas Ashramam Kavalam - Second
Sanaya Saitus Vattappillil, St. Peter's Vizhinjam - Third

**4th Rank Holders**

Kevin Jijo Vekathanam, St. Rita's Athirampuzha
Glory James Thadakkayickal, St. Antony's Forane Kurumpanadom
Suhitha Theresa Auseparampil, Little Flower Arpookkara
Gloria Antony Koodathil, St. Alphonsa Pongummood
Gladis Rose Joby Pampottithara, St. Mary's Metropolitan Changanacherry
Jiyamol Jose Anakkallunkal, Sacred Heart Pangada
Adona T Sajan Thinapparampil, St. Xavier's Forane Thrickodithanam

**5th Rank Holders**

Annu Jaimon Thiruthakarayil, Little Flower Arpookkara
Aleena Lemba Kaippanplackal, St. Antony's Thadiyoor
Angel Rose Abilash Perincheril, St. John The Baptist Forane Nedumkunnam
Nirmal Jacob Thomas Panthappallil, Nithasahaya Matha Karavaloor
Jessil Maria Zacharia Chakkalackal, St. Mary's Ariyankavu
Emmanuel Sibichan, St. George Edathua
Christin A.K., Kollamparampil, St. Rita's Kannady
Agnes Clair Liju Kanicherril, St. George Muttar
Michelle Asnna Job Villuviruthil, St. Paul's Vezhapra

Antony Joffin Thekkath, St. Mary's Mundupalam
Christo Philson Maliackal, Fathima Matha Pallikkoottumma
Treesa James Vattappara ,St. Xavier's Forane Thrickodithanam
Elizabath Joseph Pulickal, Lourdes Matha Aruvikuzhy
Ann Shomy Parinkimalil, St. Alphonsa Pongummood
Adheen Jinoj Thoppil, St. Mary's Vadakkekara
Alwin V. Shaji Illimuttil, St. Mary's Vadakkekara

**C- Category**

Sumy George Pazhayapurackal, St. Mary's Forane Athirampuzha - First
Roshina Joseph, St. Mary's Ithithanam - Second
Sr. Christeena ASMI, St. George Cheeramchira - Third

**4th Rank Holders**

Aswathy A. Kalambukatte, Nithyasahaya Matha Karavalloor
Jithya Mary Shibu Nediyackal, St. Mary's Narikkalle
Amal Sabu Kizhakkenalloor, Lourdes Matha Paippad
Jisa George Kurikkatte, St. Joseph's Champakkara
Sr. Rintumol Jose FCC, Devamatha Provincial House, Changanacherry
Emil Antony Kizhakkenelloor, Lourdes Matha Paippad
Annie Benny Ampatt, St. Xavier's Forane Thrickodithanam

**5th Rank Holders**

Divya Mathew Ananthakkat, Nithyasahaya Matha Karavalloor
Sr. Alphy Anna Antony FCC, St. Gregorios Mannarkunnu
Sneha Sunny Thundiyil, St. John The Baptist Forane Nedumkunnam
Mereena Joseph Pananthompuram, Sacred Heart Pangada
Sr. Elseena SH, St. Antony's Puthuppally
Sr. Seena Rose SH, St. Antony's Puthuppally
Aleena Maria Philip Thottiparampil, St. Antony's Thadiyoor
Nidhin John Mariyanidhi, Lourdes Forane Kottayam
Anju Rose Antony Vaniyapurackal, St. Rita's Kannady
Sr. Blessy Maria SH, St. Antony's Puthuppally
Antony Joseph, St. John The Baptist Forane Nedumkunnam
Jeena Sebastian, SD Provincial House, Chethipuzha
Ancy A. Kudathinal, Nithyasahaya Matha Karavaloor
Aleena Lambai , St. Antony's Thadiyoor
Mareetta Jose Kaippalliyil, Holy Maggie Forane Manimala

**D- Category**

Sr. Cicy Maria Parappallil SABS, St. George Forane Edathua - Koilmuk - First
Nidhi Anton Kailath, St. Antony's Forane Kurumpanadom - Second
Aswathy Sunny Mundiyangal, Lourdes Matha Kallooppara - Third

**4th Rank Holders**

Sugatha George Symphony, Venganoor, St. Peter's Vizhinjam
Sherin Sovichan Chennattussery, St. Antony's Thiruvalla
Sr. Gladis Therese CMC, Carmel Convent Ezhumattoor
Manju Manoj Manalody, Mar Sleeva Forane Pazhavangady
Sherlikutty Antony Pathinanchil, St. Thomas Asramam, Kavalam
Joma Philip Kinganamchira, Lourdes Matha Paippad
Asha Lijo Kadukkathara, St. Joseph's Kondackal

**5th Rank Holders**

Bijo T.C., Thekkekara, St. Mary's Mundupalam
Treesa Mathew, St. Mary's Mundupalam
Bindu Sabu Kizhakkenallor, Lourdes Matha Paippad
Lizy Jose Anakkallunkal, Sacred Heart Pangada
Mini George, Lourdes Forane Kottayam
Sr. Tincy Jose MLF, St. Joseph's Kurichy
Francis George Manalady, St. Antony's Vaisyambhagam
Mangala Francis Kalamparamban, Emmavus Sreekaryam
George Mathew Kirankeriparampil, Mar Geevarghese Sahada Kesavadasapuram
Sonia Johnson Chathanattu Puthenpurackal, Little Flower Kollad
Sini Tom Manjamattom, St. Mary's Thekkupara
Beena Varghese Anchil, St. Xavier's Puthukkary
Filsy Sanal Thuruthelmathichy, St. Gregorios Kidangara
Blessy Arupathilchira, Immaculate Heart Kaithavana
Anney Xavier Vaniapurackal, St. Mary's Mundupalam

**E- Category**

Jessy Jose Kuzhinthottiyil, Sacred Heart Thiruvallom - First
Lisamma Thomas Mukkadan, Mar Geevarghese Sahada Kesavadhasapuram - Second
Saly Roy, Lourdes Forane Thiruvananthapuram - Third

**4th Rank Holders**

Thomaskutty Jose Vallavanthara, St. Gregorios Punnapra
Ancy Joseph Kunnel, St. Mary's Forane Athirampuzha
Gracykutty K.A. Puthenpurackal, St. Alphonsa Pongummood
Beena Monichan, St. George Thottackad
Ancy Antony Kannampadom, St. Thomas Nalpathimala
Annamma Xavier Laikkary, St. Xavier's Mithrakary
Shiny Renny Cheppila, Fathima Matha Pallikkoottumma

**5th Rank Holders**

Lovely M.V. Chalukattu, Lisieux Sreekandamangalam
Lovely George Pathazhakuzhickal, St. Mary's Koothrappally
Philomina Antony Kulathinkal, Little Flower Madappally

Annamma James Illathuparampil, St. Thomas Nalpathimala
Molly Joseph Valliara, Holy Family Navanazarath Kumarakom
Annamma Malayathuruthel, St. Mary's Vettimukal
Tessy Benzigar, Lourdes Forane Thiruvananthapuram
Mariamma Jose Parackal, St. Mary's Major Archiepiscopal Kudamaloor
Shiji Varghese Mary Dale, St. Alphonsa Mavelikkara
Sabu Thomas Cherukad, St. Gregorios Punnapra
Fr. Mathew Thumpechirayil, St. Joseph's Kunnamthanam
Minimole Joseph Kaithathara, St. Joseph's Veroor
Rani Louis, St. Mary's Vadakkekara
Mercy Joshy Vazhayil, St. Mary's Parel
Jollyamma Jose Ampiath, St. Xavier's Forane Thrickodithanam

**F- Category**

Clare Joseph Moolessery, St. Gregorios Punnapra - First
Valsamma Scaria Ambalathattil, St. George Thottackad - Second
Mariamma Joseph Madappat, St. Joseph's Vaipur New - Third

**4th Rank Holders**

Elsamma M.V., Mangalassery, St. Joseph's Veroor
Mary Sebastian Kozhimulloram, St. Xavier's Kattachira
Rosamma Thomas Kolette, St. Xavier's Forane Thrickodithanam
Annamma Mathew Kumbalamchira, Mar Sleeva Forane Pazhavangady
P.O. Joseph Arackal, Lourdes Matha Thazhathuvadakara
Sr. Jency CHF, Holy Family Thirumala
Roy Joseph, Lourdes Forane Thiruvananthapuram

**5th Rank**

Ciciliamma Mathew Kallumkal, St. Mary's Forane Athirampuzha
Lissy Peter Cheriyathundathil, St. Alphonsa Chathanad
Lissy Thomas Kurishoommoottil, St. Alphonsa Pongummood
Prof. E.J. Jose Ettolil, Gethsamany Vazhappally
Prof. Rosemary Thomas Mattappallil, St. Mary's Metropolitan Changanacherry
Jessy Joseph Chirayil, Christ The King Ettumanoor
Prof. E.J. Mathew Ettolil, Gethsamany Vazhappally
Annamma Joseph Vakkanil, St. Joseph Vaipur New
Thankamma John Chavadiyil, St. Gregorios Punnapra
Johney Joseph Valiamalayil, St. Mary's Vettimukal
Kunjumol Laly Kanicherril, St. George Muttar old
Dr. Jossy Joseph, Christ The King Ettumanoor
Leelamma Sebastian Chennithala, Gethsamany Vazhappally
Annamma George Pulikkottukalam, St. Xavier's Forane Thrickodithanam
Thresiakkuty Cherian, St. Mary's Parel

## സെന്റ് തോമസ് സൺഡേസ്കൂൾ പുഴവാത്, ചങ്ങനാശേരി

## 35-ാമത് സണ്ണി വൈശ്യന്റേടം മെമ്മോറിയൽ ഇന്റർ സൺഡേസ്കൂൾ

# ക്വിസ് കോമ്പറ്റീഷൻ 2023

പ്രിയ ബഹു. അച്ചാ, സാർ

പുഴവാത് സെന്റ് തോമസ് സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സണ്ണി വൈശ്യന്റേടം മെമ്മോറിയൽ ഇന്റർ സൺഡേസ്കൂൾ 35-ാമത് ക്വിസ് കോമ്പറ്റീഷൻ 2023 ജനുവരി 8-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് പുഴവാത് സെന്റ് തോമസ് പള്ളി പാരീഷ്ഹാളിൽ നടത്തുന്നതാണ്. ചങ്ങനാശേരി അതിരൂപതയിലെ എല്ലാ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാം.

1. ഒരു സൺഡേ സ്കൂൾ നിന്നും 3 പേരടങ്ങുന്ന ഒരു ടീമിനു മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
2. 10-ാം ക്ലാസിൽ താഴെ പഠിക്കുന്ന വിദ്യാർത്ഥി, ഒരു ഹയർ കോഴ്സ് വിദ്യാർത്ഥി രണ്ടു സൺഡേ സ്കൂൾ അദ്ധ്യാപകൻ/അദ്ധ്യാപിക എന്നിവരടങ്ങുന്ന ഒരു ടീമാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
3. സന്യാസികളും, വൈദിക വിദ്യാർത്ഥികളും മത്സരത്തിൽ പങ്കെടുക്കാൻ പാടില്ല.
4. ഒരു ടീമിൽ 10-ാം ക്ലാസിനു താഴെയുള്ള വിദ്യാർത്ഥികൾ ഒന്നിൽ കൂടുതൽ ആകാം. എന്നാൽ ഹയർ കോഴ്സ് വിദ്യാർത്ഥികളോ അദ്ധ്യാപകരോ ഓരോരുത്തർ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകൾ അതത് സൺഡേ സ്കൂൾ ഡയറക്ടറുടെയോ, ഹെഡ്മാസ്റ്ററുടെയോ സാക്ഷ്യപത്രവും 150 രൂപ രജിഷ്ട്രേഷൻ ഫീസും മത്സരദിവസം കൊണ്ടുവരേണ്ടതാണ്.

**വിഷയം:**

| | | |
|---|---|---|
| 1) | ജോഷ്വ അധ്യായങ്ങൾ | – 1–12 |
| 2) | പ്രഭാഷകൻ അധ്യായങ്ങൾ | – 23–26 (85% വി. ഗ്രന്ഥ ഭാഗങ്ങൾ) |
| 3) | വി. മർക്കോസ് അധ്യായങ്ങൾ | – 9–16 |
| 4) | 1 കോറിന്തോസ് അധ്യായങ്ങൾ | – 9–16 |
| 5) | പൗരസ്ത്യ കത്തോലിക്കാ സഭകളെക്കുറിച്ചുള്ള ഡിക്രി | – പേജ് 262–271 |
| | (രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖ) | – 15% |

മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ 2023 ജനുവരി 8-ാം തീയതി ഞായറാഴ്ചയ്ക്കു മുമ്പായി കൺവീനറുടെ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അങ്ങയുടെ എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ഫിലിപ്പ് കാഞ്ചിക്കൽ** (ഡയറക്ടർ)

**ബിജു കുര്യാക്കോസ് തോപ്പിൽ** (ഹെഡ് മാസ്റ്റർ)

**ജോബിൻ സണ്ണി ഏലംകുന്നം** (കൺവീനർ) 7025175265

| | |
|---|---|
| 1-ാം സമ്മാനം | 5000 രൂപാ ക്യാഷ് അവാർഡും എവർറോളിംഗ് ട്രോഫിയും സർട്ടിഫിക്കേറ്റും |
| 2-ാം സമ്മാനം | 4000 രൂപാ ക്യാഷ് അവാർഡും എവർറോളിംഗ് ട്രോഫിയും സർട്ടിഫിക്കേറ്റും |
| 3-ാം സമ്മാനം | 3000 രൂപാ ക്യാഷ് അവാർഡും എവർറോളിംഗ് ട്രോഫിയും സർട്ടിഫിക്കേറ്റും |
| 4-ാം സമ്മാനം | 2000 രൂപാ ക്യാഷ് അവാർഡും എവർറോളിംഗ് ട്രോഫിയും സർട്ടിഫിക്കേറ്റും |
| 5-ാം സമ്മാനം | 1000 രൂപാ ക്യാഷ് അവാർഡും എവർറോളിംഗ് ട്രോഫിയും സർട്ടിഫിക്കേറ്റും |

പ്രിയരേ,

മാതൃവേദി-പിതൃവേദി സംഘടനകളുടെ അതിരൂപതാതല മത്സരം ഏവരുടെയും സഹകരണവും സന്മനസ്സുംകൊണ്ട് ഭംഗിയായി നടത്തുവാൻ നമുക്കു സാധിച്ചു. കലാമത്സരങ്ങൾക്കുവേണ്ടിയുള്ള തയ്യാറെടുപ്പിലൂടെ നമ്മൾ സ്വന്തമാക്കിയ ഒരുമ, ദൈവമഹത്വത്തിനും മനുഷ്യനന്മയ്ക്കും ഉപകരിക്കത്തക്ക വിധം പ്രയോജനപ്പെടുത്തുവാൻ നമുക്കു സാധിക്കണം.

അഭി. പിതാക്കന്മാരുടെ നിർദ്ദേശപ്രകാരം മാതൃവേദി-പിതൃവേദി സംഘടനകളുടെ കൂട്ടായ്മതല രൂപീകരണം നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്രകാരം കുടുംബക്കൂട്ടായ്മകളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരിൽനിന്ന് ഇടവക ആനിമേഷൻ ടീമും അതിനെ തുടർന്ന് ഫൊറോന-അതിരൂപതാ തലങ്ങളിലുള്ള ആനിമേഷൻ ടീം രൂപീകരണങ്ങളും നടക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള വിവിധ കാര്യങ്ങൾ ഇതിനോടകം ബഹു. വികാരിയച്ചന്മാർ, ഫൊറോനാ ഡയറക്ടർമാർ, ഫൊറോനാ ആനിമേറ്റർമാർ, യൂണിറ്റ് ഡയറക്ടർമാർ, യൂണിറ്റ് ആനിമേറ്റേഴ്സ് എന്നിവർക്കു ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ സോഫ്റ്റ് കോപ്പികൾ ഏവരിലും എത്തിയിട്ടുണ്ടാകുമെന്നു കരുതുന്നു.

മാതൃവേദിയും പിതൃവേദിയും വെവ്വേറെ സംഘടനകളായതിനാൽ രണ്ടു സംഘടനകൾക്കും പ്രത്യേകം തെരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. സഭാസ്നേഹവും സമർപ്പണചൈതന്യവുമുള്ളവർ ആനിമേഷൻ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ബഹു. ഡയറക്ടറച്ചന്മാരും ആനിമേറ്റർ സിസ്റ്റേഴ്സും കുടുംബക്കൂട്ടായ്മകളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്നവരും ശ്രദ്ധിക്കുമല്ലോ. 'കുടുംബത്തിലൂടെ ലോകത്തെ നവീകരിക്കുക' എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്കു നമുക്ക് ഒരു മനസ്സോടെ മുന്നേറാം.

സ്നേഹപൂർവം,

| | |
|---|---|
| **ഫാ. ബിജോ ഇരുപ്പക്കാട്ട്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** |
| (അസി. ഡയറക്ടർ) | (ഡയറക്ടർ) |

## തെരഞ്ഞെടുപ്പ് തീയതികൾ

യൂണിറ്റ് തെരഞ്ഞെടുപ്പ്: 2023 ജനുവരി 1 - നുള്ളിൽ
ഫൊറോനാ തെരഞ്ഞെടുപ്പ്: 2023 ജനുവരി 15 - നുള്ളിൽ
അതിരൂപതാ തെരഞ്ഞെടുപ്പ്: 2023 ജനുവരി 21 ശനി

## ജീവൻ ജ്യോതി പ്രോ-ലൈഫ് സെൽ

നമ്മുടെ അതിരൂപതയിലെ പ്രോ-ലൈഫ് പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുവേണ്ടി, ഇടവകയിൽ ഇപ്പോൾ സജീവമായുള്ള പ്രോ-ലൈഫ് പ്രവർത്തകരിൽനിന്നോ അല്ലെങ്കിൽ പ്രോ-ലൈഫ് പ്രവർത്തനങ്ങളിൽ സഹകരിക്കാൻ സന്നദ്ധതയുള്ള ആളുകളിൽനിന്നോ ഓരോ പ്രതിനിധിയെ (ഒരു

പുരുഷൻ, ഒരു സ്ത്രീ) നിയോഗിച്ച്, മാതൃവേദി-പിതൃവേദി ഭാരവാഹികളുടെ പേര് പൂരിപ്പിച്ചു നൽകുവാനുള്ള ഫോമിൽ, അനുബന്ധമായി നൽകിയിരിക്കുന്ന കോളത്തിൽ പേരുവിവരങ്ങൾ ചേർത്തു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

## റിപ്പോർട്ട്

**1. ജീവകാരുണ്യമാസാചരണം (നവംബർ):** ജീവകാരുണ്യ മാസാചരണത്തിന്റെ ഭാഗമായി നവംബർ 1 മുതൽ 30 വരെ അതിരൂപതയിലെ മുഴുവൻ ഇടവകകളിലും മാതൃവേദി-പിതൃവേദി അംഗങ്ങൾ വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. നല്ല സമറായൻ, സാന്ത്വനം, പാലിയേറ്റീവ് കെയർ തുടങ്ങി സാമൂഹിക പ്രതിബദ്ധതയോടുകൂടിയ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുവാൻ കഴിഞ്ഞു.

**2. ആദരവ് ദിനം – നവംബർ 30:** കുടുംബജീവിത വിളിയിൽ നിന്നുകൊണ്ട്, സഭയ്ക്കും സമൂഹത്തിനുംവേണ്ടി ഇടവകകളിൽ നിസ്വാർത്ഥ സേവനം ചെയ്യുന്ന കൈക്കാരന്മാർ, സെക്രട്ടറി, ഗായകസംഘാംഗങ്ങൾ, മതാധ്യാപകർ, പാലിയേറ്റീവ് കെയർ പ്രവർത്തകർ തുടങ്ങി വിവിധ ശുശ്രൂഷാമേഖലകളിൽ ഉള്ളവരെ കണ്ടെത്തി ആദരിച്ചു.

**3. പിതൃവേദി അതിരൂപതാ നിർവാഹകസമിതി യോഗം:** ഡിസംബർ 4ന് നടക്കുന്ന പിതൃവേദി റൂബിജൂബിലി വർഷാചരണ ഉദ്ഘാടനത്തിന്റെ ഭാഗമായി നടപ്പിലാക്കേണ്ട വിവിധ പ്രവർത്തന പരിപാടികളെക്കുറിച്ച് ചർച്ച ചെയ്യുവാൻ, നവംബർ 20 ന് 9 pm ന് ഓൺലൈൻ പ്ലാറ്റ്ഫോമിൽ യോഗം ചേർന്നു തീരുമാനങ്ങൾ കൈക്കൊണ്ടു.

**4. ദീപിക തീവ്രപ്രചാരണം:** മാതൃവേദി പിതൃവേദി അംഗങ്ങൾ ഡി.എഫ്.സി. നേതൃത്വത്തോടു ചേർന്ന് ദീപിക തീവ്രപ്രചാരണ പരിപാടികളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

**5. കുടുംബജ്യോതി പ്രചാരണം:** ഫാമിലി അപ്പോസ്തലേറ്റ് പ്രസിദ്ധീകരണമായ 'കുടുംബജ്യോതി'യുടെ പ്രചാരണ പ്രവർത്തനങ്ങൾക്കു മാതൃവേദി-പിതൃവേദി അംഗങ്ങൾ മികച്ച പിന്തുണ നൽകിവരുന്നു.

**6. അതിരൂപതാ കലോത്സവം:** അതിരൂപതാ മാതൃവേദി-പിതൃവേദി കലോത്സവം, 2022 നവംബർ 12-ാം തീയതി എസ്.ബി. ഹയർസെക്കണ്ടറി സ്കൂളിൽ നടത്തപ്പെട്ടു. രാവിലെ 8:45ന് അതിരൂപതാ പ്രസിഡന്റുമാർ പതാക ഉയർത്തി. 16 ഫൊറോനകളിലെ പ്രസിഡന്റുമാർ ഈ സമയം കൈകളിൽ പതാകകൾ സംവഹിച്ചുകൊണ്ടു സന്നിഹിതരായിരുന്നു. പിതൃവേദി അതിരൂപതാ പ്രസിഡന്റ് ശ്രീ. എ.പി. തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഷംഷാബാദ് രൂപത സഹായമെത്രാൻ മാർ തോമസ് പാടിയത്ത് കലോത്സവം ഉദ്ഘാടനം ചെയ്തു. വിവിധ വ്യക്തിഗത ഗ്രൂപ്പ് ഇനങ്ങളിലായി 16 ഫൊറോനകളിൽനിന്നും ആയിരത്തിൽപരം കലാകാരന്മാർ കലോത്സവത്തിൽ പങ്കുചേർന്നു. വൈകുന്നേരം 5 നു നടന്ന സമാപന സമ്മേളനത്തിൽ മാതൃവേദി

*ശേഷം പേജ് 46 ൽ.....»*

**ഉത്സവ്**

2022 ഒക്ടോബർ 24ന് ചങ്ങനാശേരി എസ്.ബി. ഹൈസ്കൂളിൽ നടന്ന അതിരൂപതാ കലോത്സവം ഉത്സവ് അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി ഫൊറോന ഓവറോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. തുരുത്തി ഫൊറോന രണ്ടാം സ്ഥാനവും എടത്വാ ഫൊറോന മൂന്നാം സ്ഥാനവും നേടി.

**വേളാങ്കണ്ണി സ്പെഷ്യൽ ട്രെയിൻ നിർത്തുന്നതിനെതിരെ പരാതി**

വേളാങ്കണ്ണി സ്പെഷ്യൽ ട്രെയിൻ സർവീസ് നിർത്താനുള്ള നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര റെയിൽവേ മന്ത്രിക്കും തിരുവനന്തപുരം ഡിവിഷണൽ മാനേജർക്കും പരാതി നൽകി.

അധിക നിരക്ക് ഈടാക്കിയിട്ടും തിരക്ക് അനുഭവപ്പെടാറുള്ള ഈ സർവീസ് ആഴ്ചയിൽ രണ്ടുതവണ വേണമെന്ന തീർത്ഥാടകരുടെ ആവശ്യം പരിഗണിക്കണമെന്നും ട്രെയിൻ സർവീസ് പിൻവലിക്കാനുള്ള നടപടി അവസാനിപ്പിച്ച് അഡീഷണൽ സർവീസ് ആരംഭിക്കാൻ റെയിൽവേ തയ്യാറാകണമെന്നും പരാതിയിൽ ആവശ്യപ്പെട്ടു.

**യൂത്ത് ഒളിമ്പിക്സ്: ഫുട്ബോൾ മത്സരങ്ങൾ**

ഗോൾഡൺ ജൂബിലി യൂത്ത് ഒളിമ്പിക്സിന്റെ ഭാഗമായ ഫുട്ബോൾ മത്സരങ്ങൾ 2022 നവംബർ 12ന് മോസ്കോ യുണൈറ്റഡ് സോക്കേഴ്സ് ടർഫിൽ നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ഉദ്ഘാടനം ചെയ്തു. എട്ട് ഫൊറോനകൾ മാറ്റുരച്ച മത്സരത്തിൽ പുളിങ്കുന്ന് ഫൊറോന ഒന്നാം സ്ഥാനവും ചങ്ങനാശേരി ഫൊറോന രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**സ്വാഗത സംഘം ഓഫീസ്**

2022 നവംബർ 15 ന് സുവർണ്ണ ജൂബിലി വാരാഘോഷത്തിന്റെ സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ജോർജ് ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ സന്ദേശം നൽകി. മുൻകാല അതിരൂപതാതല നേതാക്കളായ മാത്യു ഡൊമിനിക്, സജി മതിച്ചിപ്പറമ്പിൽ, വർഗീസ് ആന്റണി, ജിൻസൺ ജോസഫ് എന്നിവർ ചേർന്ന് ഉദ്ഘാടന കർമ്മം നിർവഹിച്ചു. റ്റോം തോമസ്, അലൻ ടോമി, അമല റേച്ചൽ ഷാജി, ടെബിൻ ആന്റണി, രേഷ്മ ദേവസ്യ, വിവിധ ഫൊറോനാ നേതാക്കന്മാർ എന്നിവർ സന്നിഹിതരായിരുന്നു.

## Upcoming Events

**സുവർണ ജൂബിലി വാരാഘോഷം**

**പേടക പ്രയാണ സമാപനം:** നവംബർ 27 ന് വൈകുന്നേരം 4 മണിക്ക് വിവിധ ഫൊറോനാ കേന്ദ്രങ്ങളിൽനിന്ന് വരുന്ന ഇരുചക്ര വാഹന റാലികൾ

അരമനപ്പടിയിൽനിന്നും ഒന്നിച്ച് കത്തീഡ്രൽ ദൈവാലയത്തിലേക്ക് റാലിയായി പോവുന്നു.

**അഖണ്ഡ ആരാധന:** നവംബർ 28, 29, 30 ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയം

**സ്മൃതി - പൂർവ്വകാല പ്രവർത്തക സ്മരണാ ദിനം:** ഡിസംബർ 1, ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയം

**പ്രവാസി യുവജന ഓൺലൈൻ സംഗമം:** ഡിസംബർ 1

**ആനിമേറ്റേഴ്സ് മീറ്റ്:** ഡിസംബർ 2, ചങ്ങനാശേരി കത്തീഡ്രൽ ഓഡിറ്റോറിയം

**പൂർവ്വകാല നേതൃസംഗമം:** ഡിസംബർ 3 രാവിലെ 10.30 മണിക്ക്, ചങ്ങനാശേരി കത്തീഡ്രൽ ഓഡിറ്റോറിയം

**സുവർണ്ണ ജൂബിലി മഹാസമാപന സമ്മേളനം, റാലി:** ഡിസംബർ 4 ചങ്ങനാശ്ശേരി കത്തീഡ്രൽ ഓഡിറ്റോറിയം

**വാർഷിക സെനറ്റ്:** ഡിസംബർ 11, ചങ്ങനാശേരി പാസ്റ്ററൽ സെന്റർ

» *ഫാമിലി അപ്പോസ്തലേറ്റ് തുടർച്ച...*

അതിരൂപതാ പ്രസിഡന്റ് ആൻസി മാത്യു അധ്യക്ഷതവഹിച്ചു. എസ്.ബി. കോളേജ് പ്രിൻസിപ്പൽ റവ. ഫാ. ജോസഫ് പ്ലാത്തോട്ടം വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

മാതൃവേദി-പിതൃവേദി സംയുക്ത ഓവറോൾ ഒന്നാം സ്ഥാനം ചമ്പക്കുളം ഫൊറോനയും രണ്ടാം സ്ഥാനം ചങ്ങനാശേരി ഫൊറോനയും മൂന്നാം സ്ഥാനം ആലപ്പുഴയും കരസ്ഥമാക്കി. സംഘടനകൾക്കു പ്രത്യേകമായുള്ള ഓവറോൾ കിരീടത്തിന് ചമ്പക്കുളം ഫൊറോനയും (മാതൃവേദി) ചങ്ങനാശേരി ഫൊറോനയും (പിതൃവേദി) അർഹരായി. നാടകം, സംഘഗാനം, മാർഗ്ഗംകളി, കോൽകളി മത്സരങ്ങളിൽ യഥാക്രമം കുറുമ്പനാടം, ആലപ്പുഴ, ചങ്ങനാശേരി, ചമ്പക്കുളം ഫൊറോനകൾ ഒന്നാംസ്ഥാനം കരസ്ഥമാക്കി.

## അറിയിപ്പുകൾ

1. 2022 ഡിസംബർ 4ന് പിതൃവേദിയുടെ റൂബി ജൂബിലി വർഷത്തിന് തുടക്കം കുറിക്കുന്നു.
2. 2022 ഡിസംബർ 17 ന് മാതൃവേദി-പിതൃവേദിയുടെ അതിരൂപതാതല വാർഷികം നടത്തപ്പെടുന്നു.



## വിവാഹ ഒരുക്ക ധ്യാനം

| | 2022 DECEMBER | | 2023 JANUARY | |
|---|---|---|---|---|
| | 12, 13, 14 | ZION | 02, 03, 04 | CHRY |
| | 19, 20, 21 | ZION | 09, 10, 11 | CHRY |
| | 26, 27, 28 | ZION | 16, 17, 18 | ZION |
| | | | 23, 24, 25 | CHRY |

**കൂടുതൽ വിവരങ്ങൾക്ക്**

0481 2424476
9447016240
വിളിക്കേണ്ട സമയം:
10 am - 5 pm

# കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ്

ഈശോമിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന KCSL കുടുംബാംഗങ്ങളേ,

നമ്മുടെ പ്രവർത്തനങ്ങൾ എല്ലാം തന്നെ നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. ഒക്ടോബർ 8ന് ചങ്ങനാശേരി സെന്റ് ആൻസ് ഹൈസ്കൂളിൽ നടത്തപ്പെട്ട സംസ്ഥാനതല സാഹിത്യോത്സവം – രചനാ മത്സരങ്ങളിൽ 100 പോയിന്റോടെ ഈ വർഷവും ഒന്നാം സ്ഥാനം നേടാൻ നമുക്കു കഴിഞ്ഞു. വിജയികളായ എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ നേർന്നുകൊള്ളുന്നു. ഈശോയുടെ രാജത്വ തിരുനാൾ എല്ലാ സ്കൂളുകളിലും ആഘോഷിക്കുകയുണ്ടായി.

**കഴിഞ്ഞ മാസത്തിലെ പ്രവർത്തനങ്ങൾ**

ഒക്ടോബർ 28ന് കൈനടി എ.ജെ.ജെ.എം. സ്കൂളിൽ 5 മുതൽ 10 ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഒരു ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. നവംബർ 4ന് ജീസസ് കിഡ്സിന്റെ പുളിങ്കുന്ന് ഫൊറോനയിലെ എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്കായി ധ്യാനം നടത്തുകയുണ്ടായി. നവംബർ 5ന് ചമ്പക്കുളം സെന്റ് മേരീസ് സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. നവംബർ 11ന് പുളിങ്കുന്ന് ലിറ്റിൽ ഫ്ളവർ ഗേൾസ് സ്കൂൾ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. നവംബർ 18ന് കൈനടി എ.ജെ.ജെ.എം. സ്കൂൾ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കായി ഒരു ദിവസത്തെ ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു.

**അറിയിപ്പ്**

ഡിസംബർ 2 KCSL ദിനാഘോഷം ഇത്തവണ ചങ്ങനാശേരി അതിരൂപതയാണ് നടത്തുന്നത്. വാഴപ്പള്ളി സെന്റ് തെരേസാസ് ഹൈസ്കൂളിൽ KCSL സംസ്ഥാന ചെയർമാൻ അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവാണ് ഉദ്ഘാടനം ചെയ്യുന്നത്. ഡിസംബർ 2 വെള്ളിയാഴ്ച എല്ലാ സ്കൂളുകളിലും KCSL ദിനം ആഘോഷിക്കേണ്ടതാണ്. പതാക ഉയർത്തുകയും വി. കുർബാനയർപ്പണം നടത്തുകയും ചെയ്യുക. ഈ വർഷം ഡിസംബർ 2 മുതൽ 2023 ഡിസംബർ 2 വരെ ലഹരി വിരുദ്ധ വർഷമായിട്ടാണ് നമ്മൾ ആചരിക്കുന്നത്. അതിന്റെ ഭാഗമായി 'Come Back' എന്ന പരിപാടിയുടെ ഉദ്ഘാടനം എല്ലാ സ്കൂളുകളിലും നടത്തേണ്ടതാണ്.

നേരത്തെ അറിയിച്ചിരുന്നതുപോലെ ചങ്ങനാശേരി അതിരൂപതയിലെ KCSL കലോത്സവം, അവതരണ മത്സരങ്ങൾ ഈ വരുന്ന ഡിസംബർ 3 നു കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെടുന്നു. രജിസ്റ്റർ ചെയ്യാനുള്ളവർ 25-ാം തീയതിക്കു മുമ്പുതന്നെ രജിസ്റ്റർ ചെയ്യുക.

ക്രിസ്തുമസിനോട് അനുബന്ധിച്ച് കരോൾ ഗാനം മത്സരവും നക്ഷത്ര നിർമ്മാണ മത്സരവും ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

CARP ഡിപ്പാർട്ടുമെന്റിന്റെ കുറുമ്പനാടം ഫൊറോനാതല സമ്മേളനവും സെമിനാറും കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ സെന്റ് അൽഫോൻസാ പാരിഷ്ഹാളിൽ 2022 ഒക്ടോബർ 28 വെള്ളിയാഴ്ച 6 PM ന് നടത്തപ്പെട്ടു. തൃക്കൊടിത്താനം ഫൊറോനാതല സമ്മേളനവും സെമിനാറും തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ പാരിഷ്ഹാളിൽ 2022 നവംബർ 4 വെള്ളിയാഴ്ച 6 PM ന് നടത്തപ്പെട്ടു. രണ്ടു സമ്മേളനങ്ങളിലും മാർ തോമസ് തറയിൽ പിതാവ് സംബന്ധിച്ചു. ഡയറക്ടറും കോർഡിനേറ്റേഴ്സും ക്ലാസുകൾ എടുത്തു.

പൊടിപ്പാറ ഇടവകതല സമ്മേളനവും സെമിനാറും പൊടിപ്പാറ ഹോളി ഫാമിലി പള്ളി പാരിഷ്ഹാളിൽ 2022 ഒക്ടോബർ 30 ഞായറാഴ്ച രാവിലെ നടത്തപ്പെട്ടു. അന്നേദിവസംതന്നെ ഉച്ചകഴിഞ്ഞു മൂന്നുമണിക്ക് കൈനടി ഇടവകതല സമ്മേളനവും സെമിനാറും കൈനടി ഔവർ ലേഡി ഓഫ് ഡോളേഴ്സ് പള്ളി പാരിഷ്ഹാളിൽ കൂടുകയുണ്ടായി. പുഴവാത് സെന്റ് തോമസ് ഇടവകതലസമ്മേളനം നവംബർ 20 ഞായറാഴ്ചയും തുരുത്തി മർത്ത് മറിയം ഇടവകയിൽ ഫോളോഅപ്പ് സമ്മേളനവും സെമിനാറും നടത്തപ്പെട്ടു. ഡയറക്ടറും കോർഡിനേറ്റേഴ്സും ക്ലാസുകൾ എടുത്തു.

## ഡിസംബർ മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### 'സ്നേഹപൂർവം' പദ്ധതിക്ക് അപേക്ഷിക്കാം

മാതാപിതാക്കളിലൊരാളോ ഇരുവരുമോ മരണമടഞ്ഞതും നിർദ്ധനരുമായ കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദം/പ്രൊഫഷണൽ ബിരുദം വരെ പഠിക്കുന്ന വിദ്യാർഥികൾക്കായി സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷൻ നടപ്പിലാക്കുന്ന പ്രതിമാസ ധനസഹായ പദ്ധതിയായ 'സ്നേഹപൂർവം' പദ്ധതി 2022-23 അധ്യയനവർഷത്തെ അപേക്ഷകൾ ക്ഷണിച്ചു. വിദ്യാർഥി പഠിക്കുന്ന സ്ഥാപനമേധാവി മുഖേന നവംബർ 16 മുതൽ സമർപ്പിക്കാം. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള ഗുണഭോക്താക്കളും പുതിയ അപേക്ഷകരും അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമേധാവി മുഖേന അപേക്ഷകൾ ഓൺലൈനായി അപ്ലോഡ് ചെയ്യണം. സ്ഥാപനമേധാവികൾ മുഖേനയല്ലാതെ നേരിട്ടയയ്ക്കുന്ന അപേക്ഷകൾ ആനുകൂല്യത്തിനായി പരിഗണിക്കുന്നതല്ല. **ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ട അവസാനതീയതി ഡിസംബർ 12.** അപേക്ഷകൾ ഓൺലൈനായി സമർപ്പിച്ചശേഷം ലഭിക്കുന്ന പ്രിന്റ്ഔട്ട് 2023 ഫെബ്രുവരി 28നകം കേരള സാമൂഹ്യസുരക്ഷാമിഷൻ ഹെഡ് ഓഫീസിൽ അയച്ചു ലഭ്യമാക്കണം. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന പ്രിന്റ്ഔട്ടുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക്: http://kssm.ikm.in, 1800-120-1001 (ടോൾ ഫ്രീ നമ്പർ).

**ബേബി വട്ടക്കര**
(കോർഡിനേറ്റർ)
9142121717

**ഫാ. ജയിംസ് കൊക്കാവയലിൽ**
(ഡയറക്ടർ)
6238214912

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ക്രിസ്തുമസ് പുതുവത്സരാശംസകൾ !!!**

ഈ ഭൂമിയിൽ ജനിച്ച് ഇവിടെ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും, ഇനി വരാനിരിക്കുന്ന തലമുറകൾക്കും അവരുടെ ലേബലുകൾ (ജാതി, മതം, ലിംഗം, രാഷ്ട്രം, രാഷ്ടീയം) പരിഗണിക്കാതെ സമാധാനത്തോടും സ്വാതന്ത്ര്യത്തോടും സമത്വത്തോടും സത്യബോധത്തോടും കൂടി ജീവിക്കുവാനുള്ള അവകാശങ്ങൾ ലഭ്യമാകുന്ന ഒരു മാനദണ്ഡമാണല്ലോ മനുഷ്യാവകാശം അല്ലെങ്കിൽ ഹ്യൂമൻ റൈറ്റ്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

മനുഷ്യാവകാശം എന്നത് ജന്മാവകാശം തന്നെയാണ്. അത് ആരുടെയും ഔദാര്യമല്ല. പക്ഷേ മനുഷ്യൻ എന്ന നിലയിൽ ചില കടമകളും നിർവഹിക്കപ്പെടേണ്ടതുണ്ട്. ഇത്തരം അവകാശങ്ങളും കടമകളും നിയമപരമായി നടപ്പിലാക്കുവാൻ ഭരണകൂടങ്ങളെ ഉദ്ബോധിപ്പിക്കുന്ന അന്താരാഷ്ട്ര ഉടമ്പടികൾ നിലവിലുണ്ട്. അതുകൊണ്ടുതന്നെ മനുഷ്യാവകാശങ്ങൾ തീർത്തും നിയമപരമാണ്.

മനുഷ്യാവകാശധ്വംസനം അതിന്റെ ഉച്ചസ്ഥായിയിൽ എത്തി നിൽക്കുന്ന ഒരു സാഹചര്യമാണ് ഇന്ന് ലോകത്തുള്ളത്. അതുകൊണ്ടുതന്നെ അതിജീവനത്തിനായി ആയാസപ്പെടുന്ന ഒരു സമൂഹമായി നാം മാറിയിരിക്കുന്നു. സമീപകാലത്ത് ഐക്യരാഷ്ട്രസഭയുടെ ഇടപെടൽ മൂലം എല്ലാ രാജ്യങ്ങളിലും സമൂഹത്തിലും മനുഷ്യാവകാശത്തിന്റെ അടിസ്ഥാനതത്വങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടെങ്കിലും പ്രബലരായിട്ടുള്ളവർ തങ്ങൾക്കനുകൂലമായ വിധത്തിൽ പ്രഖ്യാപിത നയങ്ങളെയും നടപടിക്രമങ്ങളെയും അവരുടെ വരുതിയിലാക്കുമ്പോൾ ബഹുഭൂരിപക്ഷം ജനങ്ങളും മനുഷ്യാവകാശധ്വംസനത്തിന് വിധേയരായിത്തീരുന്നു.

വിശ്വാസം, ജാതി, മതം, നിറം, ലിംഗം, സാമ്പത്തികം, രാഷ്ട്രീയം തുടങ്ങി സമസ്ത മേഖലകളിലും മനുഷ്യാവകാശ ലംഘനങ്ങൾ അരങ്ങേറുമ്പോൾ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ഭരണകൂടങ്ങളും രാഷ്ട്രീയ നേതൃത്വവും തയ്യാറാകണം. ഒപ്പം പ്രതികരണശേഷിയുള്ള ഒരു സമൂഹമായി നാം മാറണം, വളരണം.

ഈ ക്രിസ്തുമസ് കാലത്ത് മനുഷ്യാവകാശത്തെ ഈശോമിശിഹായുടെ മനുഷ്യാവതാരവുമായി ചേർത്തുവച്ചു വിചിന്തനം ചെയ്യുന്നത് ഏറെ പ്രസക്തമായിരിക്കും. മനുഷ്യനായി മാറുകയും മാനുഷിക സ്വഭാവം ഉൾക്കൊള്ളുകയും ചെയ്തുകൊണ്ട് ഈശോ മനുഷ്യർക്ക് ഒരു പുതിയ ശ്രേഷ്ഠതയും അന്തസ്സും നൽകി. മനുഷ്യജന്മം ഉദാത്തവും ഉൽകൃഷ്ടവും ശ്രേഷ്ടവുമായതുകൊണ്ടാണ് ദൈവം മനുഷ്യനായി അവതരിച്ചത്. അതുകൊണ്ടുതന്നെ മനുഷ്യാവകാശം

ലംഘിക്കുന്ന ഏതൊരു പ്രവർത്തനവും ദൈവത്തിനെതിരാണ്. വ്യക്തികളും കുടുംബങ്ങളും സമൂഹങ്ങളും രാഷ്ട്രങ്ങളും ലോകം മുഴുവൻ ഈ സനാതന സത്യം തിരിച്ചറിഞ്ഞ് മനുഷ്യാവകാശസംരക്ഷണത്തിന്റെ വക്താക്കളായി മാറുവാൻ ഈ ക്രിസ്തുമസ് കാലം ഇടവരുത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

### 1. ക്രിസ്തുമസ് കേക്ക് വിതരണം

ചാസ്-ഖാദി 'അമ്മ ഫുഡ്സ്' കഴിഞ്ഞ വർഷങ്ങളിലെ പോലെ ഈ ക്രിസ്തുമസ് കാലത്തും പ്രിസർവേറ്റീവ് ചേർക്കാത്തതും മായം കലർത്താത്തതുമായ നല്ല ഗുണനിലവാരമുള്ള കേക്കുകൾ ഹോൾ സെയിൽ വിലയ്ക്കു ലഭ്യമാക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് : ഫാ. തോമസ് കുളത്തുങ്കൽ- 9455211827, 8138088730, ഫാ. ജോർജ് പനക്കേഴം - 9496807124, ഫാ. ജോർജ് തൈച്ചേരിൽ-9497391959, ഫാ. വർഗീസ് ഇലഞ്ഞിപ്പറമ്പിൽ - 9447558583.

### 2. നിറപറ-2022

കേന്ദ്ര-കേരള സർക്കാർ നടപ്പിലാക്കിവരുന്ന ജൽ ജീവൻ മിഷൻ 2022 ന്റെ ഭാഗമായി ഡിസംബർ 15 മുതൽ 19 വരെ ചമ്പക്കുളം ബസിലിക്ക മൈതാനിയിൽ ചാസും ഇടിമണ്ണിക്കൽ ജ്വല്ലറിയും സംയുക്തമായി കാർഷികമേളയും-ജലസംരക്ഷണ മാതൃകകളുടെ പ്രദർശനവും സംഘടിപ്പിക്കുന്നു. ഫ്ളവർഷോ, കാർഷിക നേഴ്സറി, കുട്ടനാടൻ പൈതൃകങ്ങൾ, ഫുഡ് കോർട്ട്, സെമിനാറുകൾ വിദ്യാർത്ഥികൾക്കും കുടുംബശ്രീ-ചാസ് സ്വാശ്രയസംഘാംഗങ്ങൾക്കും കലാമത്സരങ്ങൾ, കലാപരിപാടികൾ, കലാസന്ധ്യ എന്നിവ മേളയിൽ ക്രമീകരിച്ചിട്ടുണ്ട്. ചമ്പക്കുളം, നെടുമുടി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കാർഷിക മേളയിലേയ്ക്കു പ്രവേശനം സൗജന്യമായിരിക്കും.

## കേന്ദ്ര വാർത്തകൾ

### സി.ബി.ആർ. വായ്പാമേള

ചാസിന്റെ സാമൂഹ്യാധിഷ്ഠിത പുനഃരധിവാസ പദ്ധതിയിൽ ഭിന്നശേഷിക്കാർക്ക് ജീവനോപാധികൾ കണ്ടെത്തുന്നതിനുള്ള വായ്പാമേള നവംബർ 3, 7 തീയതികളിൽ സംഘടിപ്പിച്ചു. ഏഴാം തീയതി ചാസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ വായ്പാവിതരണോദ്ഘാടനം നടത്തി. അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ അദ്ധ്യക്ഷതവഹിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു പദ്ധതി വിശദീകരണവും പ്രോജക്ട് കോർഡിനേറ്റർ ശ്രീമതി ഷീബ സന്തോഷ്, മേഖലാ കോർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് എന്നിവർ ആശംസകൾ നേർന്നു.



# പൗരോഹിത്യത്തിലേക്ക്...



**Dn. Pallichira Mathew**



**Dn. Thathakattupulickal John**

27 December 2022, 09:15 am
St. Mary's Church
Parel



**Dn. Puthuveettilkalam Joseph**

28 December 2022, 09:15 am
St. Joseph's Church
Punnakunnathuserry



**Dn. Panjipuzha Varghese**

28 December 2022, 02:15 pm
St. Mary's Church
Kumarankary



**Dn. Theempalangattu Abraham**



**Dn. Muthumakuzhiyil Mathew**



**Dn. Ambalathunkal Kurian**

29 December 2022, 09:15 am Holy Magi Forane Church Manimala



**Dn. Koilparampil Henry**

30 December 2022, 09:15 am
Little Flower Church
Kaduvakulam



**Dn. Pulickapadavil Varghese**

30 December 2022, 02:15 pm
St. George Church
Thottackadu



**Dn. Srampickal Varkey**

31 December 2022, 09:15 am
St. Sebastian's Church
Narbonapuram



**Dn. Ottarackal Chacko**

04 January 2023, 02:15 pm
Mary Matha Church
Mariyapuram

## ബഹു. ഡീക്കന്മാർക്ക് പ്രാർത്ഥനകളും ആശംസകളും

## പൗരോഹിത്യ സ്വീകരണത്തിന്റെ
## രജത ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന
## ബഹു. വൈദികർക്ക് അതിരൂപതാ കുടുംബത്തിന്റെ

# പ്രാർത്ഥനാശംസകൾ



Parathottal
Thomas



Puthenpurackal
Francis



Maliakel
Thomas



Mangalathu
Thomas



Kollara
Joseph



Ampalathumparampil
Francis



Mukalel
Jose



Ponganamthadathil
Augustine



Karukakalam
Thomas

# പൗരോഹിത്യ സ്വീകരണത്തിന്റെ
# രജത ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന
# ബഹു. വൈദികർക്ക് അതിരൂപതാ കുടുംബത്തിന്റെ
# പ്രാർത്ഥനാശംസകൾ


Kattady
Jacob


Alencherry
Isaac


Srampical
Scaria


Kalarickal
Joseph


Puthuveettil
Joseph


Kattappuram
Joseph


Cheppila
Scaria


Muttathil
Anto

# സ്വീകരണവും യാത്രയയപ്പും (2 നവംബർ 2022)

## മാർ തോമസ് പാടിയത്ത് (ഷംഷാബാദ് രൂപതാ സഹായമെത്രാൻ)
















18 യൂണിറ്റുകളിൽ നിന്നും 41 കുടുംബങ്ങൾക്ക് 6,10,000/ രൂപ കുടുംബാംഗങ്ങ ളുടെ സഹകരണത്തോടെ വരുമാനപദ്ധതി ആരംഭിക്കുന്നതിന് നൽകി. സ്വി റ്റ്സർലൻഡ് കേന്ദ്രമായി പ്രവർത്തിക്കുന്ന റിഹാസ്വിസ് എന്ന സംഘടനയാണ് പദ്ധതി വിഹിതം ലഭ്യമാക്കുന്നത്.

**കെയർ എ ഫാമിലി പ്രോഗ്രാം**

സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട സാധുകുടുംബങ്ങളെ ജാതി-മത -വർഗ്ഗ-രാഷ്ട്രീയ പരിഗണനകൾക്കതീതമായി മാനവശേഷി വികസനവും സ്വയം തൊഴിൽ പദ്ധതികളും ഉറപ്പാക്കി, സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യ ത്തോടെ ചാസ് നടപ്പിലാക്കിവരുന്ന 'കെയർ എ ഫാമിലി' പ്രോഗ്രാമിൽ 2022 നവംബർ മാസം 29 കുടുംബങ്ങൾക്ക് 5,84,000/- രൂപ വിതരണം ചെയ്തു.

| *തീയതി* | *മേഖല* | *കുടുംബങ്ങൾ* | *തുക* |
|---|---|---|---|
| 03.11.2022 | കൊല്ലം | 7 | 140000/- |
| 03.11.2022 | അമ്പൂരി | 7 | 124000/- |
| 11.11.2022 | കുറുമ്പനാടം | 15 | 320000/- |

**SAFP**

**ക്ലസ്റ്റർ മീറ്റിംഗ് & മോണിട്ടറിംഗ്**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് പുതിയ സംരംഭകത്വ പദ്ധതി തുടങ്ങുന്നതിന് ആവശ്യമായ മാർഗനിർദ്ദേശം നൽകുന്നതിനും ഓരോ കുടുംബവും നിലവിൽ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ വിലയിരുത്തുന്നതിനും ക്ലസ്റ്റർ മീറ്റിംഗും ഭവനസന്ദർശ നവും നടത്തി. SAFP പ്രോജക്ട് കോ-ഓർഡിനേറ്റർ കുമാരി നിവ്യ ജോസഫ് നേതൃത്വം നൽകി.

| *തീയതി* | *ക്ലസ്റ്റർ* |
|---|---|
| നവംബർ 3 | കുറുമ്പനാടം |
| നവംബർ 21 | എടത്വാ |
| നവംബർ 24 | വള്ളംചിറ |
| നവംബർ 25 | തെള്ളകം |
| നവംബർ 26 | അതിരമ്പുഴ |

**ജൽ ജീവൻ മിഷൻ**

**ബോധവത്ക്കരണ ക്ലാസും-പ്രമേഹ രോഗനിർണ്ണയ ക്യാമ്പും**

ജൽ ജീവൻ മിഷന്റെ ഭാഗമായി വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡ് അംഗൻവാടിയിൽ നവംബർ 3 ന് 'ജൽ ജീവൻ' ബോധവത്ക്കരണ ക്ലാസും പുതുച്ചിറ ഗവ. ഹെൽത്ത് സെന്ററുമായി സഹകരിച്ച് പ്രമേഹം, പ്രഷർ രോഗ നിർണ്ണയ ക്യാമ്പും നടത്തി. 50 ഗ്രാമനിവാസികൾ പങ്കെടുത്തു. കോർഡിനേറ്റർ ശ്രീ. അരുൺ റ്റി. നേതൃത്വം നൽകി.

### SHG തലത്തിൽ ബോധവത്ക്കരണം

വാഴപ്പള്ളി ജൽ ജീവൻ മിഷന്റെ ഭാഗമായി പുന്നമൂട് മൂന്നാംവാർഡിലെ സ്വാശ്രയസംഘാംഗങ്ങൾക്കായി നവംബർ 3 ന് ലഹരി വിരുദ്ധ ബോധവത്ക്കരണക്ലാസ് സംഘടിപ്പിച്ചു. ജൽ ജീവൻ മിഷൻ കോർഡിനേറ്റർ ശ്രീ. അരുൺ റ്റി. ക്ലാസ് നയിച്ചു.

### സ്കൂൾ തലത്തിൽ ബോധവത്ക്കരണം

മാടപ്പള്ളി പഞ്ചായത്തിലെ പങ്കിപ്പുറം സി.എസ്.ഐ. എൽ.പി. സ്കൂൾ കുട്ടികൾക്കായി നവംബർ 4 ന് വ്യക്തിശുചിത്വം, സ്വഭാവരൂപീകരണം, ജലത്തിന്റെ ഉപയോഗം എന്നിവയെക്കുറിച്ച് ജൽ ജീവൻ മിഷൻ കോർഡിനേറ്റർമാരായ ശ്രീ. അരുൺ റ്റി., ശ്രീ. ബേബി ജോസഫ് എന്നിവർ ക്ലാസ് നയിച്ചു. കുട്ടികൾക്ക് ഹെഡ്മിസ്ട്രസ് ശ്രീമതി ഗായത്രി മനോജ് സമ്മാനങ്ങൾ വിതരണം ചെയ്തു.

### ജലശ്രീ ക്ലബ് രൂപീകരിച്ചു

മാടപ്പള്ളി പഞ്ചായത്തിലെ ഗവ. എൽ.പി. സ്കൂളിൽ നവംബർ 4 ന് ജലശ്രീ ക്ലബ് രൂപീകരിച്ചു. കുട്ടികളുടെ സ്വഭാവരൂപീകരണം, പ്ലാസ്റ്റിക്ക് രഹിത ഗ്രാമം എന്നിവയെക്കുറിച്ച് ജൽ ജീവൻ മിഷൻ കോർഡിനേറ്റർമാരായ ശ്രീ. അരുൺ റ്റി., ശ്രീ. ബേബി ജോസഫ് എന്നിവർ ക്ലാസ് നയിച്ചു.

## ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതി

ചാസിന്റെ സാമൂഹ്യ സുരക്ഷാ സഹായ പദ്ധതികൾ വഴി 2022 നവംബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം** (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 80,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 594. എം.റ്റി. ജോസഫ് | ഹെൽപ്പ് ലൈൻ | പാറേക്കടവ് | ചങ്ങനാശേരി |
| 595. ത്രേസ്യാമ്മ വർക്കി | സ്നേഹദീപ്തി | ചീപ്പുങ്കൽ | കുടമാളൂർ |
| 596. മറിയാമ്മ എബ്രഹാം | ജ്യോതിസ് | പങ്ങട | കോട്ടയം |
| 597. ജോയിസ് സ്കറിയ | ആദർശ് | പങ്ങട | കോട്ടയം |
| 598. സി.ഇ. മാത്യു | അക്ഷയ | നെടുംകുന്നം | നെടുംകുന്നം |
| 599. പി.ജെ. ആന്റണി | സ്നേഹധാര | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 600. ആന്റണി ജോസഫ് | സ്നേഹധാര | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 601. ഫിലോമിന ജോസഫ് | സ്നേഹഗാഥ | ഫാത്തിമാപുരം | തൃക്കൊടിത്താനം |

**(2) മ്യൂച്വൽ ബെനഫിറ്റ് സ്കീം**

▶▶ **മരണാനന്തരസഹായം** (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 1,70,000/- രൂപ സഹായം അനുവദിച്ചു)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 790. മറിയാമ്മ തങ്കച്ചൻ വേലക്കളം | പള്ളിക്കൂട്ടുമ്മ | പുളിംകുന്ന് |
| 791. ഓമന വാസപ്പൻ, മുല്ലശ്ശേരി | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |

| | | |
|---|---|---|
| 792. മോളി ജോസഫ്, കടുപ്പിൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 793. അന്നമ്മ തോമസ്, കണ്ടത്തിൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 794. വത്സല നരിക്കുഴി | വെട്ടിമുകൾ | അതിരമ്പുഴ |
| 795. മേരിക്കുട്ടി ജോസഫ്, വടക്കേയറ്റം | പഴവങ്ങാടി | ആലപ്പുഴ |
| 796. ജോയി വർഗീസ്, മുട്ടുതോട്ടത്തിൽ | രാജഗിരി | അമ്പൂരി |
| 797. പ്രേം ജി., പുത്തൻമഠം | പഴവങ്ങാടി | ആലപ്പുഴ |
| 798. ഹയറനിസ, പുത്തൻപറമ്പ് | പഴവങ്ങാടി | ആലപ്പുഴ |
| 799. ദേവസ്യാ ദേവസ്യാ, മഠത്തിപ്പറമ്പ് | കൊടുപ്പുന്ന | എടത്വാ |
| 800. ഖദീജ ബീവി, പണിപ്പുരപടിറ്റത്തിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 801. അന്നമ്മ, മാംങ്കുഴിവേലിൽ | മുഹമ്മ | ആലപ്പുഴ |
| 802. ഔസേഫ് മാത്യു, 80-ൽ ചിറ | നർബോനപുരം | ചമ്പക്കുളം |
| 803. ആന്റണി ജെ., 26-ൽ | നർബോനപുരം | ചമ്പക്കുളം |
| 804. ഔസേഫ് തോമസ്, മംഗലശ്ശേരി | നർബോനപുരം | ചമ്പക്കുളം |
| 805. പുന്നൂസ് കെ.പി., കൊച്ചുപ്ലാപ്പറമ്പിൽ | ഇരവുചിറ | കുറുമ്പനാടം |
| 806. ഏലിക്കുട്ടി ജോർജ്, തെക്കേൽ | നാലുകോടി | തൃക്കൊടിത്താനം |

### (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ നവംബർ മാസം 4 കുടുംബത്തിന് ചികിത്സാ ചെലവിനത്തിൽ 37,710/- രൂപ അനുവദിച്ചു.

| | *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|---|
| 1. | ക്ലാരമ്മ ജോസഫ്, കുന്നുംപുറം | പെരുമ്പനച്ചി | 9,050 |
| 2. | കുര്യാക്കോസ് തോമസ്, ചക്കുകളം | മാടപ്പള്ളി | 8,790 |
| 3. | ഷേർളി ജോസഫ്, മനയത്ത് | നെടുംകുന്നം | 10,820 |
| 4. | ലിസമ്മ മാത്യു, മുരിയൻകാവുങ്കൽ | കുറുമ്പനാടം | 9050 |

## മേഖലാ വാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

ചാസിന്റെ വിവിധ യൂണിറ്റുകളിൽ രൂപീകരിച്ച സ്വാശ്രയസംഘങ്ങൾ

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 21.10.2022 | കാവാലം | മഹാത്മ | 20 |
| 26.10.2022 | മാമ്മൂട് | മരിയ | 14 |
| 26.10.2022 | പുന്നമട | മരിയൻ | 10 |
| 27.10.2022 | വാഴപ്പള്ളി | അനുഗ്രഹ | 10 |
| 31.10.2022 | നാലുകോടി | എലഗൻസ് | 20 |
| 31.10.2022 | ഫാത്തിമാപുരം | ബ്ലൂ സ്റ്റാർ | 19 |
| 31.10.2022 | ഫാത്തിമാപുരം | ആൻസ് | 10 |

| | | | |
|---|---|---|---|
| 31.10.2022 | ഫാത്തിമാപുരം | ജനനി | 20 |
| 04.11.2022 | മാമ്മൂട് | കൃപ | 11 |
| 09.11.2022 | എടത്വാ | പ്രണവ് | 19 |
| 15.11.2022 | ചമ്പക്കര | ആശ്രയ | 20 |
| 16.11.2022 | എടത്വാ | പ്രത്യാശ | 12 |

### SHG ലീഡേഴ്സ് ട്രെയിനിംഗ്

ചാസ് മണിമല, നെടുംകുന്നം, അതിരമ്പുഴ, കുടമാളൂർ യൂണിറ്റുകളിൽ പുതുതായി രൂപീകരിക്കപ്പെട്ട സ്വാശ്രയസംഘം ഭാരവാഹികൾക്കുവേണ്ടി നേതൃത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം എന്നിവർ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ നൽകി. 'സ്വാശ്രയസംഘങ്ങളും ഗവൺമെന്റ് പദ്ധതികളും' എന്ന വിഷയത്തെ ആസ്പദമാക്കി KSBCDC, Kottayam ജില്ലാ മാനേജർ ശ്രീ. ഷാജി റ്റി. ആർ. ക്ലാസ് നയിച്ചു. മേഖലാ കോർഡിനേറ്റർമാരായ ശ്രീമതി അൽഫോൻസ് വർഗീസ്, ശ്രീമതി സജി ഷാജി, ശ്രീമതി ലിസി സി.വി. എന്നിവർ നേതൃത്വം നൽകി.

| *തീയതി* | *മേഖല* |
|---|---|
| ഒക്ടോ. 25 | മണിമല, നെടുംകുന്നം |
| ഒക്ടോ. 27 | അതിരമ്പുഴ |
| ഒക്ടോ. 29 | കുടമാളൂർ |

### കോഴിക്കുഞ്ഞുവിതരണം

ചമ്പക്കുളം മേഖലയിൽ പൊങ്ങ, വടക്കേഅമിച്ചകരി, കൊണ്ടാക്കൽ യൂണിറ്റുകളിൽ ഒക്ടോബർ 26 ന് നാടൻ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

### നാട്ടുപച്ച – കാർഷിക വിപണനമേള 2022

പാറേൽ ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ 2022 ഒക്ടോബർ 27–30 വരെ കാർഷിക വിപണനമേള സംഘടിപ്പിച്ചു. വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് വാരിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും മാടപ്പള്ളി കൃഷി അസി. ഡയറക്ടർ ശ്രീമതി അനീന സൂസൻ സഖറിയ മുഖ്യപ്രഭാഷണവും നടത്തി. തുടർന്ന് സംഘടിപ്പിച്ച കാർഷിക സെമിനാറിന്റെ ഉദ്ഘാടനം അഡ്വ. ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ. നിർവഹിച്ചു. അഗ്രിക്കൾച്ചർ അസി. എഞ്ചിനീയർ ശ്രീമതി വിനിയ വി.എസ്. സെമിനാർ നയിച്ചു. വിദ്യാർത്ഥികൾക്കും സ്വാശ്രയസംഘങ്ങൾക്കും വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. മൈതാനിയിൽ ക്രമീകരിച്ച വിവിധ സ്റ്റാളുകൾ മേളക്ക് മാറ്റുകൂട്ടി. യൂണിറ്റ് ഭാരവാഹികളായ ശ്രീ. ബാബു വള്ളപ്പുര, ശ്രീ. എം.ഡി. സേവ്യർ, ശ്രീ. തങ്കച്ചൻ പുല്ലുകാട്ട് എന്നിവർ നേതൃത്വം നൽകി.

**യൂണിറ്റ് രൂപീകരിച്ചു**

കണ്ടങ്കരി ഇടവകയിൽ നവംബർ 6 മുതൽ ചാസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. ഇടവക വികാരി റവ. ഫാ. തോമസ് കാഞ്ഞിരവേലിൽ അദ്ധ്യക്ഷത വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ചാസ് പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**ബേക്കറി നിർമ്മാണ പരിശീലനം സമാപനം**

കറിക്കാട്ടൂർ യൂണിറ്റിൽ 2022 ഒക്ടോബർ മാസം മുതൽ നടത്തി വന്നിരുന്ന ബേക്കറി നിർമ്മാണ പരിശീലനം നവംബർ 5 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് ആനിത്തോട്ടം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യസന്ദേശം നൽകി. പുഡിംഗ്, വിവിധ ഐസ്ക്രീം, കേക്ക്, സ്ക്വാഷ്, ബിസ്ക്കറ്റ്, പത്തിരി, പൊറോട്ട, വൈൻ, സമൂസ തുടങ്ങിയവ യുടെ നിർമാണത്തിനാണ് പരിശീലനം നൽകിയത്.

**സൺഡേ മാർക്കറ്റ്**

ചമ്പക്കര യൂണിറ്റിൽ നവംബർ 7 ന് സൺഡേ മാർക്കറ്റ് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പ്ലാപ്പറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു.

**സ്വാശ്രയസംഘ വാർഷികം**

ഏറ്റുമാനൂർ മാവേലി പുരുഷ സ്വാശ്രയസംഘത്തിന്റെ 13-ാം മത് വർഷികം നവംബർ 6 ന് സംഘടിപ്പിച്ചു. അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജി തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. സെക്രട്ടറി ശ്രീ. റോബിൻ ജോസഫ് സംഘ ത്തിന്റെ കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു.

**Strip Farming**

ചെരുവ് പ്രദേശങ്ങളിൽ, പ്രകൃതിക്കും മണ്ണിന്റെ ഘടനയ്ക്കും അനുയോജ്യ മായ കൃഷി രീതികളുടെ മാതൃകകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരള സോഷ്യൽ സർവ്വീസ് ഫോറം ആവിഷ്ക്കരിച്ചിരിക്കുന്ന Strip Farming പദ്ധതിയിൽ ചാസിനെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന കർഷകർക്കു പരിശീ ലനം നൽകി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. കേരള സോഷ്യൽ സർവീസ് ഫോറം പ്രോജക്ട് ഓഫീസർ ശ്രീ. ജിത്തു ജോസഫ്, ചാസ് പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, ശ്രീമതി അൽഫോൻസ വർഗീസ് എന്നിവർ ക്ലാസ് നയിച്ചു. മണിമല, നെടുംകുന്നം, ചേപ്പുംപാറ എന്നീ മേഖലകളിൽ നിന്നും കർഷകർ പങ്കെടുത്തു.

**മത്സ്യകൃഷി വിളവെടുപ്പ്**

ഏറ്റുമാനൂർ മാവേലി പുരുഷ സ്വാശ്രയസംഘം നടത്തിവരുന്ന മത്സ്യകൃഷി യുടെ ഏഴാമത് വിളവെടുപ്പ് നവംബർ 13 ന് നടത്തി. അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സജി തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഗിഫ്റ്റ് സിലോപ്പിയ ഇനത്തിൽപ്പെട്ട മത്സ്യങ്ങളുടെ വിളവെടുപ്പാണ് നടത്തിയത്.

**യൂണിറ്റ് ശക്തീകരണ യോഗം**

കൊടുപ്പുന്ന യൂണിറ്റിൽ നവംബർ 12 ന് യൂണിറ്റ് ശക്തീകരണയോഗം സംഘടി

പ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ് പനക്കേഴം അദ്ധ്യക്ഷതവഹിച്ചു. 12 സ്വാശ്രയസംഘത്തിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. എക്സിക്യൂട്ടീവ് സമിതി നേതൃത്വം നൽകി.

പാദുവാപുരം യൂണിറ്റിൽ നവംബർ 20 ന് യൂണിറ്റ് ശക്തീകരണയോഗം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ദേവസ്യാ തുണ്ടിയിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്തുകയും വേണ്ടമാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സി.ബി.ആർ – ലോൺമേള**

വെട്ടിമുകൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാരായ രണ്ട് കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി 20,000 രൂപ വീതം പലിശരഹിത വായ്പ നൽകി. നവംബർ 15 ന് കേന്ദ്ര ഓഫീസിൽനിന്നും മറ്റ് അഞ്ച് കുടുംബങ്ങൾക്ക് അനുവദിച്ച വായ്പാ തുകയും തദവസരത്തിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കളരിക്കൽ വിതരണം ചെയ്തു.

**മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം – സ്വാശ്രയസംഘവാർഷികം**

തൃക്കൊടിത്താനം യൂണിറ്റിൽ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെയും സ്വാശ്രയ സംഘങ്ങളുടെയും സംയുക്ത വാർഷികം ഒക്ടോബർ 23-ാം തീയതി നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ വെരി റവ. ഫാ. ഫ്രാൻസിസ് കരുവേലിൽ മുഖ്യ പ്രഭാഷണം നടത്തി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി ജാൻസി മാർട്ടിൻ, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ബോബിന തോമസ് എന്നിവർ പ്രസംഗിച്ചു. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെയും സംഘത്തിന്റെയും റിപ്പോർട്ടും കണക്കും സെക്രട്ടറിമാർ അവതരിപ്പിച്ചു. വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

**സ്വാശ്രയസംഘ സംഗമം**

തായങ്കരി യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സംഗമം, ഐക്യം' എന്നീ സ്വാശ്രയ സംഘങ്ങളുടെ സംഗമം നവംബർ 20 ന് സംഘടിപ്പിച്ചു. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാർഷിക മേളയും എക്സിബിഷനെയും കുറിച്ച് ചർച്ച നടത്തി. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 40 അംഗങ്ങൾ പങ്കെടുത്തു.

പച്ച-ചെക്കിടിക്കാട്, എടത്വാ യൂണിറ്റുകളിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ചാസ് കാർഷികമേളയോടനുബന്ധിച്ച് നവംബർ 21 ന് സ്വാശ്രയസംഘസംഗമം നടത്തി. തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ജൽ ജീവൻ മിഷൻ കോർഡിനേറ്റർമാരായ ശ്രീ. ബൈജു സി. സേവ്യർ, ശ്രീ. ബിനു ജോസഫ് എന്നിവർ കാർഷികമേളയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**യൂണിറ്റ് സന്ദർശനം**

എടത്വാ മേഖലയിലെ കേളമംഗലം, അമ്പലപ്പുഴ, മുട്ടാർ ന്യൂ, കിഴക്കേമിത്രക്കരി എന്നീ യൂണിറ്റുകളിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ

നേതൃത്വത്തിൽ യൂണിറ്റ് സന്ദർശനവും എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തി.

കോട്ടയം ലൂർദ്ദ് യൂണിറ്റ് സന്ദർശനവും എക്സിക്യൂട്ടീവ് മീറ്റിംഗും നവംബർ 17 ന് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ വെരി റവ. ഡോ. ഫിലിപ്പ് നെൽപ്പുരപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു.

കുറുമ്പനാടം, കോട്ടയം മേഖലകളിലെ കുറുമ്പനാടം, മാന്നില, അസംപ്ഷൻ, ചേപ്പുംപാറ, വടവാതൂർ എന്നിവിടങ്ങളിൽ യൂണിറ്റ് ഡയറക്ടേഴ്സിന്റെ അദ്ധ്യക്ഷതയിൽ യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് സംഘടിപ്പിച്ചു.

**ഏത്തവാഴ വിത്ത്, ഫലവൃക്ഷതൈ, ഗ്രോബാഗ് വിതരണം**

പുല്ലങ്ങടി, നർബോനപുരം, പൊങ്ങ, കുറുമ്പനാടം, അസംപ്ഷൻ, ഇരവുചിറ, മാമ്മൂട്, അയർക്കുന്നം, നെടുംകുന്നം, മണിമല, നെടുമണ്ണി, നെടുങ്ങാടപ്പള്ളി, പെരുങ്കാവ്, കരിക്കാട്ടൂർ, ചുങ്കപ്പാറ, വായ്പ്പൂർ ഓൾഡ് എന്നീ യൂണിറ്റുകളിൽ ഒക്ടോബർ 30, 31 തീയതികളിൽ 2000 ഏത്തവാഴ വിത്തും ആയിരത്തിൽപ്പരം ഫലവൃക്ഷതൈകളും ഗ്രോബാഗും വിതരണം ചെയ്തു.

**സ്റ്റീൽ ടാങ്ക് വിതരണം**

കുറുമ്പനാടം യൂണിറ്റിന്റെ നേതൃത്വത്തിൽ നവംബർ 15 ന് 1000 ലിറ്റർ വെള്ളം ശേഖരിക്കുന്ന 2 സ്റ്റീൽ ടാങ്ക് വിതരണം ചെയ്തു.

**മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു**

കിളിരൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ എസ്.എച്ച് മെഡിക്കൽ സെന്ററും തിരുവാർപ്പ് പഞ്ചായത്തുമായി സഹകരിച്ച് തിരുവാർപ്പ് യു.പി. സ്കൂളിൽ ഒക്ടോബർ 30 ന് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അജയൻ കെ. മേനോൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് മുളവന അദ്ധ്യക്ഷതവഹിച്ചു. 185 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് മീറ്റിംഗ്**

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാർഷിക മേളയിലും എക്സിബിഷനിലും വോളണ്ടിയേഴ്സായി തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിന്റെ മീറ്റിംഗ് നവംബർ 21 ന് എടത്വാ യൂണിറ്റിൽ നടത്തി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സന്ദേശം നൽകി. ജൽ ജീവൻ മിഷൻ കോർഡിനേറ്റർമാരായ ശ്രീ. ബൈജു സി. സേവ്യർ, ശ്രീ. ബിനു ജോസഫ് എന്നിവർ കാർഷികമേളയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**സ്വാശ്രയസംഘ വാർഷികം**

കരുവാറ്റ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'കാരുണ്യ' സ്വാശ്രയസംഘത്തിന്റെ 5-ാമത് വാർഷികം യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി തേവാരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. സംഘം സെക്രട്ടറി വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

## തയ്യൽ പരിശീലനം സമാപിച്ചു

2022 ഓഗസ്റ്റ് 16 മുതൽ എടത്വാ യൂണിറ്റിൽ നടത്തിവന്നിരുന്ന തയ്യൽ പരിശീലനം നവംബർ 22 ന് സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയ 20 വനിതകൾക്ക് ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## SLCA Kerala

### ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു

SLCA Kerala യുടെ ആഭിമുഖ്യത്തിൽ കോളേജ് തലത്തിൽ, കൊല്ലം, കൊട്ടിയം മേഖലകളിൽ ലഹരി വിരുദ്ധ സെമിനാറുകൾ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, SLCA ഡോക്യുമെന്റേഷൻ ഓഫീസർ സിസ്റ്റർ സെൽമ SRA എന്നിവർ ക്ലാസ് നയിച്ചു.

| *തീയതി* | *സ്ഥലം* |
|---|---|
| നവംബർ 4 | ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം |
| നവംബർ 4 | ഡോൺ ബോസ്കോ കോളേജ്, കൊട്ടിയം, കൊല്ലം |

### ദ്വിദിന കൗൺസിലിംഗ് പ്രോഗ്രാം

SLCA യുടെ ആഭിമുഖ്യത്തിൽ കേരളാ പോലീസ് 'യോദ്ധാവ്' മായി സഹകരിച്ച് നവംബർ 11, 12 തീയതികളിൽ SLCA ട്രെയിനിംഗ് സെന്ററിൽ ദ്വിദിന കൗൺസിലിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. കോട്ടയം ജില്ലാ നാർക്കോട്ടിക്സ് വിഭാഗം DYSP ശ്രീ. സി. ജോൺ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രമുഖ സൈക്കോളജിസ്റ്റുമാരായ ശ്രീ. മാർട്ടിൻ ആന്റണി, ശ്രീ. വിനയചന്ദ്രൻ, SLCA ട്രെയിനർ ശ്രീ. റ്റി. എം. മാത്യു തച്ചിലേട്ട് എന്നിവർ ക്ലാസ് നയിച്ചു. വിവിധ സ്കൂളുകളിൽനിന്നും പരിശീലനത്തിൽ പങ്കെടുത്ത 35 അദ്ധ്യാപകർക്ക് കോട്ടയം ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് IPS സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

KRRIS

# കുട്ടനാട് റിസേർച്ച് & റിവൈവൽ ഇനിഷ്യേറ്റീവ് സൊസൈറ്റി

KRRIS ന്റെ ഒന്നാം അതിരൂപതാവാർഷിക സമ്മേളനം 2022 നവംബർ 4 വെള്ളിയാഴ്ച നാലുമണിക്ക് അതിരൂപതാ കേന്ദ്രത്തിൽ സമുചിതമായി നടത്തപ്പെട്ടു. കുട്ടനാട്ടിലെ കർഷകർക്ക് നെല്ലിന്റെ വില ഉടനടി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം മെത്രാപോലീത്ത അഭിപ്രായപ്പെട്ടു. നെല്ലറയായ കുട്ടനാടിന്റെ മാത്രമായുള്ള പ്രശ്നമല്ല, കാർഷികോൽപ്പന്നങ്ങളുടെ വില ലഭ്യമാകാത്തത് എന്നും ഇത് കേരളത്തിന്റെ മൊത്തം പ്രശ്നമാണെന്നും, പകലന്തിയോളം പണിയെടുത്ത് കയ്യിലുള്ള കാശ് മുഴുവൻ മുടക്കി കൃഷി ചെയ്ത കർഷകന്റെ വേദന മനസ്സിലാക്കി നെല്ലുവില നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും അരി ഉൾപ്പെടെയുള്ള നിത്യോപയോഗസാധനങ്ങളുടെ വില കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും പിതാവ് കൂട്ടിച്ചേർത്തു. ഇൻഷുറൻസ് അനുകൂല്യങ്ങൾ ലഭിക്കാതെ കർഷകർ ബുദ്ധിമുട്ടുകയാണ്. സബ്സിഡി ലഭിക്കാനുള്ള അകാരണമായ താമസം ഒഴിവാക്കണമെന്നും യഥാസമയം വിതയ്ക്കാനായി നല്ല വിത്ത് ലഭ്യമാക്കണമെന്നും തന്റെ അധ്യക്ഷ പ്രസംഗത്തിൽ കൂട്ടിച്ചേർത്തു. എക്സിക്യൂട്ടീവ് ഡയറക്ടറും സെക്രട്ടറിയുമായി പ്രവർത്തിച്ച ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, ചാരിറ്റി വേൾഡിന്റെ പ്രവർത്തനത്തിലേക്ക് പൂർണമായി മാറിയ സാഹചര്യത്തിൽ അതിരൂപതാ വികാരി ജനറൽ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ, പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറും സെക്രട്ടറിയുമായി ചാർജ് ഏറ്റെടുത്ത ഇമ്മാനുവേൽ നെല്ലുവേലി അച്ചനെ യോഗത്തിനു പരിചയപ്പെടുത്തി. ചങ്ങനാശേരി അതിരൂപത ക്രിസ്സിന് പുതിയ സാരഥി നിയമിക്കപ്പെട്ടത് തീർച്ചയായും കുട്ടനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുന്നത് ത്വരിതപ്പെടുത്തുമെന്ന് മോൺസിഞ്ഞോർ ജോസഫ് വാണിയപ്പുരക്കൽ അഭിപ്രായപ്പെട്ടു. യോഗാംഗങ്ങൾ അച്ചനെ സർവാത്മനാ സ്വാഗതം ചെയ്തു. വരുന്ന ഒരു വർഷത്തെ പദ്ധതികൾ യോഗം വിശകലനം ചെയ്തു. യോഗത്തിൽ ഫാ. ജോസഫ് കൊച്ചുചിറയിൽ, ഫാ. ജോർജ് പനക്കേഴം, ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, ഫാ. ഇമ്മാനുവേൽ നെല്ലുവേലി, പി.ആർ.ഒ. ടോം ജോസഫ് ചമ്പക്കുളം, ജോർജ് വാച്ചാപറമ്പിൽ, അഡ്വ. ജോസഫ് മാത്യു, സി.ടി. തോമസ് കാച്ചാങ്കോടം, ജോണിച്ചൻ ചേപ്പില, ജോസ് പുൽപ്പത്തറ, പോൾ ഫ്രാൻസിസ് കാഞ്ഞുപ്പറമ്പിൽ, അനിൽ ഇല്ലിപറമ്പിൽ എന്നിവർ യോഗത്തിൽ സംസാരിച്ചു.

ക്രിസിനു വേണ്ടി,

**ടോം ജോസഫ് ചമ്പക്കുളം**
(പി.ആർ.ഒ.)

**ഫാ. എമ്മാനുവേൽ നെല്ലുവേലി**
(എക്സിക്യൂട്ടീവ് ഡയറക്ടർ)

### ജീവകാരുണ്യനിധിയുടെ വാർഷികപൊതുയോഗം

ജീവകാരുണ്യനിധി ട്രസ്റ്റിന്റെ വാർഷികപൊതുയോഗം ഡിസംബർ 17-ാം തീയതി ഉച്ചകഴിഞ്ഞ് 2.30-ന് അതിരൂപതാകേന്ദ്രത്തിലുള്ള കോൺഫറൻസ് ഹാളിൽ നടത്തപ്പെടുന്നതാണ്. സമ്മേളനം മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ജീവകാരുണ്യനിധി ട്രസ്റ്റിന്റെ എല്ലാ സ്ഥിരാംഗങ്ങളെയും പൊതുയോഗത്തിൽ പങ്കെടുക്കാനായി ക്ഷണിക്കുന്നു.

### ഉയർന്ന ആവറേജ് സംഭാവനക്ക് അവാർഡ്

കളർ എ ഹോം ക്രിസ്തുമസ് ധനശേഖരണത്തിൽ ഏറ്റവും ഉയർന്ന ആവറേജ് സംഭാവന (Average per family contribution) നൽകുന്ന രണ്ട് ഇടവകകൾക്ക് എല്ലാ വർഷവും സമ്മാനം നൽകാൻ ജീവകാരുണ്യനിധിയുടെ മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചു. അതനുസരിച്ച് 2021 – 22 വർഷത്തെ ക്രിസ്തുമസ് ധനശേഖരണത്തിൽ യഥാക്രമം 1115/- രൂപയും 1037/- രൂപയും വീതം സമാഹരിച്ച തിരുവനന്തപുരം ലൂർദ്ദ് ഫൊറോനയ്ക്കും ചീരഞ്ചിറ സെന്റ് ജോർജ് ഇടവകയ്ക്കും പുരസ്കാരങ്ങൾ നൽകാൻ തീരുമാനിച്ചു. ഡിസംബർ 17-ന് നടക്കുന്ന പൊതുയോഗത്തിൽ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അവാർഡ് വിതരണം ചെയ്യും.

### ക്രിസ്തുമസ് കളർ എ ഹോം ധനശേഖരണം

2022 ക്രിസ്തുമസ് ധനശേഖരണത്തിനുള്ള പിതാവിന്റെ കത്തും കവറും കുടുംബവിവരഫാറങ്ങളും നവംബർ 30-ന് മുമ്പ് പള്ളികളിൽ എത്തിച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ അതു ലഭിച്ചിട്ടില്ലെങ്കിൽ ആ വിവരം ജീവകാരുണ്യനിധി ട്രസ്റ്റിന്റെ ഓഫീസിൽ അറിയിക്കണം. Ph: 0481 - 2410400

### മില്ല്യൻ സ്റ്റാർ അവാർഡ് പ്രഖ്യാപിച്ചു

കളർ എ ഡ്രീം പദ്ധതിയിൽ 10 ലക്ഷം രൂപ മൂലധനം തികക്കുന്ന ഇടവകകൾക്കു ലഭിക്കുന്ന പുരസ്കാരമാണ് മില്ല്യൻ സ്റ്റാർ അവാർഡ്. 20 ലക്ഷം തികക്കുന്ന ഇടവകകൾക്കു ഡബിൾ മില്ല്യൻ അവാർഡും ലഭിക്കുന്നു. ഈ വർഷം മില്ല്യൻ സ്റ്റാർ അവാർഡിന് അർഹരായ ഇടവകകളുടെ പേരുകൾ പ്രഖ്യാപിച്ചു. 60000 രൂപയും ട്രോഫിയും അടങ്ങുന്നതാണ് അവാർഡ്. ഈ വർഷം ചമ്പക്കര, പുളിങ്കുന്ന് എന്നീ ഇടവകകൾക്കു മില്ല്യൻ സ്റ്റാർ പുരസ്കാരം ലഭിക്കും. അവാർഡ് വിതരണം ഡിസംബർ 17-ാം തീയതി അതിരൂപതാകേന്ദ്രത്തിൽ നടക്കുന്ന വാർഷികപൊതുയോഗത്തിൽ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത നിർവഹിക്കും.

*ശേഷം പേജ് 65 ൽ.....»*

TAASC

## THIRUVANANTHAPURAM AMBOORI AYOOR SOCIAL DEVELOPMENT & CHARITY

തെക്കൻ മേഖലയുടെ സോഷ്യൽ സർവീസ് സൊസൈറ്റി ആയ TAASC ന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. നിലവിലുള്ള കർഷകരുടെ മീറ്റിംഗ് വിളിച്ചു കൂട്ടുകയും മഴക്കാലത്ത് തേനീച്ചകൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും തേനീച്ചയ്ക്ക് ആവശ്യമായ പഞ്ചസാര വിതരണം ചെയ്യുകയും ചെയ്തു. തേനീച്ചകൃഷിക്കുള്ള പുതിയ കർഷകരെ വിവിധ ഇടവകകളിൽ നിന്നായി തെരഞ്ഞെടുത്തു. പുതിയ കർഷകർക്കുള്ള തേനീച്ചക്കൂടും സ്റ്റാൻഡും മറ്റു സാധനങ്ങളും വാങ്ങിച്ചു.

**പുതിയതായി തേനീച്ച കൃഷിക്ക് അംഗത്വം സ്വീകരിച്ചവർ** (യൂണിറ്റ് അടിസ്ഥാനത്തിൽ)

അമ്പൂരി 10, മായം 3, തേക്കുപാറ 17, ഡാൽമുഖം 20, പാലോട് 8, വിതുര 12

**അറിയിപ്പുകൾ**

1) **തേനീച്ച കൃഷിക്ക് പുതിയ അംഗത്വം സ്വീകരിച്ചവർക്കുള്ള പരിശീലനം**

   നവം 29 : ഡാൽമുഖം

   ഡിസം 2 : അമ്പൂരി, തേക്കുപാറ, മായം

   ഡിസം 3 : വിതുര, പാലോട്

2) **ഡിസം 5 : പുതിയ കർഷകർക്കുള്ള തേനീച്ചക്കൂട്, സ്റ്റാൻഡ്, മറ്റു വസ്തുക്കളുടെ വിതരണം.**

**ഫാ. ജോജോ പുതുവേലിൽ**
(ട്രഷറർ)

**ഫാ. ജോസി മഞ്ചേരിക്കളം**
(സെക്രട്ടറി)

» *ജീവകാരുണ്യനിധി ട്രസ്റ്റ് തുടർച്ച...*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2022 ഒക്ടോബർ 25 മുതൽ നവംബർ 22 വരെ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക | തുക |
|---|---|---|
| 1. | ചമ്പക്കര - സെന്റ് ജോസഫ്സ് ചർച്ച് | 151000 |
| 2. | പുളിങ്കുന്ന് - സെന്റ് മേരീസ് ഫൊറോനാ ചർച്ച് | 21500 |
| 3. | വെരൂർ - സെന്റ് ജോസഫ്സ് ചർച്ച് | 10000 |
| 4. | ചമ്പക്കുളം - സെന്റ് മേരീസ് ബസിലിക്ക | 3000 |

ഈശോയിൽ പ്രിയ അച്ചന്മാരേ, സമർപ്പിതരേ, DFC ഭാരവാഹികളേ,

ദീപിക തീവ്രപ്രചാരണമാസത്തിന്റെ തിരക്കിലാണ് എല്ലാവരും എന്നറിയാം. എല്ലാ ഇടവകകളിലും ദീപിക പ്രചാരണം വൻവിജയമാക്കുവാൻ നമുക്ക് ഉത്സാഹിക്കാം.

**1. ഇടവകയിലെ നേതൃനിരയെ സമ്പൂർണ്ണ ദീപിക വരിക്കാരാക്കാം**

അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഈ വർഷം നിർദ്ദേശിച്ചിരിക്കുന്നത് ഇടവകയിലെ നേതൃനിരയെ സമ്പൂർണ്ണ ദീപിക വരിക്കാരാക്കിക്കൊണ്ട് ഇടവകകളിൽ തീവ്രപ്രചാരണത്തിനു തുടക്കംകുറിക്കുക എന്നതാണ്. ഇടവകയിലെ പാരീഷ് കൗൺസിൽ അംഗങ്ങൾ, കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, മതാദ്ധ്യാപകർ, സംഘടനാ ഭാരവാഹികൾ, സഭയുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ ആദ്യം ദീപിക വരിക്കാരാകണം. ഈ ലക്ഷ്യം നേടാൻ ഇടവക തലത്തിൽ ആദ്യം പരിശ്രമിക്കണം. അതോടൊപ്പം കുടുംബക്കൂട്ടായ്മാ അടിസ്ഥാനത്തിൽ DFC യുടെയും കൂട്ടായ്മലീഡേഴ്സിന്റെയും നേതൃത്വത്തിൽ ഭവന സന്ദർശനങ്ങൾ നടത്തി ദീപിക തീവ്രപ്രചാരണം ശക്തമാക്കാം.

**2. സമ്പൂർണ്ണ ദീപിക കുടുംബക്കൂട്ടായ്മകൾക്കു അതിരൂപതാതലത്തിൽ പ്രത്യേക സമ്മാനങ്ങൾ**

കുടുംബക്കൂട്ടായ്മ ലീഡേഴ്സും സെക്രട്ടറിമാരുമാണ് ഈ വർഷം മുതൽ കുടുംബക്കൂട്ടായ്മാതലങ്ങളിൽ DFC യുടെ ഉത്തരവാദിത്തപ്പെട്ടവർ എന്നാണ് അഭി. പിതാവ് നിർദ്ദേശിച്ചിരിക്കുന്നത്. അവരുടെ നേതൃത്വത്തിൽ DFC യെ ശക്തിപ്പെടുത്തുന്നതോടൊപ്പം ഓരോ ഇടവകയെയും സമ്പൂർണ്ണ ദീപിക വരിക്കാരാക്കാൻ ഉത്സാഹിക്കാം. സമ്പൂർണ്ണ ദീപിക വരിക്കാരാകുന്ന കുടുംബക്കൂട്ടായ്മകൾക്ക് അതിരൂപതാതലത്തിൽ ഈ വർഷം പ്രത്യേക സമ്മാനങ്ങൾ നൽകുന്നതാണ്.

**3. ഇടവകതലങ്ങളിൽ ക്രിസ്തുമസ് – ഏജന്റ് മീറ്റ് സംഘടിപ്പിക്കാം**

DFC യുടെ നേതൃത്വത്തിൽ എല്ലാ ഇടവകയിലും ക്രിസ്തുമസിനോടനുബന്ധിച്ച് ദീപിക ഏജന്റുമാരുടെ മീറ്റിംങ്ങ് കൂടി അവർക്ക് ചെറിയ സമ്മാനങ്ങൾ നൽകി ആദരിക്കുന്നതിന് ബഹു. വികാരിയച്ചന്മാരോട് ആലോചിച്ചു ക്രമീകരിക്കുന്നത് അവർക്ക് വലിയ പ്രോത്സാഹനമായിരിക്കും.

**4. എല്ലാ സ്ഥാപനങ്ങളിലും ഭവനങ്ങളിലും ദീപിക കലണ്ടർ**

എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ദീപിക കലണ്ടർ എത്തിക്കുവാൻ കഴിഞ്ഞ വർഷത്തേതുപോലെ DFC ഭാരവാഹികൾ നേതൃത്വം ഏറ്റെടുക്കണം. ദീപിക സർക്കുലേഷൻ ഏരിയാ മാനേജർമാരുമായി ബന്ധപ്പെട്ടാൽ ആവശ്യത്തിനുള്ള കലണ്ടറുകൾ ഇടവകകളിൽ എത്തിക്കാനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. DFC യൂണിറ്റുകൾക്ക് സ്പെഷ്യൽ ഡിസ്കൗണ്ട് റേറ്റിൽ ലഭിക്കുന്നതാണ്.

**5. പത്ര ലഭ്യത–ഹെൽത്ത് കാർഡ് ലഭ്യത, വരിസംഖ്യ പുതുക്കൽ, മെച്ചപ്പെട്ട സേവനം ലഭിക്കാൻ ഉടൻ വിളിക്കുക.**

| | | |
|---|---|---|
| ദീപിക കസ്റ്റമർ കെയർ നമ്പർ | : | 8590988999 |
| വാർത്താ സംബന്ധം | : | 0481 2566706, 2566707 |
| വിളിക്കേണ്ട സമയം | : | 9.30 am - 5.00 pm |

| | | | |
|---|---|---|---|
| 1. | ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം, | : | ജോസഫ് തോമസ് 9207735066 |
| 2. | ചമ്പക്കുളം, എടത്വാ, പുളിങ്കുന്ന് | : | അനൂപ് 9400751229 |
| 3. | ആലപ്പുഴ, മുഹമ്മ | : | ശ്രീകുമാർ 9895620676 |
| 4. | ചെങ്ങന്നൂർ | : | ഷെമീർ 7034023236 |
| 5. | നെടുംകുന്നം, മണിമല | : | ബിനിൽ ജോസഫ് 9497391820 |
| 6. | തിരുവനന്തപുരം, അമ്പൂരി, കൊല്ലം – ആയൂർ | : | ഇ.വി. വർക്കി 9349599028 |
| 7. | കോട്ടയം, കുടമാളൂർ, അതിരമ്പുഴ | : | കോര ഡി. 9495445827 |
| 8. | യൂണിറ്റ് സർക്കുലേഷൻ മാനേജർ | : | വർഗീസ് ഡൊമിനിക് 9400390539 |

**ഉപസംഹാരം**

അഭിവന്ദ്യ പിതാവ് പ്രഖ്യാപിച്ച ദീപിക പ്രചാരണം ഇനി ഏതെങ്കിലും ഇടവകകളിൽ ആരംഭിക്കാനുണ്ടെങ്കിൽ ഉടനെ ആരംഭിക്കാം. അതോടൊപ്പം ദീപിക വരുത്തുന്ന സഹോദരങ്ങൾക്ക് മികച്ച സേവനം ഉറപ്പു വരുത്താൻ നമുക്കെല്ലാം ഉത്സാഹിക്കാം. പത്ര ഏജന്റുമാരും ദീപിക ടീമും DFCയും ദീപിക വരിക്കാരും തമ്മിലുള്ള ബന്ധം ഊഷ്മളമാകുമ്പോഴാണ് ദീപിക വരുത്തുന്നതിൽ സംതൃപ്തിയും സന്തോഷവും അവർക്കുണ്ടാകുന്നത്. അത് ഉറപ്പാക്കി ബന്ധങ്ങളുടെ ഊഷ്മളത വളർത്തി, ദീപിക ഫ്രണ്ട്സ് ക്ലബ് വളരട്ടെ.


**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)
9447432531

**ആന്റണി തോമസ് മലയിൽ**
9446342561
**ആൻസി മാത്യു ചേന്നോത്ത്**
9447390669
(പ്രസിഡന്റ്സ്)

**സണ്ണി പുളിങ്കാലായിൽ**
9539125164
**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
(ജന. സെക്രട്ടറീസ്)


---

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**

**വർഗീസ് ഡൊമിനിക്– 9400390539, കോര സി. – 9495445827, വർക്കി ഇ.വി. – 9349599028, ജോജോ– 9847361030, അനൂപ് സെബാസ്റ്റ്യൻ– 9400751229**

## സെന്റ് തോമസ് ഹോസ്പിറ്റൽ

### ലോകപ്രമേഹദിനാചരണവും വാക്കത്തോണും

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ജനറൽ മെഡിസിൻ ആന്റ് ഡൈബറ്റോളജിയുടെ നേതൃത്വത്തിൽ ലോകപ്രമേഹദിനാചരണവും വാക്കത്തോണും ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു. സാമൂഹിക – സാംസ്ക്കാരിക – വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിച്ച വാക്കത്തോൺ രാവിലെ 8.45 ന് ബൈപ്പാസ് ജംഗ്ഷനിൽ ചങ്ങനാശേരി സർക്കിൾ ഇൻസ്പെക്ടർ റിച്ചാർഡ് വർഗീസ് ഫ്ളാഗ് ഓഫ് ചെയ്തു. ആരോഗ്യമുള്ള ശരീരത്തിനും മനസ്സിനുമായി ഒരു ചുവട് എന്ന സന്ദേശവുമായി സംഘടിപ്പിക്കുന്ന വാക്കത്തോൺ ചെത്തിപ്പുഴ ആശുപത്രിയിൽ സമാപിച്ചപ്പോൾ അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ അധ്യക്ഷതയിൽ പൊതുസമ്മേളനം ആരംഭിച്ചു അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ. ഉദ്ഘാടനം നിർവ്വഹിച്ചു. പ്രമേഹദിനാചരണത്തിന്റെ ഭാഗമായി ഓ.പി.ക്ക് മുമ്പിൽ എക്സിബിഷൻ, സൗജന്യ മെഡിക്കൽ ക്യാമ്പ്, സൗജന്യ കൺസൾട്ടേഷൻ, ലാബ് ടെസ്റ്റുകൾക്ക് ഇളവുകൾ എന്നിവ സംഘടിപ്പിച്ചിരുന്നു.

### ആന്റിമൈക്രോബിൽ ബോധവത്ക്കരണ വാരാചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് ക്ലിനിക്കൽ ഫാർമസിയുടെ നേതൃത്വത്തിൽ നവംബർ 18 മുതൽ 24 വരെ ആന്റിമൈക്രോബിൽ ബോധവത്ക്കരണ വാരാചരണം സംഘടിപ്പിച്ചു. ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് പോസ്റ്റർ രചന മത്സരം നടന്നു. നവംബർ 22 ന് സംഘടിപ്പിച്ച സിമ്പോസിയത്തിൽ ബിലിവേഴ്സ് ചർച്ച് മെഡിക്കൽ കോളേജിലെ ഡോ. ഗ്രേയിസ് മേരി ജോൺ മുഖ്യപ്രഭാഷണം നടത്തി. നവംബർ 23 ന് ചങ്ങനാശേരി താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ ബോധവത്ക്കരണ പരിപാടികളും നവംബർ 24 ന് ടാബ്ളോ മത്സരവും സംഘടിപ്പിച്ചു.

### ചുമതലയേറ്റു

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് യൂറോളജിയിൽ ഡോ. മെബിൻ ബി. തോമസ് കൺസൾട്ടന്റ് യൂറോളജിസ്റ്റായി ചുമതലയേറ്റു. തിങ്കൾ, ചൊവ്വ, വ്യാഴം ദിവസങ്ങളിൽ രാവിലെ 9 മുതൽ 1 വരെയും ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം 4 മുതൽ 6 വരെയും അദ്ദേഹത്തിന്റെ സേവനം ഓ.പിയിൽ ലഭ്യമാണ്. ഡിപ്പാർട്ടുമെന്റ് ഓഫ് നാച്ചു

റോപ്പതിയിൽ തിങ്കൾ മുതൽ ശനിവരെ വൈകുന്നേരം 3.30 മുതൽ 6.30 വരെ ഡോ. ശ്വേത റിയ ഉമ്മന്റെയും ഡെന്റൽ വിഭാഗത്തിൽ ഡോ. ബെന്നി തോമസിന്റെയും പ്ലാസ്റ്റിക് ആന്റ് റീകൺസ്ട്രക്ഷൻ വിഭാഗത്തിൽ ഡോ. എസ്. പരിമളാദേവിയുടെയും സേവനം ഇനി ലഭ്യമാണ്.

**സഞ്ചരിക്കുന്ന ഷുഗർവണ്ടിയുടെ പ്രയാണം**

മണിമലയുടെ വിവിധ ഭാഗങ്ങളിൽ രാവിലെ മുതൽ സഞ്ചരിച്ച സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെ ഷുഗർ വണ്ടി മണിമല കറിക്കാട്ടൂർ, പൊന്തൻ പുഴ, മൂങ്ങാനി എന്നി സ്ഥലങ്ങളിൽ സൗജന്യ പ്രമേഹപരിശോധന നടത്തി.

**സൗജന്യ നേത്രപരിശോധനാ ക്യാമ്പ് നടത്തി**

സൗജന്യ നേത്രപരിശോധനാ ക്യാമ്പ് വാഴൂർ ബ്ളോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് രഞ്ജിനി ബേബി അന്തിനാട്ട് ഉദ്ഘാടനം ചെയ്തു. വെരി റവ. ഫാ. മാത്യു താന്നിയത്ത് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അസോസിയേറ്റ് ഡയറക്ടർ ഫാ. ജേക്കബ് അത്തിക്കളം, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയാ, ഫിനാൻസ് മാനേജർ ബിജു ജോസഫ്, പി.ആർ.ഒ. അഭിലാഷ് ജോർജ് എന്നിവർ പ്രസംഗിച്ചു. നേത്രരോഗ വിദഗ്ദ്ധൻ ഡോ. തോമസ് സഖറിയായുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ ഡോക്ടർമാർ ക്യാമ്പിന് നേതൃത്വം നല്കി.

**സപ്തതി ലോഗോ പ്രകാശനം**

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി സേവനമികവിന്റെ എഴുപതാണ്ടുകൾ പൂർത്തിയാക്കുന്നു. നവംബർ 24-ാം തീയതി രാവിലെ 9 ന് ഹോസ്പിറ്റൽ ചാപ്പലിൽ ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം കൃതജ്ഞതാബലിയർപ്പിച്ചു. തുടർന്ന് ഓ.പി. ഹാളിൽ സപ്തതി സ്മാരക ലോഗോ പ്രകാശനം ചെയ്തു. സഹായമെത്രാൻ മാർ തോമസ് തറയിൽ വികാരി ജനറാളുമാർ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, അഭ്യുദയകാംഷികൾ എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ജോഷി മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
(അസോ. ഡയറക്ടേഴ്സ്)

**ഫാ. ജയിംസ് പി. കുന്നത്ത്**
(ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

സഹൃദയ ആശുപത്രിയും വി. അന്തോനീസിന്റെ തീർത്ഥാടന കേന്ദ്രമായ മുട്ടാർ സെന്റ് തോമസ് ദേവാലയത്തിലെ മാതൃവേദി-പിതൃവേദി യൂണിറ്റുകളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം ആശുപത്രിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ്

മാളിയേക്കലും ഇടവക വികാരി ഫാ. ഐസക്ക് മുണ്ടുനടയ്ക്കലും ചേർന്ന് നിർവഹിച്ചു. ഡോ. ഗോവിന്ദ് എസ് (ജനറൽ മെഡിസിൻ), ഡോ. സന്ദീപ് സുരേന്ദ്രൻ (റുമറ്റോളജി ഡിപ്പാർട്ട്മെന്റ്) സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ സേവനങ്ങളും പ്രമേഹ രോഗ നിർണ്ണയ പരിശോധനകളും, സൗജന്യ മരുന്ന് വിതരണം നടത്തി.

**പ്രമേഹ ദിനാചരണം**

പ്രമേഹദിനത്തിൽ ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലും ആശുപത്രിയിലും സൗജന്യ പ്രമേഹ പരിശോധനയും സ്പെഷ്യൽ ഡയബറ്റിക് പാക്കേജ് 50% ഡിസ്കൗണ്ടും നൽകി. ജനറൽ മെഡിസിൻ വിഭാഗം ഡോ. ഗോവിന്ദ് എസ്. ന്റെ നേതൃത്വത്തിൽ പ്രമേഹത്തെ കുറിച്ചുള്ള ക്ലാസും സംശയ നിവാരണവും സംഘടിപ്പിച്ചു. ഡയറ്ററി വിഭാഗത്തിന്റെ നേതൃത്വത്തിൽ പോഷക ആഹാരങ്ങളെക്കുറിച്ചുള്ള അവബോധവും എക്സിബിഷനും സംഘടിപ്പിച്ചു. ചിൽഡ്രൻസ് ഡേയോട് അനുബന്ധിച്ച് കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**മെഗാ ഡെന്റൽ ക്യാമ്പ്**

സഹൃദയ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ ആലപ്പുഴ പ്രസ്സ് ക്ലബ്ബിന്റെയും ഇന്ത്യൻ ഡെന്റൽ അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ മെഗാ ഡെന്റൽ ക്യാമ്പ് നടത്തി. അതോടൊപ്പം മാധ്യമപ്രവർത്തകർക്കുള്ള ഹെൽത്ത് പ്രിവിലജ് കാർഡ് പ്രകാശനം ചെയ്തു.

**ലോകറേഡിയോഗ്രാഫി ദിനാചരണം**

വേൾഡ് റേഡിയോ ഗ്രാഫി ഡേയുടെ ഭാഗമായി ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫുകളെ ആദരിക്കുകയും പൊതുജനങ്ങൾക്കായി 25% ഡിസ്കൗണ്ട് റേഡിയോഗ്രാഫി പരിശോധനകൾക്ക് നൽകുകയും ചെയ്തു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(ഡയറക്ടർ)

**അന്താരാഷ്ട്ര സീനിയർ സിറ്റിസൺ ദിനാചരണം ചമ്പക്കര ഇടവകയിൽ**

ലോക വയോജനദിനാചരണം ചമ്പക്കര ഇടവകയിൽ സമുചിതമായി ആചരിച്ചു. 65 വയസിനുമേൽ പ്രായമുള്ളവരുടെ സംഗമത്തിൽ ഇടവകയിലെ ഭൂരിഭാഗം പേരും വലിയ സന്തോഷത്തോടെ പങ്കെടുത്തു. പ്രായമായവർക്കുവേണ്ടി കുമ്പസാരം, വിശുദ്ധ കുർബാന, സ്നേഹവിരുന്ന്, ഗ്രൂപ്പ് ഫോട്ടോ, കലാപരിപാടികൾ എന്നിവ ഉണ്ടായിരുന്നു. ഏറ്റവും പ്രായമായവരെ പ്രത്യേകം ആദരിച്ചു. ഇടവകയിൽ പ്രത്യേക സേവനങ്ങൾ ചെയ്തിട്ടുള്ളവരെയും സംഗമത്തിൽ പങ്കെടുത്ത എല്ലാ പ്രായമായവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. പങ്കെടുത്ത എല്ലാ പ്രായമായവർക്കും വലിയ ആനന്ദത്തിന്റെയും അഭിമാനത്തിന്റെയും ഓർമകൾ പ്രദാനം ചെയ്തു. വികാരിയച്ചനും കൊച്ചച്ചനും കൈക്കാരന്മാരും മാതൃവേദി-പിതൃവേദി അംഗങ്ങളും നേതൃത്വം നൽകി.

**എൽഡേഴ്സ് മീറ്റ് അയർക്കുന്നം ഇടവകയിൽ**

കോവിഡ് കാലത്തിനുശേഷം അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ നവംബർ 6 ന് നടന്ന പ്രായമായവരുടെ സംഗമത്തിൽ വലിയ താല്പര്യത്തോടെ 150ലേറെ പേർ പങ്കെടുത്തു. വേണ്ടത്ര ഒരുക്കത്തോടെ ക്രമീകരിച്ച സംഗമത്തിൽ ദിവ്യകാരുണ്യ ആരാധനയും ഗാനശുശ്രൂഷയും വിശുദ്ധ കുർബാനയും കാപ്പിസൽക്കാരവും ഉണ്ടായിരുന്നു. ഫാ. തോമസ് പ്ലാപ്പറമ്പിൽ സന്ദേശം നൽകി. ഇടവകയിൽ ഏറ്റവും പ്രായമുള്ള വല്യപ്പനും വല്യമ്മയും ചേർന്ന് ഉദ്ഘാടനദീപം തെളിയിച്ചു. വികാരി ബഹു. ആന്റണി കിഴക്കേവീട്ടിലും കൊച്ചച്ചനും കൈക്കാരന്മാരും മാതൃ-പിതൃവേദി അംഗങ്ങളും സംഗമത്തിന് നേതൃത്വം നൽകി.

**ഇടവകതിരുനാളിൽ ഒരുദിവസം പ്രായമായവർക്ക്**

ഇടവകകുടുംബത്തിൽ തിരുനാൾ ആചരിക്കുമ്പോൾ പ്രായമായവരെ ആദരിക്കുവാൻ ഒരു ദിവസം മാറ്റിവയ്ക്കുന്നതു സമുചിതമാണല്ലോ. എൽഡേഴ്സ് സംഗമവും രോഗീദിനാചരണവും രണ്ടായി ക്രമീകരിക്കുന്നതാണ് നല്ലത്. ശുശ്രൂഷകൾക്കു വിളിക്കുക: 9495107045

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
(ഡയറക്ടർ)
9495107045

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

ഏവർക്കും അമലോത്ഭവ തിരുനാളിന്റെ പ്രാർത്ഥനകളും ക്രിസ്തുമസിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ അഭി. മാർ തോമസ് പാടിയത്ത് പിതാവിന് ആശംസകൾ അറിയിക്കുന്നതിനായി അതിരൂപത സംഘടിപ്പിച്ച സമ്മേളനത്തിൽ ഡയറക്ടറോടും അസി. ഡയറക്ടറോടുമൊപ്പം എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. ഈ മീറ്റിംഗിൽ ജയ്പൂർ മിഷൻ പ്രവർത്തനങ്ങൾക്കായി പിതാവിന്റെ പക്കൽ സാമ്പത്തികസഹായം നൽകുകയുമുണ്ടായി. തദവസരത്തിൽ ഡിപ്പാർട്ടുമെന്റിനുവേണ്ടി തയ്യാറാക്കിയ നിയമാവലി പുസ്തകം; അഭി. ജോസഫ് പെരുന്തോട്ടം പിതാവ്, അഭി. തോമസ് പാടിയത്ത് പിതാവിനു നൽകിക്കൊണ്ട് പ്രകാശനകർമ്മം നിർവഹിച്ചു. നവംബർ 10-ാം തീയതി ജന്മദിനമാഘോഷിച്ച സഹരക്ഷാധികാരിയായ പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചന് ജന്മദിനാശംസകൾ നേർന്നു. ഓഫീസ് അംഗങ്ങളും എക്സിക്യൂട്ടീവ് അംഗങ്ങളും ഡയറക്ടറോടൊപ്പം പങ്കെടുത്തു. വിശുദ്ധരുടെ തിരുനാളുകളോടനുബന്ധിച്ച് ഒമാൻ സെന്റ് ജോസഫ് സൺഡേസ്കൂൾ കുട്ടികൾ അവതരിപ്പിച്ച കലാസന്ധ്യ നവംബർ 12 രാത്രി 7 മണിക്ക് നടത്തപ്പെട്ടു. ഡീക്കൻ മാത്യു പള്ളിച്ചിറ വിശിഷ്ടാതിഥി ആയിരുന്നു. 27-ാം തീയതി ദുബായിൽ നടന്ന SMCA മീറ്റിംഗിൽ അഭി. ജോസഫ് പെരുന്തോട്ടം പിതാവിനോടൊപ്പം ഡയറക്ടർ പങ്കെടുത്തു.

**മീറ്റിംഗുകൾ**

13-ാം തീയതി UAE, 18-ാം തീയതി കുവൈറ്റ് എന്നീ രാജ്യങ്ങളുടെ എക്സിക്യൂട്ടീവ് മീറ്റിംഗുകൾ നടത്തപ്പെട്ടു.

**അനുശോചനം**

ദുബായിൽനിന്നും ബ്ലഡ് ക്യാൻസർ രോഗബാധിതനായി മടങ്ങിയെത്തിയ കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗം പുന്നക്കുന്നം പടിയറ റെന്നി ദേവസ്യയുടെ നിര്യാണത്തിൽ ഡയറക്ടറച്ചനും എക്സിക്യൂട്ടീവ് അംഗങ്ങളും ഭവനം സന്ദർശിച്ചു പ്രാർത്ഥിക്കുകയും അനുശോചനമറിയിക്കുകയും ചെയ്തു.

**ആവേ മരിയ ഹോളിഡേയ്സ്**

നവംബർ 5 ന് ബഹു. ജോസഫ് പൂവത്തുശേരി അച്ചന്റെയും ബഹു. ജോസഫ് ചമ്പക്കുളം അച്ചന്റെയും ആത്മീയ നേതൃത്വത്തിൽ വിശുദ്ധനാട് തീർത്ഥാടനം നടത്തിയ തീർത്ഥാടകസംഘം നവംബർ 15 ന് തിരിച്ചെത്തി.

നവംബർ 12-ാം തീയതി ബഹു. ജിജോ മാറാട്ടുകളം അച്ചന്റെയും ബഹു. ജോർജ് നൂഴായിത്തടം അച്ചന്റെയും നേതൃത്വത്തിൽ വിശുദ്ധനാട് തീർത്ഥാടനം നടത്തിയ തീർത്ഥാടകസംഘം 22-ാം തീയതി തിരികെയെത്തി. മാർച്ചുമാസം നടത്തുന്ന അടുത്ത തീർത്ഥയാത്രയുടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ.**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**
Ave Maria Holidays : 9207777092

ഈശോയിൽ പ്രിയപ്പെട്ടവരേ,

ക്രിസ്മസിന് ഒരുക്കമായുള്ള 25 നോമ്പ് ദിനങ്ങളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ! പരിശുദ്ധാത്മാവിൽ നവീകരിക്കപ്പെടുവാൻ ആത്മാർത്ഥമായി നമുക്കു പരിശ്രമിക്കാം.

തൊഴിൽ തേടി വിദേശങ്ങളിലേക്കുമാത്രം കടക്കാനുള്ള പുതിയ തലമുറയുടെ പ്രവണതയെ നാം തിരുത്തേണ്ടതുണ്ട്. പിറന്നമണ്ണിൽ ഒരു ജോലി എന്നത് ഒരു വെല്ലുവിളിയായി പുതുതലമുറയ്ക്കു നാം പകരേണ്ടത് അനിവാര്യമായിരിക്കുന്നു. കെ.എൽ.എം. പ്രവർത്തകർക്ക് ഇക്കാര്യത്തിൽ ഒരുപാട് പ്രവർത്തന സാധ്യതയുണ്ട്, ഇത് പ്രയോജനപ്പെടുത്താം.

സ്നേഹപൂർവം,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

**അതിരൂപതാ ഓഫീസ് നവീകരണം**

കെ.എൽ.എം. അതിരൂപതാ ഓഫീസ് നവീകരണം ഭംഗിയായി പൂർത്തിയായി. വെഞ്ചരിപ്പുകർമ്മം നവംബർ 1 ന് ഉച്ചകഴിഞ്ഞ് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു. വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, വൈദികർ, അതിരൂപതാ സമിതിയംഗങ്ങൾ, യൂണിറ്റ് കോർഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.

**അതിരൂപതാ സമിതി മീറ്റിംഗ്**

നവംബർ 12 ഉച്ചകഴിഞ്ഞ് 2 മണിക്കു നടത്തപ്പെട്ട അതിരൂപതാസമിതിയിൽ 30 പേർ പങ്കെടുത്തു. സംഘടനയുടെ തുടർന്നുള്ള പ്രവർത്തനപരിപാടികളെക്കുറിച്ചു വിശദമായി ചർച്ചചെയ്തു.

**തൊഴിൽ പരിശീലനം**

മുപ്പത് വനിതകൾക്കായുള്ള സാരി പെയിന്റിംഗ് തൊഴിൽ പരിശീലനം നവംബർ 26ന് സംഘടിപ്പിച്ചു.

**കോട്ടയം ഫൊറോനാ നേതൃസംഗമം**

കോട്ടയം ഫൊറോനാ കെ.എൽ.എം. നേതൃസംഗമം കൂരോപ്പട മാർ സ്ലീവാ പാരീഷ് ഹാളിൽ നവംബർ 6 ന് സംഘടിപ്പിക്കപ്പെട്ടു. ഫൊറോനാ കോർഡിനേറ്റർ ശ്രീ. ബിനോയ് കാരുമലയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം, വികാരി റവ. ഫാ. ജോസ് പാറശ്ശേരിൽ, കെ.എൽ.എം. ഭാരവാഹികൾ എന്നിവർ സംബന്ധിച്ചു.

*ശേഷം പേജ് 76 ൽ.....»*

പ്രിയ സ്നേഹിതരേ,

### 1. നെടുംകുന്നം ഫൊറോനാ സമ്മേളനം

ദർശൻ 2022 ന്റെ ഭാഗമായി നടത്തുന്ന യൂണിറ്റ് സമ്മേളനങ്ങൾക്കുശേഷമുള്ള നെടുംകുന്നം ഫൊറോനാ കൺവൻഷൻ ഒക്ടോബർ 30 ഉച്ചകഴിഞ്ഞ് രണ്ടു മുതൽ അഞ്ചുവരെ നെടുംകുന്നം ഫൊറോനാപള്ളി പാരിഷ്ഹാളിൽ നടന്നു. പ്രസിഡന്റ് ജോസഫ് ദേവസ്യ അധ്യക്ഷതവഹിച്ചു അതിരൂപതാ പ്രസിഡന്റ് പി.പി. ജോസഫ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, ഫൊറോനാ വികാരി വെരി റവ. ഫാ. വർഗീസ് കൈതപ്പറമ്പിൽ, ഫൊറോനാ ഡയറക്ടർ റവ. ഫാ. തോമസ് പ്ലാപ്പറമ്പിൽ, അതിരൂപതാ ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, അതിരൂപതാ സെക്രട്ടറി ജോർജുകുട്ടി മുക്കത്ത്, അതിരൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ഷിജി ജോൺസൺ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ സൺഡേ സ്കൂളിൽ 50 വർഷത്തെ അധ്യാപനം പൂർത്തിയാക്കിയ പി.ടി. ജോൺ സാറിനെയും കെ.സി.എഫ്. സംസ്ഥാന വൈസ് പ്രസിഡന്റ് ഷിജി ജോൺസനെയും ആദരിച്ചു. സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾ വിവിധ ഗ്രൂപ്പുകളായി വ്യത്യസ്തമായ വിഷയങ്ങൾ ചർച്ചചെയ്ത് നിർദ്ദേശങ്ങൾ അവതരിപ്പിച്ചു.

### 2. മേഖലാ കൺവെൻഷൻ

ഫൊറോനാ സമ്മേളനങ്ങൾക്കുശേഷമുള്ള കിഴക്കൻ മേഖലാ കൺവെൻഷൻ കുറുമ്പനാടം ഫൊറോനാപള്ളി ഹാളിൽ നടന്നു. അതിരൂപതാ സെക്രട്ടറി ജോർജുകുട്ടി മുക്കത്ത് അധ്യക്ഷനായിരുന്നു. അഭി. മാർ തോമസ് തറയിൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് പി.പി. ജോസഫ് കർഷകസമര പ്രഖ്യാപനം നടത്തി. ഫൊറോനാ വികാരി വെരി റവ. ഡോ. ചെറിയാൻ കറുകപ്പറമ്പിൽ, ഫൊറോനാ ഡയറക്ടർ റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ, അതിരൂപതാ ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, അതിരൂപതാ നിർവാഹകസമിതിയംഗം ഷിജി ജോൺസൺ, ഫൊറോനാ പ്രസിഡന്റുമാരായ പീറ്റർ നാഗപറമ്പിൽ, ജോസഫ് ദേവസ്യ എന്നിവർ പ്രസംഗിച്ചു. കൺവെൻഷനിൽ കത്തോലിക്കാകോൺഗ്രസ് യൂണിറ്റുകളിലെ ഏറ്റവും മികച്ച മാതൃകാ കർഷകനെ അനുമോദിച്ചു. കാർഷിക മേഖലയിലെ വില തകർച്ചയ്ക്കും കർഷകരോടുള്ള രാഷ്ട്രീയ-ഭരണനേതൃത്വങ്ങളുടെ അവഗണനയ്ക്കും എതിരായുള്ള പ്രമേയം കുറുമ്പനാടം യൂണിറ്റ് പ്രസിഡണ്ട് തോമസ് ജെ. മാന്തറ അവതരിപ്പിച്ചു.

### 3. CAN (ക്യാമ്പയിൻ എഗൈൻസ്റ്റ് നാർക്കോട്ടിക്സ്)

കത്തോലിക്കാ യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തുന്ന ക്യാൻ

പരിപാടിയുടെ അതിരൂപതാതല ഉദ്ഘാടനം ആലപ്പുഴ മാർ സ്ലീവാ ഫൊറോനാ പള്ളി ഹാളിൽ നടന്നു. അതിരൂപതാ ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ അധ്യക്ഷനായിരുന്നു ചങ്ങനാശേരി എസ്.ബി. കോളേജ് പ്രിൻസിപ്പൽ റവ. ഫാ. ജോസഫ് പ്ലാത്തോട്ടം ഉദ്ഘാടനം ചെയ്തു. ഫാ. ജോയി ചേഞ്ചേരിൽ എം.സി.ബി.എസ്. ലഹരിവിരുദ്ധ ബോധവൽക്കരണക്ലാസ് നടത്തി. അതിരൂപതാ സെക്രട്ടറി ടോമിച്ചൻ മേത്തശേരി, ഫൊറോനാ പ്രസിഡന്റ് ടോമി കടവിൽ, യൂത്ത് കൗൺസിൽ ഗ്ലോബൽ ജനറൽ കോർഡിനേറ്റർ ബിനു ഡൊമിനിക്ക്, അതിരൂപതാ ജനറൽ കോർഡിനേറ്റർ ജിനോ ജോസഫ്, മേഖലാ കൺവീനർ സെബാസ്റ്റ്യൻ ആലപ്പുഴ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ റോയി കൊട്ടാരച്ചിറ, വർഗീസ് ആന്റണി എന്നിവർ പ്രസംഗിച്ചു.

### 4. യൂത്ത് കൗൺസിൽ മേഖലാ സമ്മേളനം

യൂത്ത് കൗൺസിലിന്റെ കോട്ടയം മേഖലാ സമ്മേളനം ഒക്ടോബർ 20 ഞായർ ഉച്ചകഴിഞ്ഞ് മൂന്നിന് കോട്ടയം ലൂർദ് ഫൊറോനാപള്ളി ഹാളിൽ നടന്നു. കത്തോലിക്കാകോൺഗ്രസ് അതിരൂപതാ വൈസ് പ്രസിഡന്റ് ഷെയിൻ ജോസഫ് അധ്യക്ഷനായിരുന്നു. ലൂർദ് ഫൊറോനാപള്ളി വികാരി വെരി റവ. ഡോ. ഫിലിപ്പ് നെൽപ്പുരപറമ്പിൽ ഉദ്ഘാടനംചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ മുഖ്യസന്ദേശം നൽകി. യൂത്ത് കൗൺസിൽ ഗ്ലോബൽ ജനറൽ കോർഡിനേറ്റർ ബിനു ഡൊമിനിക്, അതിരൂപതാ ജനറൽ കോർഡിനേറ്റർ ജിനോ ജോസഫ്, മേഖലാ കോർഡിനേറ്റർ മനു ജെ. വരാപ്പള്ളി കത്തോലിക്കാകോൺഗ്രസ് ഫൊറോനാ പ്രസിഡന്റുമാരായ കുഞ്ഞ് കളപ്പുര, ജെ.സി. തറയിൽ, ജോബി സേവ്യർ എന്നിവർ പ്രസംഗിച്ചു. കോട്ടയം, അതിരമ്പുഴ, കുടമാളൂർ ഫൊറോനകളുടെ യൂത്ത് കൗൺസിൽ കോർഡിനേറ്റർമാരെ തിരഞ്ഞെടുത്തു.

### പൊതു പ്രതികരണങ്ങൾ

സംവരണേതര വിഭാഗങ്ങൾക്കുള്ള 10 ശതമാനം സാമ്പത്തിക സംവരണം അംഗീകരിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധി, ദലിത് ക്രൈസ്തവർ വൈദേശിക മതങ്ങളിൽ വിശ്വസിക്കുന്നവർ ആകയാൽ അവർക്കു സംവരണം അനുവദിക്കാൻ പാടില്ല എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലം, വേളാങ്കണ്ണിയിലേക്കുള്ള സ്പെഷ്യൽ ട്രെയിൻ നിർത്തലാക്കാനുള്ള സതേൺ റെയിൽവേയുടെ തീരുമാനം, ആര്യങ്കാവിൽ കർഷകനെ മൃഗീയമായി മർദ്ദിച്ച വനംവകുപ്പ് ഉദ്യോഗസ്ഥന്റെ പ്രവർത്തനം എന്നീ വിഷയങ്ങളിൽ ഉചിതമായ ചർച്ചകൾ നടത്തി പൊതു പ്രതികരണങ്ങൾ നടത്തി.

ഈ കാലയളവിൽ 5 പുതിയ യൂണിറ്റുകൾ രൂപീകരിച്ചു. അതിരൂപതാ നിർവാഹക സമിതിയുടെ രണ്ട് നേരിട്ടുള്ള യോഗങ്ങളും മൂന്ന് ഓൺലൈൻ യോഗങ്ങളും നടത്തുകയും ചെയ്തു.

### ഡിസംബർ മാസത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരിപാടി

2022 ഡിസംബർ 11 ഞായർ ഉച്ചകഴിഞ്ഞ് 2.30ന് തുരുത്തി മർത്ത്മറിയം ഫൊറോനാപള്ളി ഹാളിൽ കത്തോലിക്കാകോൺഗ്രസിന്റെ അതിരൂപതാ കൺവൻഷനും ന്യൂനപക്ഷ ദിനാചരണവും നടത്തും. കൺവൻഷനിൽ ആജീവനാന്ത അംഗത്വ സർട്ടിഫിക്കറ്റുകൾ വിതരണംചെയ്യും. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും.

സ്നേഹത്തോടെ,

| | | |
|---|---|---|
| **പി.പി. ജോസഫ്** | **ഫാ. സെബാസ്റ്റ്യൻ ചാമക്കാല** | **ബിജു സെബാസ്റ്റ്യൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജന. സെക്രട്ടറി) |

---

» *കെ.എൽ.എം. തുടർച്ച...*

### വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം

കെ.എൽ.എം. കൂരോപ്പട യൂണിറ്റ് സെന്റ് തോമസ് സംഘാംഗങ്ങൾ വിഴിഞ്ഞം സമരപ്പന്തലിലെത്തി മത്സ്യത്തൊഴിലാളി സമരത്തിനു പിന്തുണ പ്രഖ്യാപിച്ചു.

### ആദരാഞ്ജലികൾ

കുറുമ്പനാടം അസംപ്ഷൻ സംഘാംഗം റെനി ദേവസ്യ പുന്നക്കുന്നത്തുശേരി, കുടമാളൂർ നല്ലിടയൻ സംഘാംഗം വിൽസൺ ജോസഫ് പേരമ്പ്ര, വെളിയനാട് സെന്റ് പോൾ സംഘാംഗം ദേവസ്യ തോമസ് എട്ടുകെട്ടിൽചിറ, നാലുകോടി സെന്റ് തോമസ് സംഘാംഗം ജോസഫ് മാത്യു എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

### മരണാനന്തര സഹായനിധി

102-മത് മരണാനന്തര സഹായനിധി, കുന്നന്താനം സെന്റ് ജോസഫ് സംഘാംഗം പരേതനായ റെജി സെബാസ്റ്റ്യൻ വറവുങ്കലിന്റെ നോമിനിക്ക് 1,15,000/ രൂപാ കൈമാറി.

ഈശോയിൽ പ്രിയപ്പെട്ടവരേ,

25 നോമ്പുദിനങ്ങളിലേക്കു നാം പ്രവേശിക്കുകയാണല്ലോ. കേരളത്തിൽ ലഹരി വർദ്ധിതമാകുന്ന ഈ സാഹചര്യത്തിൽ പ്രത്യേകം നിയോഗം ദൈവ സന്നിധിയിൽ സമർപ്പിച്ചു ത്യാഗത്തോടെ നമ്മുടെ നാടിനുവേണ്ടിയും നമ്മുടെ മക്കൾക്കുവേണ്ടിയും പ്രാർത്ഥിക്കാം. ഈ ദിനങ്ങളിൽ വിവിധ മത, സാമുദായിക, രാഷ്ട്രീയ സംഘടനകൾ ലഹരിക്കെതിരെ ശബ്ദമുയർത്തുന്നതിൽ സന്തോഷമുണ്ട്. ലഹരിക്കെതിരെ കേവലം ഒരു പരിപാടി നടത്തുക എന്നതിലുപരിയായി ആത്മാർത്ഥമായ സമീപനം ഇക്കാര്യത്തിൽ എല്ലാവരിൽ നിന്നുമുണ്ടായെങ്കിൽ മാത്രമേ ഈ യത്നത്തിൽ നാം വിജയിക്കുകയുള്ളൂ.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

**ഹോമിയോ ചികിത്സാ പദ്ധതി**

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്ക് പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ദ്ധഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കുക.

ചൊവ്വ - (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ - (കോട്ടയം) ഇരവുചിറ, ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം
വ്യാഴം - (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാ ദൈവാലയം
വെള്ളി - (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

**മാതാപിതാക്കൾക്ക് ബോധനം**

തെള്ളകം ഹോളി ക്രോസ് സ്കൂളിൽ PTA യ്ക്കുവേണ്ടി 'വളരുന്ന കൗമാരത്തിൽ മാതാപിതാക്കളുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ചു ശ്രീ. റ്റി.എം. മാത്യു ക്ലാസ് നയിച്ചു.

**കോളജ് കുട്ടികൾക്ക് ബോധനം**

പുതുപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളജിൽ വിദ്യാർത്ഥികൾക്കുവേണ്ടി ലഹരിക്കെതിരെയുള്ള ബോധവത്ക്കരണക്ലാസ് ശ്രീ. റ്റി.എം. മാത്യു നയിച്ചു.

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന നിത്യരോഗികളായവരുടെ മക്കളുടെ പഠനത്തിനും പോഷക ആഹാരത്തിനുമായി സഹായി

ക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ കോട്ടയം, ആലപ്പുഴ ജില്ലകളിലെ കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും സമ്മേളനം ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ 26.11.2022 ശനിയാഴ്ച രാവിലെ പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ആമുഖ പ്രഭാഷണവും തുടർന്ന് ക്ലാസും നടത്തി. വിവിധ പരിപാടികൾ അവതരിപ്പി ക്കുന്നതിന് ശ്രീ. റ്റി.എം. മാത്യു, ശ്രീമതി ട്രീസാ മാത്യു എന്നിവർ നേതൃത്വം നല്കി. 47500/ രൂപയുടെ സാമ്പത്തിക സഹായവും നല്കി. ഉച്ചഭക്ഷണ ത്തോടെ സമ്മേളനം സമാപിച്ചു.

### ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തി ലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂ വൽ സെന്ററിൽ എല്ലാമാസവും ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടന്നുവരുന്നു. സൗജന്യമായി നടത്തുന്ന ഈ ധ്യാനത്തിൽ വിദഗ്ദ്ധ ഡോക്ടേഴ്സ്, കൗൺസിലർമാർ എന്നിവരുടെ സേവനം ലഭ്യമാണ്. ഈ മാസത്തെ **ധ്യാനം 2022 ഡിസംബർ 11 മുതൽ 16 വരെ**. മേൽവിലാസവും ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം
ഫോൺ: 0469 2693413, 2690414, 9495193406

**പ്രതിഷേധ സമ്മേളനം**

ദലിത് ക്രിസ്ത്യൻ സംവരണ വിഷയത്തിൽ കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ നല്കിയ സത്യവാങ്മൂലത്തിൽ ക്രിസ്ത്യൻ മതത്തെ വിദേശ മതമെന്നു വിശേഷിപ്പിച്ചതിലും അതിനാൽ ദലിത് ക്രിസ്ത്യാനികൾക്ക് സംവരണത്തിന് അർഹതയില്ലെന്നുള്ള നീതിനിഷേധ നിലപാടിനുമെതിരെ ചങ്ങനാശേരി അതിരൂപതാ ദലിത് കത്തോലിക്കാ മഹാജന സഭ പ്രതിഷേധം രേഖപ്പെടുത്തി. മതേതരത്വം മുഖമുദ്രയായിട്ടുള്ള ഭരണഘടനയുടെ പച്ചയായ ലംഘനമാണ് പ്രസ്തുത പ്രസ്താവനയിലൂടെ കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നതെന്നു നവംബർ 10ന് അതിരൂപതാ ഓഫീസിൽ ചേർന്ന പ്രതിഷേധസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ചൂണ്ടിക്കാണിച്ചു. പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അദ്ധ്യക്ഷത വഹിച്ച പ്രതിഷേധ സമ്മേളനത്തിൽ സെക്രട്ടറി ഷൈജു ജോസഫ്, ജയിംസ് ഇലവുങ്കൽ, മാത്യു ജോസഫ്, ലാസ്സർ ജോൺ, ജെസ്സി ടോമി, ലെനിൻ ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

**നേതൃത്വ പഠന പരിശീലന ക്യാമ്പ് 2022**

കോവിഡാനന്തര ലോകത്ത് സമൂഹത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾക്കനുസരിച്ച് സംഘടനാ പ്രവർത്തനത്തിലും നയങ്ങളിലും വരുത്തേണ്ട കാലികമായ മാറ്റങ്ങൾ ചർച്ച ചെയ്യുന്നതിനും ഭാവിപദ്ധതികളും പരിപാടികളും വിഭാവനം ചെയ്യുന്നതിനുമായി ചങ്ങനാശേരി അതിരൂപതാ ദലിത് കത്തോലിക്കാ മഹാജന സഭയുടെ പരമപ്രധാന സമിതിയായ അതിരൂപതാകൗൺസിൽ അംഗങ്ങൾക്കും പോഷകസംഘടനകളായ ഡി.സി.വി.എസ്., ഡി.സി.വൈ.എൽ. അതിരൂപതാ ഭാരവാഹികൾക്കുമായി നേതൃത്വ പഠന പരിശീലന ക്യാമ്പ് നവംബർ 19,20 തീയതികളിൽ അതിരൂപതാ പാസ്റ്ററൽസെന്ററിൽ സംഘടിപ്പിച്ചു. കൗൺസിൽ അംഗങ്ങളും അതിരൂപതാ ഭാരവാഹികളും ഉൾപ്പടെ എഴുപതോളം പ്രതിനിധികൾ പങ്കെടുത്ത ക്യാമ്പിന്റെ ഉദ്ഘാടനം അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത നിർവഹിച്ചു. 'പ്രതിസന്ധി കാലഘട്ടങ്ങളിലും സഭാത്മക നിലപാടുകളിൽ ഉറച്ചുനിന്ന് പ്രവർത്തിക്കുവാൻ' പ്രതിനിധികളോട് അഭി. പിതാവ് ആഹ്വാനം ചെയ്തു.

പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോൺ വടക്കേക്കളം ആമുഖപ്രഭാഷണവും നടത്തി. ഉദ്ഘാടന സമ്മേളനമദ്ധ്യേ കഴിഞ്ഞ 30 വർഷം അതിരൂപതാ ഡി.സി.എം.എസ്. ഓഫീസ് സെക്രട്ടറിയായി സ്തുത്യർഹമായ സേവനത്തിനുശേഷം ഔദ്യോഗിക ചുമതലകളിൽ നിന്നും വിരമിക്കുന്ന ശ്രീമതി റോസമ്മ മാത്യുവിന് അതിരൂപതാ

സമിതിയുടെ സ്നേഹോപഹാരവും മെമെന്റോയും അഭി. പിതാവ് സമ്മാനിച്ച് ആദരിച്ചു.

2 ദിവസം നീണ്ടുനിന്ന ക്യാമ്പിൽ 'സംഘടനാ ശക്തീകരണവും സമുദായ പരിവർത്തനവും' ലക്ഷ്യം വച്ചുകൊണ്ടുള്ള ചർച്ചകളും പ്രബന്ധ അവതരണവും നടന്നു. വിവിധ വിഷയങ്ങളെ അധികരിച്ച് റവ. ഫാ. ജയിംസ് കൊക്കാവയലിൽ, ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ശ്രീ. ജയിംസ് ഇലവുങ്കൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫ്, പിതൃവേദി പ്രസിഡന്റ് ശ്രീ. എ.പി. തോമസ് എന്നിവർ ക്ലാസുകൾ നയിച്ചു. സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകർന്ന ക്യാമ്പിന് സെക്രട്ടറി ഷൈജു ജോസഫ്, ഓർഗനൈസർ മാത്യു ജോസഫ്, ഡി.സി.എം.എസ്., ഡി.സി.വി.എസ്., ഡി.സി.വൈ.എൽ. അതിരൂപതാ ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നല്കി.

**ഷൈജു ജോസഫ്**
(സെക്രട്ടറി)

**ഫാ. ജോൺ വടക്കേക്കളം**
(ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

അതിരൂപതയിലെ എല്ലാ ഭ്രാതൃത്വാംഗങ്ങളുടെയും പഠനത്തിനും ധ്യാനത്തിനുമായി SFO അംഗങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിതക്രമവും'. കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീ സഹോദരന്മാർക്കു വി. ഫ്രാൻസിസ് കൊടുക്കുന്ന ഉദ്ബോധനം, തുടർച്ച.

അത്യുന്നതന്റെ പ്രതിരൂപം വഹിക്കുന്ന ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാ സൃഷ്ടികളെയും അവർ ആദരവോടെ വീക്ഷിക്കണം. സൃഷ്ടവസ്തുക്കളെ സ്വന്തം ആവശ്യങ്ങൾക്കായി ചൂഷണം ചെയ്യുവാനുള്ള പ്രവണതയിൽനിന്നും അകന്നുമാറി, പ്രപഞ്ചത്തോടു മുഴുവൻ സാഹോദര്യബന്ധത്തിൽ ലയിക്കുവാനുള്ള ഫ്രാൻസിസ്കൻ ആദർശം പ്രാവർത്തികമാക്കുവാൻ അവർ പരിശ്രമിക്കണം.

തുടരെ കെട്ടിപ്പടുക്കേണ്ടതായ സമാധാനത്തിന്റെ ദൂതന്മാരാണ് അവർ എന്നോർമ്മിച്ചുകൊണ്ട്, തുറന്ന സംഭാഷണംവഴി മനുഷ്യർ തമ്മിൽ ഐക്യവും അനുരഞ്ജനവും വളർത്തുവാനുള്ള മാർഗങ്ങൾ അവർ അന്വേഷിച്ചുകൊണ്ടിരിക്കണം. മനുഷ്യരെ നന്നാക്കുവാനുള്ള ശക്തി സ്നേഹത്തിനും ക്ഷമയ്ക്കുമുണ്ടെന്നു മനസ്സിലാക്കിയും ഓരോ മനുഷ്യനിലും ദൈവികമായ നന്മയുടെ വിത്തുകളുണ്ടെന്നു വിശ്വസിച്ചും അവരുടെ ഐക്യത്തിനായി ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങൾ പ്രവർത്തിക്കണം.

എല്ലാ സാഹചര്യങ്ങളിലും പരിപൂർണ്ണ സന്തോഷത്തിന്റെ ദൂതന്മാരായ അവർ, മറ്റുള്ളവർക്കു സന്തോഷവും പ്രത്യാശയും നൽകുവാൻ കഴിവതും ശ്രമിക്കണം.

മരണമെന്ന സഹോദരിക്കു ശരിയായ അർത്ഥം നൽകുവാൻ കഴിവുള്ള മിശിഹായുടെ പുനരുത്ഥാനത്തിൽ മുഴുകിയിരിക്കുന്ന അവർ, ഈലോകജീവിതത്തിന്റെ അവസാനഘട്ടത്തിൽ പിതാവായ ദൈവത്തെ കണ്ടുമുട്ടുന്ന അവസരത്തെ സമാധാനത്തോടും പ്രത്യാശയോടുംകൂടി നേരിടുവാൻ ഒരുങ്ങേണ്ടതാണ്.

എല്ലാ സഭാംഗങ്ങൾക്കും ഈശോയുടെ തിരുപ്പിറവിയുടെ മംഗളങ്ങൾ ഏറ്റവും സ്നേഹപൂർവം നേരുന്നു. ഓരോ മനുഷ്യഹൃദയത്തിലും രക്ഷകൻ വന്നു പിറക്കാൻ ഇടയാകട്ടെ. ഈശോയെ സ്വീകരിക്കാൻ നമ്മുടെ ഹൃദയത്തെ നമുക്കൊരുക്കാം. സമാധാനം സൗഭാഗ്യം.

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ** (പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap. (സ്പിരിച്ചൽ അസിസ്റ്റന്റ്)

***'നിങ്ങൾ ജീവന്റെ വചനത്തെ മുറുകെപ്പിടിക്കുവിൻ'*** (ഫിലിപ്പി 2:16)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത (ലൂക്കാ 2:10) അറിയിക്കപ്പെട്ടതിന്റെ അനുസ്മരണവും ആചരണവും ആഘോഷവും നിറയുന്ന കാലത്തിലേക്കു നമ്മൾ കടക്കുകയാണല്ലോ. ആദിയിൽ ഉണ്ടായിരുന്നതും ദൈവത്തോടു കൂടെയായിരുന്നതും ദൈവവുമായ വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. 'ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ' (മത്തായി 1:23) എന്ന് അവൻ വിളിക്കപ്പെട്ടു. നമ്മോടുകൂടെ വസിക്കുവാൻ, മനുഷ്യനായി ജനിക്കുവാൻ ദൈവം പ്രത്യേകമായി തെരഞ്ഞെടുത്ത വ്യക്തിയാണല്ലോ പരി. കന്യാമറിയം. 'തന്റെ പുത്രന്റെ മഹത്വത്തിനുവേണ്ടി പിതാവായ ദൈവം പരി. കന്യാമറിയത്തെ ജന്മപാപമില്ലാതെ സൃഷ്ടിച്ചു' എന്നാണ് മാതാവിന്റെ അമലോത്ഭവത്തെപ്പറ്റി വി. അഗസ്തീനോസ് പറയുന്നത്. പരി. അമ്മയെപ്പറ്റി തിരുസഭ നമ്മെ പഠിപ്പിക്കുന്ന നാലു വിശ്വാസ സത്യങ്ങളാണല്ലോ അവളുടെ ദൈവമാതൃത്വം, നിത്യകന്യാത്വം, അമലോത്ഭവം, സ്വർഗാരോപണം എന്നിവ. 1854 ഡിസംബർ 8 ന് 'അവർണ്ണനീയനായ ദൈവം' എന്ന തിരുവെഴുത്തിലൂടെ 9-ാം പീയൂസ് മാർപാപ്പ മറിയത്തിന്റെ അമലോത്ഭവത്തെ വിശ്വാസസത്യമായി പ്രഖ്യാപിച്ചു. പ്രസ്തുത തിരുവെഴുത്തിൽ മാർപാപ്പ പ്രസ്താവിക്കുന്നത് ഇപ്രകാരമാണ്: 'എത്രയും ഭാഗ്യപ്പെട്ട കന്യാമറിയം ഉത്ഭവത്തിന്റെ പ്രഥമനിമിഷം മുതൽ മനുഷ്യവംശത്തിന്റെ രക്ഷകനായ ഈശോമിശിഹായുടെ യോഗ്യതകളെപ്രതി സർവശക്തനായ ദൈവം നല്കിയ പ്രത്യേക വരത്താലും ആനുകൂല്യത്താലും ഉത്ഭവപാപത്തിന്റെ സകല മാലിന്യങ്ങളിൽനിന്നും സംരക്ഷിക്കപ്പെട്ടു എന്നത് ദൈവം വെളിപ്പെടുത്തിയതും ഉറച്ചുവിശ്വസിക്കേണ്ടതുമാണ്'. ഈ വിശ്വാസസത്യം 1830 ജൂലൈ 18ന് കാതറിൻ ലബോറ എന്ന പുണ്യവതിക്കു പ്രത്യക്ഷപ്പെടുമ്പോഴും 1858 മാർച്ച് 25 ന് ലൂർദിൽ ബർണദീത്താക്കു പ്രത്യക്ഷപ്പെടുമ്പോഴും പരി. അമ്മ തന്നെ വെളിപ്പെടുത്തുന്നതു നാം കാണുന്നുണ്ട്. ദൈവം വസിക്കുന്ന ഇടം എത്രമാത്രം പവിത്രമായിരിക്കണം എന്ന് ഇതിലൂടെ ദൈവം വെളിപ്പെടുത്തിത്തരുന്നുണ്ട്. ദൈവപുത്രനു വസിക്കാൻ യോഗ്യമായ ദേവാലയങ്ങളാവണം നാമോരോരുത്തരും. ചുറ്റുമുള്ള പുൽക്കൂടുകളിലേക്ക് തീക്ഷ്ണതയോടും സ്നേഹത്തോടും കൂടി നമുക്കു കടന്നുചെല്ലാം. ബാഹ്യമായ ആഘോഷങ്ങൾ വിൻസെൻഷ്യൻ ചൈതന്യത്തിന്റെ മിതത്വം പുലർത്തുന്നതാവട്ടെ, ലോകസമാധാനത്തിനുവേണ്ടി നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം. എല്ലാവർക്കും ക്രിസ്തുമസിന്റെ മംഗളങ്ങൾ സ്നേഹപൂർവം നേരുന്നു.

നമ്മുടെ സംഘടനയുടെ സ്ഥാപകരായ ഏഴുപേരിൽ ഒരാളായ ടെയ്‌ലാണ്ഡ്യരുടെ വർഷമായി 2022 സൊസൈറ്റി ആചരിക്കുകയാണല്ലോ. 1811 ൽ ഫ്രാൻസിലെ

റൂവനിൽ ജനിച്ച അദ്ദേഹം പിന്നീട് പാരിസിലേക്കു താമസം മാറുകയും അവിടെ ചരിത്രകോൺഫറൻസിൽ ഫ്രെഡറിക് ഓസാനാമിനെ പരിചയപ്പെടുകയും ചെയ്തു. കോൺഫറൻസിൽ നടക്കുന്ന ചർച്ചകളേക്കാൾ ഉപവി പ്രവർത്തനങ്ങൾക്കായി അദ്ദേഹം വാദിച്ചു. 1833 ൽ ഉപവിയുടെ കോൺഫറൻസിന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവ പങ്കാളിയായി, മറ്റുള്ളവർക്ക് ആവശ്യമായ ആത്മീയ ഉപദേശങ്ങളും അദ്ദേഹം നല്കിയിരുന്നു. അംഗങ്ങളുടെ എണ്ണം വർദ്ധിച്ചതിനെതുടർന്ന് ആദ്യത്തെ കോൺഫറൻസ് വിഭജിക്കണമെന്ന ആശയത്തെ ആദ്യം അദ്ദേഹം ശക്തിയുക്തം എതിർത്തെങ്കിലും മറ്റു സഹോദരങ്ങൾ നല്കിയ ബോധ്യത്തെ തുടർന്ന് അദ്ദേഹം തന്റെ നിലപാടു തിരുത്തുകയുണ്ടായി. റൂവാനിലെ വി. ഗോഡാർഡ് കോൺഫറൻസിന്റെ പ്രസിഡന്റായും അദ്ദേഹം സേവനമനുഷ്ഠിച്ചു. തന്റെ അവസാനകാലം കുടുംബത്തിനും മക്കൾക്കും സുഹൃത്തുക്കൾക്കും കോൺഫറൻസിനും പൂന്തോട്ടത്തിനുമായി ചെലവഴിച്ചുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പിയർ അഗസ്തെലെ ടെയ്‌ലാണ്ഡ്യർ 1856 മാർച്ച് 23 ന് ഫ്രാൻസിലെ റൂവാനിൽ വച്ച് 75-ാം വയസ്സിൽ നിര്യാതനായി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നമുക്കു മാതൃകയാവട്ടെ, മധ്യസ്ഥം നമുക്ക് അനുഗ്രഹമാകട്ടെ.

1962 ജൂലൈ 29 ന് ബ്രസീലിലെ ബാർബസേനയിൽ ജനിച്ച വിൻസെൻഷ്യൻ പ്രവർത്തക ഇസബൽ ക്രിസ്റ്റീന വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കു ഡിസംബർ 10 ന് ഉയർത്തപ്പെടുന്നു. ഏറ്റവും ദരിദ്രരുടെ ഇടയിൽ തീക്ഷ്ണമായ ശുശ്രൂഷ ചെയ്തിരുന്ന ഇസബൽ ചാരിത്ര്യസംരക്ഷണത്തിനായുള്ള പോരാട്ടത്തിലാണ് കൊല്ലപ്പെട്ടത്. തന്നെ നശിപ്പിക്കാൻ വന്നവനാൽ 1982 സെപ്റ്റംബർ 1-ാം തീയതി 20-ാം വയസിൽ ഇസബൽ കൊല്ലപ്പെട്ടു. 2020 ഒക്ടോബറിൽ പരി. പിതാവ് ഫ്രാൻസിസ് പാപ്പ അവളുടെ രക്തസാക്ഷിത്വം പ്രഖ്യാപിച്ചു. നമുക്ക് ഈ സഹോദരിയുടെ മധ്യസ്ഥം തേടാം. വിശുദ്ധരുടെ ഗണത്തിലേക്കു വേഗം ഉയർത്തപ്പെടാൻ പ്രാർത്ഥിക്കാം. നമ്മുടെ സി.സി. യുടെ വിദ്യാഭ്യാസ സഹായ പദ്ധതിയിലേക്ക് ഓരോ അംഗവും 100/- രൂപവീതം നല്കുന്നത് ഈ മാസം ശേഖരിച്ച് എത്തിക്കുവാൻ എ.സി. പ്രസിഡന്റുമാർ ശ്രദ്ധിക്കുമല്ലോ.

കഴിഞ്ഞമാസം നമ്മിൽനിന്നു വേർപിരിഞ്ഞ നമ്മുടെ പ്രവർത്തകരായിരുന്ന ബ്ര. കെ. ജോസഫ്, കിഴക്കേവള്ളിൽ, വാഴപ്പള്ളി; ബ്ര. ജോസഫ് വർക്കി കൊച്ചുപറമ്പിൽ, അരുവിക്കുഴി; ബ്ര. വി. ജോസഫ് കുടയ്ക്കാട്ട്, ചാരമംഗലം എന്നിവരുടെ സേവനങ്ങളെ നന്ദിയോടെ ഓർക്കാം, ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

## അന്നദാനം മഹാദാനം

ചങ്ങനാശേരി ജനറൽ ആശുപത്രിയിലും ആയുർവേദ ആശുപത്രിയിലുമായി നിർധനരായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന അന്നദാനം പദ്ധതി വിജയകരമായി മുന്നേറുന്നു. സുമനസ്സുകളുടെ സഹായത്താൽ ഒരു ദിവസം പോലും മുടങ്ങാതെ, പ്രതിദിനം 300 നിർധനരായ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും ആഹാരം നൽകാൻ ഈ പദ്ധതിവഴി സാധിക്കുന്നു. നിസ്വാർത്ഥരായ കുറെ അധികം സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിലാണ് ആഹാരം തയാറാക്കുന്നതും ആളുകൾക്ക് എത്തിച്ചു നൽകുന്നതും.

അന്നദാനം 2022 ഡിസംബർ മുതൽ 2023 ഡിസംബർ വരെയുള്ള ബുക്കിങ് ക്യാമ്പയിൻ ആരംഭിച്ചിരിക്കുന്നു. ഒരു ദിവസത്തെ 300 പേരുടെ ഉച്ചഭക്ഷണത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള തുകയായ 2750 രൂപ ചാരിറ്റി വേൾഡിന്റെ ഓഫീസിൽ നൽകി നിങ്ങൾക്കും ഈ പദ്ധതിയിൽ പങ്കാളിയാകാം.

## രോഗികൾക്ക് ആശ്വാസമായി ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയർ

രോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നേറുന്നു.

ചാരിറ്റി വേൾഡ് പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ പ്രതിമാസം അമ്പതോളം നിർധനരായ രോഗികളുടെ ഭവനങ്ങൾ സന്നദ്ധപ്രവർത്തകരുടെ സഹകരണത്തോടെ സന്ദർശിക്കുകയും 1000 രൂപ വില വരുന്ന ഭക്ഷ്യ കിറ്റും ചികിത്സാ സഹായവും എത്തിച്ചു നൽകാൻ സാധിക്കുകയും ചെയ്തു. നിരവധി രോഗികൾക്ക് സാമ്പത്തിക സഹായം, വീട് പുനരുദ്ധാരണത്തിനുള്ള സഹായം, രോഗികളുടെ മക്കൾക്ക് പഠന സഹായം, രോഗികളുടെ പുനഃരധിവാസത്തിനുള്ള സഹായം തുടങ്ങിയവ നൽകി വരുന്നു. നിർധനരായ രോഗികൾക്ക് ആവശ്യമായ വീൽ ചെയർ, എയർ ബെഡ്, ഡയപേഴ്സ് മുതലായവ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നേതൃത്വത്തിൽ എത്തിച്ചു നൽകുന്നു. ഇവ കൂടാതെ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലും ആയി ചേർന്ന് മുപ്പത്തിയഞ്ചോളം ഹോസ്പിറ്റൽ ബെഡ് നിർധനരായ രോഗികൾക്ക് എത്തിച്ചു നൽകി. നൂറോളം വരുന്ന സുമനസ്സുകളുടെ സഹായത്തോടെയാണ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ശ്രീ.സണ്ണി ഇടിമണ്ണിക്കൽ, ഡോ. ജോർജ് പടനിലം, ഫാ. സെബാസ്റ്റ്യൻ പുന്നശേരി, ശ്രീ.ടോം കായിത്തറ തുടങ്ങിയവർ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിവരുന്നു

## റെയിൻബോ കെയർ

ജിമ്മി പടനിലം സെന്ററിന്റെയും ചാരിറ്റി വേൾഡിന്റെയും നേതൃത്വത്തിൽ നടത്തിവരുന്ന 1000 ഭിന്നശേഷി കുടുംബങ്ങളുടെ കൂട്ടായ്മയായ റെയിൻബോ കെയർ പദ്ധതിയുടെ ഭാഗമായി തൃക്കൊടിത്താനം പഞ്ചായത്ത്, ചങ്ങനാശേരി

മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലെ ഭിന്നശേഷി കുടുംബങ്ങളുടെ കൂട്ടായ്മ തൃക്കൊടിത്താനം പള്ളി പാരിഷ് ഹാളിലും ചങ്ങനാശേരി മെത്രാപ്പോലിത്തൻ പള്ളി പാരിഷ് ഹാളിലുമായി നടത്തപ്പെട്ടു. ഭിന്നശേഷി കുട്ടികളുടെ അവകാശങ്ങളെപറ്റിയും അവരുടെ അനുകൂല്യങ്ങളെപറ്റിയും ബോധവത്കരണ ക്ലാസ്സ് നൽകി. യോഗത്തിൽ നൂറോളം ഭിന്നശേഷി കുടുംബങ്ങൾ പങ്കെടുത്തു. ഡോ. ജോർജ് പടനിലം, ഫാ. സെബാസ്റ്റ്യൻ പുന്നശേരി, ജോസ് കളരിക്കൽ എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

## പഞ്ചായത്ത് അക്കാദമി

ചാരിറ്റി വേൾഡ് ട്രസ്റ്റിന്റെയും ജിമ്മി പടനിലം സെന്ററിന്റെയും നേതൃത്വത്തിൽ പഞ്ചായത്തുകളിൽ നിസ്വാർത്ഥ സേവനം നടത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സന്നദ്ധപ്രവർത്തകരുടെ കൂട്ടായ്മയായ 'പഞ്ചായത്ത് അക്കാദമി' വാഴപ്പള്ളി യൂണിറ്റിന്റെ രണ്ടാം യോഗം നവംബർ 20 ഞായറാഴ്ച ജിമ്മി പടനിലം സെന്ററിൽ നടത്തപ്പെട്ടു. പഞ്ചായത്ത് – അവകാശങ്ങളും ആനുകൂല്യങ്ങളും എന്ന വിഷയത്തിൽ ക്ലാസ്സ് നടത്തി. ഫാ. സെബാസ്റ്റ്യൻ പുന്നശേരി, ഡോ. ജോർജ് പടനിലം, ശ്രീ. ടോം കായിത്തറ എന്നിവർ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. വാഴപ്പള്ളി പഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നായി അമ്പതോളം സന്നദ്ധപ്രവർത്തകർ യോഗത്തിൽ പങ്കെടുത്തു.

## 100 – ഡയാലിസിസ് കൂപ്പണുകൾ വിതരണം ചെയ്തു

ജിമ്മി പടനിലം സെന്ററിന്റെ നേതൃത്വത്തിൽ 'കരുതൽ' എന്ന പേരിൽ നടത്തിവരുന്ന സൗജന്യ ഡയാലിസിസ് പദ്ധതി വഴി ഈ മാസവും 100 ഡയാലിസിസുകൾ സൗജന്യമായി ചെയ്തുനൽകി. ഡോ. ജോർജ് പടനിലത്തിന്റെ സഹായത്തോടെ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിവഴിയാണ് സൗജന്യ ഡയാലിസിസുകൾ ചെയ്തു വരുന്നത്. നിർധനരായ വൃക്ക രോഗികളെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയാണ് സൗജന്യ ഡയാലിസിസ് കൂപ്പൺ നൽകുന്നത്.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
(എക്സിക്യൂട്ടീവ് ഡയറക്ടർ)

***'കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിനു മുമ്പിൽനിന്നു സേവനം അനുഷ്ഠിക്കാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽനിന്നു നിങ്ങളെ വേർതിരിച്ചതു നിസ്സാര കാര്യമാണോ?'*** (സംഖ്യ 16:9).

ചങ്ങനാശേരി സോണിന്റെ നേതൃത്വത്തിൽ നവീകരണപ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി മുന്നോട്ടുപോകുന്നതിന് ദൈവത്തിനു നന്ദി അർപ്പിക്കുന്നു. കുന്നന്താനം, തിരുവല്ല സബ്സോണുകളുടെ നേതൃത്വത്തിൽ പല ഇടവകകളിലും പുതിയ പ്രാർത്ഥനാഗ്രൂപ്പുകൾ ആരംഭിക്കുവാൻ സാധിച്ചു. ചെത്തിപ്പുഴ സബ്സോൺ പ്രവർത്തനസജ്ജമായികൊണ്ടിരിക്കുന്നു. ആനിമേറ്റർ ബഹു. ലൂയിസ് വെള്ളാനിക്കൽ അച്ചന്റെ പിന്തുണയും പ്രോത്സാഹനവും നിർലോഭം ലഭിക്കുന്നു. ബഹു. ചെറുപുഷ്പം SABS സിസ്റ്റേഴ്സ് മിനിസ്ട്രി സെൻട്രൽ ടീം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടതോർത്ത് ദൈവത്തിനു നന്ദി അർപ്പിക്കുന്നു. സോണിന്റെ സിസ്റ്റേഴ്സ് കൂട്ടായ്മയിലേയ്ക്ക് മറ്റു കോൺഗ്രിഗേഷനുകളിൽനിന്നും സിസ്റ്റേഴ്സിനെ ചേർക്കുവാൻ ബഹു. ചെറുപുഷ്പം സിസ്റ്റർ വലിയ ആത്മാർത്ഥതയോടെ പരിശ്രമിക്കുന്നു.

ഒക്ടോബർ 31 ന് വെരൂർ സെന്റ് ജോസഫ് പള്ളിയിൽനിന്നും പാറേൽ സെന്റ് മേരീസ് പള്ളിയിലേയ്ക്കു സോണിന്റെ നേതൃത്വത്തിൽ നടന്ന ജപമാലറാലിയിൽ ബഹു. സിസ്റ്റേഴ്സ് ഉൾപ്പെടെ മുന്നൂറിലധികംപേർ പങ്കെടുത്തു. ബഹു. ലൂയിസ് വെള്ളാനിക്കൽ അച്ചൻ, കോർഡിനേറ്റർ മോൻ ചെത്തിമറ്റം എന്നിവർ നേതൃത്വം നൽകി. വെരൂർ ഇടവകവികാരി ബഹു. ടോം പുത്തൻകളം അച്ചൻ നിർലോഭമായ സഹകരണം നൽകി. പാറേൽ പള്ളിയിൽ അഭി. ജോസഫ് പെരുന്തോട്ടം പിതാവ് സന്ദേശം നൽകി എല്ലാവരെയും ആശീർവദിച്ചു. നവംബർ 11, 12 ദിവസങ്ങളിൽ എമ്മാവൂസിൽനടന്ന സെൻട്രൽ ടീം തെരഞ്ഞെടുപ്പിൽ സോണിൽനിന്നും ആനിമേറ്റർ അച്ചനോടൊപ്പം സോണൽ കോർ ടീം പങ്കെടുത്തു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
(കോർഡിനേറ്റർ)

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
(ആനിമേറ്റർ)

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

183



# സഭ: പുതിയ ദൈവജനം

(തിരുവചനഭാഗം: റോമാ 10, 1-21)

മിശിഹായിലുള്ള വിശ്വാസമാണ് എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുള്ള ഏകമാർഗമെന്നു പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്ന തിരുവചനഭാഗമാണിത്. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം:

1. നിയമാധിഷ്ഠിതനീതി (10,1-4)
2. വിശ്വാസാധിഷ്ഠിതനീതി (10,5-11)
3. മിശിഹായും സാർവ്വത്രികരക്ഷയും (10,12-13)
4. വിശ്വാസവും സുവിശേഷപ്രഘോഷണവും (10,14-18)
5. വിജാതീയരും രക്ഷയും (10,19-21)

ഈ ലേഖനഭാഗത്തിലൂടെ അജപാലകരുടെ ആദ്ധ്യാത്മികതയ്ക്ക് ഉപകരിക്കുന്ന ചിന്തകൾ മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. നിയമാധിഷ്ഠിതനീതി

*''സഹോദരരേ, എൻെറ ഹൃദയപൂർവകമായ ആഗ്രഹവും ഇസ്രായേലിനുവേണ്ടി ദൈവത്തോടുള്ള എൻെറ പ്രാർഥനയും അവർ രക്ഷിക്കപ്പെടണം എന്നതാണ്. അവർക്കു ദൈവത്തെക്കുറിച്ചു തീക്ഷ്ണതയുണ്ടെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു; ആ തീക്ഷ്ണത ശരിയായ അറിവിൻെറ അടിസ്ഥാനത്തിലല്ലെന്നേയുള്ളൂ. എന്നാൽ, ദൈവത്തിൻെറ നീതിയെക്കുറിച്ച് അവർ അജ്ഞരാകകൊണ്ടും തങ്ങളുടെ തന്നെ നീതി സ്ഥാപിക്കാൻ വ്യഗ്രത കാണിക്കുന്നതുകൊണ്ടും ദൈവനീതിക്ക് അവർ കീഴ്വഴങ്ങിയില്ല. വിശ്വസിക്കുന്ന ഏതൊരുവനും നീതീകരിക്കപ്പെടുന്നതിന് മിശിഹാ നിയമത്തെ പൂർത്തീകരിച്ചിരിക്കുന്നു''* (10,1-4).

പൗലോസ്ശ്ലീഹാ തന്റെ സഹോദരരായ യഹൂദസമൂഹത്തിന്റെ രക്ഷയ്ക്കായി പ്രാർത്ഥിക്കുന്നു. രക്ഷപ്പെടാനുള്ള ഏകമാർഗം ഈശോയിലുള്ള വിശ്വാസം ഏറ്റുപറയുന്നതാണ്: ''ഈശോ കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും'' (റോമാ 10,9). പക്ഷേ, യഹൂദർ തീക്ഷ്ണമതികളാണെങ്കിലും, അവരുടെ തീക്ഷ്ണത നിയ

മവും പാരമ്പര്യവും പരിരക്ഷിക്കുന്നതിൽ മാത്രമായിരുന്നു. യഥാർത്ഥ അറിവിൽനിന്നുള്ള തീക്ഷ്ണതയായിരുന്നെങ്കിൽ അവർ ഈശോയിൽ വിശ്വസിക്കുമായിരുന്നു എന്നാണ് പൗലോസ്ശ്ലീഹാ വിവക്ഷിക്കുന്നത്.

ദൈവനീതിയെക്കുറിച്ചുള്ള യഹൂദരുടെ അജ്ഞത എന്നതിലൂടെ, മിശിഹായിലൂടെ മനുഷ്യകുലത്തെ രക്ഷിക്കാനുള്ള ദൈവികപദ്ധതിയെക്കുറിച്ചുള്ള അജ്ഞത എന്നാണ് പൗലോസ്ശ്ലീഹാ വിവക്ഷിക്കുന്നത്. തങ്ങളുമായി ദൈവം ഏർപ്പെട്ട ഉടമ്പടിയിലൂടെയും ദൈവദത്തമായ നിയമത്തിലൂടെയും യഹൂദരെമാത്രം ബാധിക്കുന്ന ഒരു രക്ഷാപദ്ധതിയെക്കുറിച്ചുമാത്രമേ യഹൂദർക്കു ചിന്തിക്കാനാവുന്നുള്ളൂ. ഈ അജ്ഞതയെയാണ് പൗലോസ്ശ്ലീഹാ കുറ്റം വിധിക്കുന്നത്. തങ്ങളുടെ നീതിയും ദൈവനീതിയും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കാൻ യഹൂദർക്കു കഴിഞ്ഞില്ല. 'ദൈവനീതി' എന്നതിലൂടെ ഈശോയിലൂടെ കൈവരുന്ന സാർവ്വത്രികരക്ഷയെന്നും 'തങ്ങളുടെതന്നെ നീതി' എന്നതിലൂടെ നിയമാനുഷ്ഠാനത്തിലൂടെ സാധ്യമാകുന്ന യഹൂദരുടെ രക്ഷ എന്നുമാണ് പൗലോസ്ശ്ലീഹാ അർത്ഥകല്പന നടത്തുന്നത്. ദൈവപ്രമാണങ്ങളും സഭാനിയമങ്ങളുമെല്ലാം ലക്ഷ്യം വയ്ക്കുന്നത് സാർവ്വത്രികരക്ഷയാണെന്നുള്ള ബോധ്യം അജപാലകർക്കും അജഗണങ്ങൾക്കുമുണ്ടാവണം.

## 2. വിശ്വാസാധിഷ്ഠിതനീതി

*''നിയമാധിഷ്ഠിതമായ നീതി പ്രവർത്തിക്കുന്നവർക്ക് അതുമൂലം ജീവൻ ലഭിക്കും എന്നു മോശ എഴുതുന്നു. വിശ്വാസാധിഷ്ഠിതമായ നീതിയാകട്ടെ ഇങ്ങനെ പറയുന്നു: മിശിഹായെ താഴേക്കു കൊണ്ടുവരാൻ സ്വർഗത്തിലേക്ക് ആരു കയറും എന്നു നീ ഹൃദയത്തിൽ പറയരുത്. അഥവാ മിശിഹായെ മരിച്ചവരിൽനിന്ന് ഉയർത്താൻ പാതാളത്തിലേക്ക് ആര് ഇറങ്ങും എന്നും പറയരുത്. എന്നാൽ പിന്നെ, എന്താണു പറയുന്നത്? വചനം നിനക്കു സമീപസ്ഥമാണ്. നിന്റെ അധരത്തിലും നിന്റെ ഹൃദയത്തിലും അതുണ്ട് - ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസത്തിന്റെ വചനം തന്നെ. ആകയാൽ, ഈശോ കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും''* (10,5-9).

നിയമാധിഷ്ഠിതനീതിയും വിശ്വാസാധിഷ്ഠിതനീതിയും തമ്മിലുള്ള വ്യത്യാസമാണിവിടെ എടുത്തുപറയുന്നത്. മിശിഹാ നിയമത്തെ നിരാകരിക്കുകയല്ല, പൂർത്തീകരിക്കുകയാണ് ചെയ്തത് എന്ന ആശയംതന്നെയാണ് ഇവിടെ പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത്. ഗിരിപ്രഭാഷണത്തിൽ ഈശോ ഇക്കാര്യം വ്യക്തമായി പറയുകയും ചെയ്യുന്നുണ്ട്: ''നിയമത്തെയോ പ്രവാചകൻമാരെയോ അസാധുവാക്കാനാണു ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്'' (മത്താ. 5,17). നിയമത്തിന്റെ നീതീകരണം മിശിഹാവരെയും, മിശിഹായ്ക്കുശേഷം വിശ്വാസംവഴിയുള്ള നീതീകരണം എന്ന തനതു നിലപാടുതന്നെയാണ് ശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നത്.

ക്രിസ്തീയവിശ്വാസത്തിന്റെ ഉള്ളടക്കമെന്തെന്നുകൂടെ ശ്ലീഹാ അവതരിപ്പിക്കുന്നു. ''ഈശോ കർത്താവാണ്'' എന്ന പ്രഖ്യാപനം മാമ്മോദീസാ പ്രകരണമായിരുന്നു (ശ്ലീഹാ 22,16; 1 കൊറി 12,3). ഈശോയുടെ ഉത്ഥാനം ദൈവിക പ്രവർത്തിയാണെന്നു പൗലോസ്ശ്ലീഹാ വ്യക്തമാക്കിയിട്ടുള്ളതാണ് (1 കൊറി. 15). ഈശോയുടെ ഉത്ഥാനത്തെ 'ഹൃദയത്തിൽ വിശ്വസിക്കണം' എന്നതിലൂടെ, പ്രസ്തുത വിശ്വാസത്തെ ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിക്കണമെന്നാണ് അർത്ഥമാക്കുന്നത് (1 കൊറി. 6,14). ഉത്ഥാനം എന്ന സത്യത്തെ കേവലം ആശയപരമോ ബൗദ്ധികമോ ആയി മാത്രം ഗ്രഹിക്കാതെ, ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിക്കുന്നതിലാണ് ക്രിസ്തീയവിശ്വാസത്തിന്റെ മർമ്മം അടങ്ങിയിരിക്കുന്നത്. ഹൃദയത്തിലുള്ള ഈ വിശ്വാസം നീതീകരണത്തിനും അധരം കൊണ്ടുള്ള ഏറ്റുപറച്ചിൽ രക്ഷയ്ക്കും കാരണമാകുമെന്നാണ് ശ്ലീഹാ എടുത്തുപറയുന്നത്. ഹൃദയവും അധരവും തമ്മിലുള്ള പൊരുത്തം സത്യത്തിനു എത്രകണ്ട് അനുപേക്ഷണീയമാണോ, അതുപോലെയാണ് നീതീകരണവും രക്ഷയും തമ്മിലുള്ള ബന്ധം. മറ്റൊരു ഭാഷയിൽ, ഹൃദയത്തിന്റെ നിറവിൽനിന്നു അധരം സംസാരിക്കുന്നതുപോലെ, നീതീകരണത്തിലൂടെ രക്ഷ കരഗതമാകുന്നു. നീതീകരണം അഥവാ വിശുദ്ധീകരണം പാപത്തിൽനിന്നും രക്ഷിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷമായി അനുഭവത്തിൽ ഉൾക്കൊള്ളുവാൻ അജപാലകർക്കും അജഗണങ്ങൾക്കും കഴിയണം.

### 3. മിശിഹായും സാർവ്വത്രികരക്ഷയും

*''യഹൂദനും ഗ്രീക്കുകാരനും തമ്മിൽ വ്യത്യാസമില്ല. ഒരുവൻ തന്നെയാണ് എല്ലാവരുടെയും കർത്താവ്. തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും മേൽ അവിടുന്നു തൻെറ സമ്പത്തു വർഷിക്കുന്നു. എന്തെന്നാൽ, കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷപ്രാപിക്കും''* (10,12-13).

സാർവ്വത്രികരക്ഷയെക്കുറിച്ചുള്ള കാഴ്ചപ്പാട് ഇവിടെ എടുത്തുപറയുകയാണ്. റോമാ മൂന്നാമദ്ധ്യായത്തിൽ ഇതുതന്നെ ശ്ലീഹാ പറഞ്ഞിട്ടുള്ളതാണ്: ''ഈ ദൈവനീതി, വിശ്വസിക്കുന്ന എല്ലാവർക്കും, ആരെന്നുള്ള വ്യത്യാസം കൂടാതെ ഈശോമിശിഹായിലുള്ള വിശ്വാസംവഴി ലഭിക്കുന്നതാണ്. എല്ലാവരും പാപംചെയ്ത് ദൈവമഹത്ത്വത്തിന് അയോഗ്യരായി. അവർ അവിടുത്തെ കൃപയാൽ ഈശോമിശിഹാ വഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നീതീകരിക്കപ്പെടുന്നു'' (റോമാ 3,22-24). ''എല്ലാവരുടെയും കർത്താവ്'' എന്ന പദപ്രയോഗം റോമൻ ചക്രവർത്തിമാർ തങ്ങളുടെ അഭിധാനമായി ഉപയോഗിച്ചിരുന്നതാണ്. എന്നാൽ ഇതേ അഭിധാനം ദൈവത്തെ സൂചിപ്പിക്കാൻ രണ്ടാം ദേവാലയകാലഘട്ടത്തിൽ ഉപയോഗിച്ചിരുന്നു. ''എല്ലാവരുടെയും കർത്താവ്'' എന്ന ആശയം ജോയേൽ പ്രവാചകനിലും നമുക്കു കാണുവാൻ കഴിയും. ''കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർ രക്ഷ പ്രാപിക്കും'' (ജോയേൽ 2,32).

'ഈശോ കർത്താവാണ്' എന്നുള്ളത് സഭയുടെ ഔദ്യോഗിക വിശ്വാസ പ്രഖ്യാപനമാണ്. ആദിമനൂറ്റാണ്ടുമുതൽ സഭയുടെ ഔദ്യോഗികവിശ്വാസ

പ്രഖ്യാപനമായി അംഗീകരിക്കപ്പെട്ടിരുന്ന ഒന്നാണ്. പിന്നീട് നാലും അഞ്ചും നൂറ്റാണ്ടുകളിലാണ് ഇപ്പോഴുള്ള നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസ പ്രമാണം നിലവിൽവന്നത്. ''ഈശോ കർത്താവാണ്'' എന്നതിന്റെ അർത്ഥം ഈശോ നമ്മുടെ ജീവിതത്തിൽ കർതൃത്വം നടത്തുന്നവനാണ് എന്നതാണ്. മാമ്മോദീസാ സ്വീകരിച്ച് മിശിഹായിൽ വിശ്വസിക്കുന്നവർ ദൈവാരൂപിയിൽ ജനിച്ച് പാപത്തിന്റെ ഭരണത്തിൽനിന്നും വിടുതൽ നേടി, അരൂപിയാൽ ഭരിക്കപ്പെടുന്നവരായി മാറുന്നു. അപ്രകാരം ക്രൈസ്തവജീവിതം നയിക്കുന്നവരുടെ ആദിമവിശ്വാസപ്രമാണമായിരുന്നു ''ഈശോ കർത്താവാണ്'' എന്ന പ്രഖ്യാപനം. അതുകൊണ്ട് ഈ വിശ്വാസപ്രഖ്യാപനം നടത്തുന്ന എല്ലാ ക്രൈസ്തവരും, യഹൂദരും വിജാതീയരുമുൾപ്പെടുന്ന സകല മനുഷ്യരും പാപത്തിൽനിന്നും രക്ഷിക്കപ്പെട്ടവരാണെന്നുള്ള യാഥാർത്ഥ്യമാണ് ഇവിടെ പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നത്. 'ഈശോ' എന്ന വാക്കിന്റെ അർത്ഥം 'രക്ഷകൻ' എന്നുതന്നെയാണല്ലോ. അതുകൊണ്ട് അജപാലകരും അജഗണങ്ങളും സഭയിൽ പാപമല്ല, മിശിഹായാണ് തങ്ങളുടെ ജീവിതത്തെ ഭരിക്കുന്നതെന്ന് ഉറപ്പാക്കണം.

### 4. വിശ്വാസവും സുവിശേഷപ്രഘോഷണവും

*''എന്നാൽ, തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും? സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം! എന്നാണല്ലോ എഴുതപ്പെട്ടിരിക്കുന്നത്. എന്നാൽ, എല്ലാവരും സുവിശേഷം അനുസരിച്ചില്ല. കർത്താവേ, ഞങ്ങളുടെ സന്ദേശം കേട്ടിട്ട് വിശ്വസിച്ചവൻ ആരാണ്? എന്ന് ഏശയ്യാ ചോദിക്കുന്നുണ്ടല്ലോ. ആകയാൽ വിശ്വാസം കേൾവിയിൽനിന്നും കേൾവി മിശിഹായെപ്പറ്റിയുള്ള പ്രസംഗത്തിൽനിന്നുമാണ്''* (10,14-17).

തന്റെ ശ്ലൈഹികദൗത്യത്തെക്കുറിച്ചുള്ള പൗലോസ്ശ്ലീഹായുടെ വിലയിരുത്തലായി ഈ വചനഭാഗത്തെ മനസ്സിലാക്കാം. വിശ്വാസവും രക്ഷയും തമ്മിലുള്ള ബന്ധം എടുത്തുപറയുന്നു. അതുപോലെതന്നെ തന്റെ സുവിശേഷ പ്രഘോഷണത്തിലൂടെ സകലരെയും രക്ഷയിലേക്കു ക്ഷണിക്കാനും താൻ ശ്രമിച്ചിട്ടുണ്ടെന്നും ശ്ലീഹാ പറയുന്നു. തന്നെത്തന്നെ വിജാതീയരുടെ ശ്ലീഹായായി അവതരിപ്പിക്കുന്നതിന് പൗലോസിന് ഏറെ താത്പര്യമുണ്ട് (1,15; 15,18). ''സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം'' എന്ന പ്രസ്താവന ഏശ. 52,7 ൽ നിന്നുള്ള ഉദ്ധരണിയാണ്. സഹനദാസസങ്കീർത്തനത്തിന്റെ പശ്ചാത്തലത്തിലുള്ള ഈ പരാമർശം സുവിശേഷപ്രഘോഷണത്തിനിടയിൽ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളെക്കുറിച്ചുള്ള പരോക്ഷസൂചനയുമാകാം.

വിശ്വാസം, കേൾവി, പ്രഘോഷണം എന്നിവയുടെ പാരസ്പര്യമാണ് ശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നത്. വിശ്വാസം വചനശ്രവണത്തിലൂടെയാണ്. വചനം എന്നത് മിശിഹായെക്കുറിച്ചുള്ള വചനപ്രഘോഷണമെന്നോ, വചന

മായ മിശിഹാ എന്നോ മനസ്സിലാക്കാം. ''എന്നാൽ, അവർ കേട്ടിട്ടില്ലേ എന്നു ഞാൻ ചോദിക്കുന്നു. തീർച്ചയായും ഉണ്ട്. എന്തെന്നാൽ, അവരുടെ ശബ്ദം ഭൂമി മുഴുവനിലും വ്യാപിച്ചിരിക്കുന്നു; അവരുടെ വചനങ്ങൾ ലോകത്തിൻെറ സീമകൾവരെയും'' (10,18). ഈ വാക്യം സങ്കീർത്തനം 19,4 ൽ നിന്നുള്ള ഉദ്ധരണിയാണ്. ഈ സങ്കീർത്തനമാകട്ടെ സൃഷ്ടിയിൽ പ്രകാശിതമാകുന്ന ദൈവമഹത്ത്വത്തെയാണ് സൂചിപ്പിക്കുന്നത്. തന്മൂലം ഇവിടെ പരാമർശിക്കപ്പെടുന്ന സാർവ്വത്രികമായ വചനപ്രഘോഷണം എന്നത് മിശിഹാസംഭവത്തെത്തന്നെയാണ് സൂചിപ്പിക്കുന്നത്. നിയമം, തിരഞ്ഞെടുപ്പ് തുടങ്ങിയ പരിമിതിയിൽനിന്ന് രക്ഷയുടെ സാർവ്വത്രികമാനം വിജാതീയരെ ഉൾക്കൊണ്ടപ്പോൾ അവിശ്വസ്തരായ യഹൂദരുടെ തിരസ്കരണത്തിനും അതു കാരണമായി. ഈ സാർവ്വത്രിക രക്ഷ സ്വന്തമാക്കുവാൻ നമ്മുടെ വ്യക്തിപരമായ വിശ്വാസം അനിവാര്യമാണ്. വിശ്വാസവും സുവിശേഷപ്രഘോഷണവും തമ്മിലുള്ള ഈ ബന്ധത്തെപ്പറ്റി അജപാലകരും അജഗണങ്ങളും ബോധവൽക്കരിക്കപ്പെടണം.

## 5. വിജാതീയരും രക്ഷയും

*''ഞാൻ വീണ്ടും ചോദിക്കുന്നു, ഇസ്രായേൽ ഇതു ഗ്രഹിച്ചില്ലയോ? മുമ്പേ തന്നെ മോശ ഇങ്ങനെ പറയുന്നു: ഒരു ജനതയല്ലാത്തവരോടു നിങ്ങളിൽ ഞാൻ അസൂയ ജനിപ്പിക്കും. ബുദ്ധിയില്ലാത്ത ഒരു ജനത്തെക്കൊണ്ടു നിങ്ങളെ ഞാൻ പ്രകോപിപ്പിക്കും. ഏശയ്യായും ധൈര്യപൂർവം പറയുന്നു: എന്നെ തേടാത്തവർ എന്നെ കണ്ടെത്തി; എന്നെപ്പറ്റി അന്വേഷിക്കാത്തവർക്ക് ഞാൻ എന്നെ വെളിപ്പെടുത്തി. ഇസ്രായേലിനെപ്പറ്റിയാകട്ടെ, അവൻ പറയുന്നത് ഇങ്ങനെയാണ്: അനുസരണമില്ലാത്തവരും ധിക്കാരികളുമായ ഒരു ജനത്തിനുനേരെ ദിവസം മുഴുവനും ഞാൻ എന്റെ കരങ്ങൾ നീട്ടി''* (10,19-21).

ഇസ്രായേലിലെ ഒരു വിഭാഗത്തിന്റെ തിരസ്കരണവും വിജാതീയരിൽ ഒരു വിഭാഗത്തിന്റെ സ്വീകരണവും സംഭവിച്ച ചരിത്രസംഭവത്തെ പഴയനിയമത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനും വിശദീകരിക്കാനും ശ്രമിക്കുകയാണ് പൗലോസ്ശ്ലീഹാ. നിയമാവർത്തനം 32,21 ന്റെയും ഏശയ്യാ 65,1 ന്റെയും വെളിച്ചത്തിലാണ് ഇതു നിർവ്വഹിക്കുന്നത്. ഇസ്രായേലിനെ അനുസരണമില്ലാത്തവരും ധിക്കാരികളുമെന്നു വിശേഷിപ്പിക്കുമ്പോൾ, വിജാതീയരെ ഒരു ജനതയല്ലാത്തവർ എന്നു വിശേഷിപ്പിക്കുന്നു. മിശിഹാ വന്നെങ്കിലും ഇസ്രായേൽ അവനെ സ്വീകരിക്കാൻ വിസമ്മതിച്ചതുവഴി ''ദൈവത്തെ തേടാത്ത ജനതകൾക്ക്'' ദൈവം സ്വയം വെളിപ്പെടുത്തുന്ന അവസ്ഥ സംജാതമായി എന്ന് പൗലോസ് ശ്ലീഹാ ഇവിടെ വിശുദ്ധലിഖിതത്തിന്റെ വെളിച്ചത്തിൽ സമർത്ഥിക്കുകയാണ്.

വചനം എക്കാലവും സാർവ്വത്രികരക്ഷയെ അവതരിപ്പിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. എന്നാൽ വ്യാഖ്യാതാക്കളും വചനപ്രഘോഷകരും വചനത്തെ സ്വകാര്യവത്ക്കരിക്കാനും വൈയക്തീകരിക്കാനും ശ്രമിക്കുന്നതുവഴി ദൈവത്തിന്റെ രക്ഷാപദ്ധതിക്ക് അന്യമായ നിലപാടുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. രക്ഷയുടെ പൂർണ്ണതയായ മിശിഹാ ഇടർച്ചയുടെ പാറയുമാണ് എന്ന പൗലോസിന്റെ ദർശനത്തിന് സമകാലികലോകത്ത് ഏറെ പ്രസക്തിയുണ്ട്.

ആധുനികചിന്തകൾക്കനുസൃതമായി വചനത്തിൽ വെള്ളം ചേർക്കാനുള്ള പ്രവണത ശക്തിപ്പെടുമ്പോൾ മിശിഹാ ഇടർച്ചയുടെ പാറയായി മാറും. രക്ഷാ ചരിത്രത്തിൽനിന്നു പുറത്തുപോകേണ്ടിവന്ന യഹൂദരുടെ സ്ഥിതിവിശേഷം ക്രൈസ്തവർക്കുണ്ടാകാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിക്കണം. അതു കൊണ്ട് ഇക്കാര്യത്തിൽ അജപാലകർ വചനപ്രഘോഷണത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും അജഗണങ്ങൾക്കു ശരിയായ വചനവ്യാഖ്യാനം നൽകുവാൻ ശ്രമിക്കുകയും ചെയ്യണം.

## ജീവിതസൂചിക

1. സഭാജീവിതത്തിന്റെയും ശുശ്രൂഷയുടെയും ആത്യന്തികലക്ഷ്യം സാർവ്വത്രികരക്ഷയാണെന്നുള്ള ബോദ്ധ്യം എനിക്കുണ്ടോ?
2. എന്റെ വിശ്വാസജീവിതം പാപത്തിൽനിന്നും രക്ഷിക്കപ്പെടുന്ന ഒരു അനുഭവമായിത്തീരുന്നുണ്ടോ?
3. ഈശോയെ കർത്താവായി ഏറ്റുപറയുന്ന എന്റെ ജീവിതത്തെ ഭരിക്കുന്നവനായി ഈശോ എന്റെ ജീവിതത്തിൽ കടന്നുവന്നിട്ടുണ്ടോ?
4. സുവിശേഷ പ്രഘോഷണത്തിലൂടെ എല്ലാവരെയും രക്ഷയിലേക്ക് ക്ഷണിക്കുവാൻ ഞാൻ എത്രമാത്രം തീക്ഷ്ണതയുള്ളവനാണ്?
5. ദൈവത്തിന്റെ രക്ഷാപദ്ധതിക്കനുസൃതമായി ജീവിക്കാൻ സഹായിക്കുന്ന അജപാലനശുശ്രൂഷയാണോ ഞാൻ നിർവ്വഹിക്കുന്നത്?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഒക്ടോബർ 2022**

31 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. പാറേൽ സെന്റ് മേരീസ് തീർത്ഥാടന ദൈവാലയത്തിലേക്കു നടന്ന ജപമാലപ്രദക്ഷിണത്തിനു സന്ദേശം നൽകി. തുടർന്ന് പുതുതായി പണിയുന്ന പാറേൽ ദൈവാലയത്തിന്റെ ഗോപുരമുകളിൽ പ്രതിഷ്ഠിക്കാനുള്ള സ്ലീവാ ആശീർവദിച്ചു. വൈകുന്നേരം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. ആശുപത്രിയിൽ ചികിത്സയിലുള്ള രോഗികളെയും മാർ ജോർജ് കോച്ചേരി പിതാവിനെയും സന്ദർശിച്ചു.

**നവംബർ 2022**

01 ഉച്ചകഴിഞ്ഞ്, പുതുതായി നിർമ്മിച്ച KLM ഓഫീസ് വെഞ്ചരിച്ച് ആശംസകൾ നേർന്നു സംസാരിച്ചു, തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

02 ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെട്ട അതിരൂപതാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി നിയമിതനായ മാർ തോമസ് പാടിയത്ത് പിതാവിന് യാത്രാമംഗളങ്ങൾ നേരാനായി ചങ്ങനാശേരി അതിരൂപത സംഘടിപ്പിച്ച സമ്മേളനത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തി. വൈകുന്നേരം ചങ്ങനാശേരി SB College ന്റെ ആഭിമുഖ്യത്തിൽ കാവുകാട്ട് പിതാവിന്റെ അനുസ്മരണാർത്ഥം നടന്ന പുരാതന സുറിയാനി കയ്യെഴുത്ത് പ്രതികളെക്കുറിച്ചുള്ള അന്തർദേശീയ വെബിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പിന്നീട് പെർമനെന്റ് സിനഡിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

03 രാവിലെ പുളിങ്കുന്ന് സെന്റ് മേരീസ് ഇടവക ദൈവാലയത്തിൽ ഒരു കുട്ടിക്കു പ്രവേശകകൂദാശകൾ നൽകി പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് വെരൂർ സെന്റ് ജോസഫ് ഇടവക ദൈവാലയത്തിൽ വാണിയപ്പുരയ്ക്കൽ ജോയേൽ മ്ശംശാനയ്ക്ക് പൗരോഹിത്യ പട്ടം നൽകി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

04 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. തുരുത്തി ഇടവകാതിർത്തിയിൽ കൊച്ചുവീട്ടിൽ കുടുംബം അതിരൂപതയ്ക്കു സമ്മാനിച്ച കെട്ടിടത്തിൽ അതിരൂപത ആരംഭിക്കുന്ന കൗൺസിലിംഗ് സെന്റർ വെഞ്ചരിച്ചു. വൈകുന്നേരം KRRIS ന്റെ മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് സഞ്ജീവനിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

05 രാവിലെ രാജമറ്റം സേക്രഡ് ഹാർട്ട് ഇടവക ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി, പുതുതായി നിർമ്മിച്ച സെമി

ത്തേരി വെഞ്ചരിച്ചു. കോട്ടയ്ക്കുപുറം ഇടവകാംഗം പുഞ്ചയിൽ ബഹു. മാത്യു അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ചു നടന്ന പരി. കുർബാനയിൽ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ഇടവക ദൈവാലയത്തിൽ മ്ശംശാന വട്ടവയലിൽ ജിൻസ് ജോർജിന് പൗരോഹിത്യപട്ടം നൽകി. വൈകുന്നേരം പുളിക്കൽ കവല സെന്റ് മേരീസ് പള്ളിയിലെ പുതുതായി നിർമ്മിച്ച പാരിഷ്ഹാൾ വെഞ്ചരിച്ചു ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു.

06-11 ബാംഗ്ലൂരിൽ നടന്ന CBCI-ൽ പങ്കെടുത്തു.

12 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രലിൽ FCC സന്യാസിനീ സമൂഹത്തിലെ സിസ്റ്റേഴ്സിന്റെ പ്രഥമ വ്രതവാഗ്ദാനശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് പാറേൽപ്പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി. വൈകുന്നേരം വൈശ്യംഭാഗം സെന്റ് ജോർജ് ഇടവകയിൽ കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് നവീകരിച്ച സിമിത്തേരി വെഞ്ചരിച്ചു.

13 അയിരൂർ ലൂർദ് മാതാ ഇടവക ദൈവാലയത്തിൽ അജപാലന സന്ദർശനത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. തുടർന്ന് അയിരൂർ LSDP പ്രൊവിഡൻസ് ഹോം സന്ദർശിച്ചു. തുടർന്ന് തടിയൂർ സെന്റ് ആന്റണീസ് ദൈവാലയത്തിന് സമീപം നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി. ഉച്ചകഴിഞ്ഞ് ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ നടന്ന ചമ്പക്കുളം ഫൊറോനാ കൗൺസിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകിട്ട് കണ്ണാടി സെന്റ് ജോസഫ് ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിച്ചു.

14 രാവിലെ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടന്ന പേരന്റ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചയ്ക്ക് വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ നടന്ന വിവാഹവാഗ്ദാന ചടങ്ങിൽ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

15 രാവിലെ നിരണം മാർത്തോമ്മാശ്ലീഹാ സെമിനാരിയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് ഇടവകാംഗങ്ങളെ കണ്ടു, പിന്നീട് നാലാം വർഷ വൈദിക വിദ്യാർഥികൾക്കു ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ മാസവിലയിരുത്തൽ മീറ്റിംഗിൽ പങ്കെടുത്തു.

16 ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന ചാരിറ്റി വേൾഡ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

17 പുന്നവേലി FDSHJ മഠത്തിൽ നടന്ന സി. റോസി പുതുപ്പറമ്പിലിന്റെ ഒന്നാം ചരമവാർഷികത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് സെമിത്തേരിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ തിരുന്നാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്ന് ഇടവകയുടെ ശതോത്തര രജതജൂബിലി ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗം മൂഴൂർകൊച്ചുകളം ജോണിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി അനുശോചനം അറിയിച്ചു. സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ നടക്കുന്ന കരുണാർത്ഥന അഖണ്ഡ പ്രാർത്ഥനയിൽ പ്രാർത്ഥനാശംസകൾ നേർന്നു സംസാരിച്ചു. പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓൺലൈൻ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

18 കുറ്റിച്ചൽ ലൂർദ് മാതാ എൻജിനീയറിംഗ് കോളേജ് ക്യാമ്പസിൽ ആരംഭിച്ച ലൂർദ് മാതാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

19 രാവിലെ ഇരവുചിറ സെന്റ് മേരീസ് ദൈവാലയത്തിൽ ഹോംമിഷനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി തുടർന്ന് ഹോംമിഷൻ നടത്തുന്ന എല്ലാ സിസ്റ്റേഴ്സിനെയും കണ്ടു സംസാരിച്ചു, ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. ചങ്ങനാശേരി സെന്റ് തെരേസാസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന കോർപ്പറേറ്റ് സ്കൂളുകളിലെ ടീച്ചേഴ്സ് ഡേ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചയ്ക്ക് ഫാത്തിമാപുരം ഫാത്തിമ മാതാ പള്ളിയിൽ നടന്ന വിവാഹം ആശീർവദിച്ചു സന്ദേശം നൽകി. വൈകുന്നേരം ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ നടന്ന DCMS ന്റെ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

20 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് SMCC യുടെ ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ കണ്ടു. വില്ലൂന്നി സെന്റ് സേവ്യേഴ്സ് ഇടവകാംഗം കാട്ടൂപ്പാറ ബഹു. ആന്റണിയച്ചന്റെ മാതാവ് ത്രേസ്യാമ്മ വർക്കിയുടെ മൃതസംസ്കാരശുശ്രൂഷയിലെ ദൈവാലയത്തിലെ കർമങ്ങൾക്ക് മുഖ്യ കാർമികത്വം വഹിച്ചു അനുശോചനം അറിയിച്ചു.

21 ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ മാർ തോമസ് പാടിയത്ത് പിതാവിന് ഇറ്റാവാ – ജയ്പൂർ റീജിയൻ ഇറ്റാവയിൽ നടത്തിയ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു മുഖ്യപ്രഭാഷണം നടത്തി.

22 ജഗ്ദൽപൂർ രൂപതയുടെ മുൻ മെത്രാൻ അഭി. സൈമൺ സ്റ്റോക്ക് പാലാത്ര പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. CMI ജഗ്ദൽപൂർ പ്രൊവിൻസിന്റെ മൈനർ സെമിനാരി സന്ദർശിച്ചു. തുടർന്ന് SABS ജഗ്ദൽപൂർ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

24 രാവിലെ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി, തുടർന്ന് ആശുപത്രിയുടെ എഴുപതാം വാർഷികത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു സംസാരിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

# മാർ തോമസ് തറയിൽ

**ഒക്ടോബർ 2022**

27 ഇത്തിത്താനം സെന്റ് മേരീസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്ത് ആഘോഷമായ പരി. കുർബാന അർപ്പിച്ചു. ചെത്തിപ്പുഴ എസ്.ഡി. സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ സി. ലീമാ റോസിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. ചങ്ങനാശേരി ഫൊറോന മാതൃ-പിതൃവേദിയും ചെത്തിപ്പുഴ സർഗ്ഗക്ഷേത്രയും സംയുക്തമായി സംഘടിപ്പിക്കുന്ന 'അരുതേ ജീവഹത്യ' എന്ന പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

28 ഫിൽഗിരി സെന്റ് ജോസഫ്സ് ഇടവകാംഗം മുട്ടത്തിൽ ബഹു. ആന്റോ അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. തെള്ളകം കപ്പൂച്ചിൻ വിദ്യാഭവനിൽ ബ്രദർ ബിജോ തോമസ് പാലംപുരയ്ക്കലിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. അതിരൂപതാ CARP ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയിൽ നടത്തിയ ഫൊറോനാതല ബോധവത്ക്കരണയോഗത്തിൽ സംസാരിച്ചു.

30 തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ പള്ളിയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. പന്ത സെന്റ് ജൂഡ് പള്ളിയിൽ വിശുദ്ധ യൂദാ ശ്ലീഹായുടെ തിരുന്നാളിനോടനുബന്ധിച്ച് തിരുന്നാൾ സന്ദേശം നൽകി. തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ പള്ളിയിൽ സർക്കാർ ഉദ്യോഗസ്ഥരുടെ സംഗമം ഉദ്ഘാടനംചെയ്തു സംസാരിച്ചു. പൊങ്ങുമ്മൂട് സെന്റ് അൽഫോൻസാ പള്ളിയിൽ SMYM ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'Yuva Impact' എന്ന പരിപാടി ഉദ്ഘാടനംചെയ്തു സംസാരിച്ചു.

31 ചങ്ങനാശേരി അതിരൂപതാ കുടുംബക്കൂട്ടായ്മയും – ബൈബിൾ അപ്പോസ്തലേറ്റും MAC ടി.വി. യും ചേർന്ന് 'കേരളസഭാ നവീകരണം – തോമാശ്ലീഹാ വർഷാചരണം' എന്നിവയോട് അനുബന്ധിച്ച് നടപ്പിലാക്കുന്ന 'നൂറുമേനി: വചനം ഹൃദയത്തിലും ജീവിതത്തിലും' എന്ന അതിരൂപതാതല പദ്ധതി ഉദ്ഘാടനംചെയ്തു സംസാരിച്ചു.

**നവംബർ 2022**

01 മാനന്തവാടിയിൽ മാർ അലക്സ് താരാമംഗലം പിതാവിന്റെ മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

02 ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിൽ നടത്തപ്പെട്ട അതിരൂപതാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. അതോടൊപ്പം ഷംഷാബാദ് രൂപതയുടെ സഹായമെത്രാനായി നിയമിതനായ മാർ തോമസ് പാടിയത്ത് പിതാവിന് യാത്രാമംഗളങ്ങൾ നേരാനായി ചങ്ങനാശേരി അതിരൂപത സംഘടിപ്പിച്ച സമ്മേളനത്തിൽ സ്വാഗതപ്രഭാഷണം നടത്തി.

03 കേസറിയ വടക്കൻ വെളിയനാട് സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. വടുതലയിൽ വരാപ്പുഴ

ആർച്ചുബിഷപ് മാർ ജോസഫ് കളത്തിപറമ്പിൽ പിതാവിന്റെ അമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ അഖണ്ഡപ്രാർത്ഥനയിൽ വചന പ്രഭാഷണം നടത്തി.

04 ഭരണങ്ങാനത്ത് ALPHOQUIM-2022 നാഷണൽ സെമിനാറിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും 'അൽഫോൻസാമ്മ എന്ന വിശുദ്ധയെ രൂപപ്പെടുത്തുന്നതിൽ കുടുംബത്തിനുള്ള പങ്ക്' എന്ന വിഷയത്തെക്കുറിച്ച് പ്രബന്ധം അവതരിപ്പിക്കുകയും ചെയ്തു. കുടമാളൂർ സെന്റ് മേരീസ് ഫൊറോനാ ഇടവകാംഗം ചാവറ ബഹു. ജോൺ അച്ചന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാ CARP ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ പള്ളിയിൽ നടത്തിയ ഫൊറോനാതല ബോധവൽക്കരണ യോഗത്തിൽ സംസാരിച്ചു.

05 തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാപള്ളിയിൽ പരി. കുർബാന അർപ്പിച്ചു.

06 നിരണം മാർത്തോമാ ശ്ലീഹാ തീർത്ഥാടന ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളി ഇടവകാംഗം ഔറംഗബാദ് രൂപതാംഗം കോനാട്ട് ബഹു. ജയിംസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. ചങ്ങനാശേരി CARP ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ചേർന്ന സർക്കാർ ഉദ്യോഗസ്ഥരുടെ സംഗമത്തിൽ സംസാരിച്ചു.

07–11 ബാംഗ്ലൂരിൽ നടന്ന CBCI Meeting ൽ പങ്കെടുത്തു. പുതുതായി രൂപീകരിച്ച 'പരിസ്ഥിതി' കമ്മീഷൻ വൈസ് ചെയർമാനായി അഭി. പിതാവു തെരഞ്ഞെടുക്കപ്പെട്ടു.

12 കണ്ണാടി സെന്റ് റീത്താസ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്ത് ആഘോഷമായ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. നസ്രത്ത് സെന്റ് ജറോം ഇടവകാംഗം കാഞ്ഞൂപ്പറമ്പിൽ ബഹു. തോമസ് അച്ചന്റെ പൗരോഹിത്യ രജതജൂബിലിയുടെ പരി. കുർബാനയിൽ വചന സന്ദേശം നൽകി. കുറുമ്പനാടം കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ കർഷക സമരപ്രഖ്യാപന കൺവൻഷനും കിഴക്കൻ മേഖല സമ്മേളനവും ഉദ്ഘാടനംചെയ്തു സംസാരിച്ചു. ഏറ്റുമാനൂർ ക്രിസ്തുരാജ പള്ളിയിൽ പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

13 മിത്രക്കരി സെന്റ് സേവ്യേഴ്സ് പള്ളിയിൽ പരി. കുർബാനയർപ്പിച്ച് വചന സന്ദേശം നൽകുകയും ഇടവകദിന സമ്മേളനം ഉദ്ഘാടനംചെയ്തു സംസാരിക്കുകയും ചെയ്തു. നസ്രത്ത് സെന്റ് ജറോം ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. ഉരുളികുന്നം സെന്റ് ജോർജ് ഇടവകാംഗമായ ഗ്രേറ്റ് ബ്രിട്ടൻ രൂപതാ മെത്രാൻ മാർ ജോസഫ് സ്രാമ്പിക്കൽ പിതാവിന്റെ അമ്മയുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

14–18 മാവേലിക്കര രൂപതയിലെ വൈദികരെ ധ്യാനിപ്പിച്ചു.

15 ചങ്ങനാശേരി എഫ്.സി.സി. ദേവമാതാ പ്രോവിൻസിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

17 ഫാത്തിമാപുരം എസ്.എച്ച്. സ്കൂളിന്റെ നവീകരിച്ച ഓഡിറ്റോറിയം വെഞ്ചരിച്ചു.

18 കുറ്റിച്ചൽ ലൂർദ്ദ് മാതാ എൻജിനീയറിംഗ് കോളേജ് ക്യാമ്പസിൽ ആരംഭിച്ച ലൂർദ്ദ് മാതാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തി.

19 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ എസ്.എം.സി.സി. യുടെ ക്യാമ്പ് ഉദ്ഘാടനംചെയ്തു സംസാരിച്ചു. നെടുങ്കുന്നം ആരാധനമഠത്തിൽ സിസ്റ്റർ മേരി അക്വിനാസിന്റെ സുവർണ്ണജൂബിലിയോട് അനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

20 ചെന്നൈ അയിനാപുരം പാസ്റ്ററൽ സെന്ററിൽ ഹോസൂർ രൂപതയുടെ യുവജനസംഗമത്തിലും കൂട്ടായ്മാലീഡേഴ്സിന്റെ സംഗമത്തിലും പ്രഭാഷണം നടത്തി.

21 ഇറ്റാവാ സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിൽ അഭി. തോമസ് പാടിയത്ത് പിതാവിനു നൽകിയ സ്വീകരണ ചടങ്ങിൽ പങ്കെടുത്തു.

22 ചെന്നൈ അയിനാപുരം പാസ്റ്ററൽ സെന്ററിൽ വൈദിക-സന്യസ്ത സംഗമത്തിൽ സംസാരിച്ചു. ഉച്ചകഴിഞ്ഞ് ജഗ്ദൽപൂർ ഹോസൂർ രൂപതാദിനം ഉദ്ഘാടനം ചെയ്തു.



# ENGAGEMENTS


## 2022 DECEMBER

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | | Engaged |
| 02 | 02:30 pm | FPC Inauguration @ Veroor |
| 03 | 08:30 am | Closing Ceremony of Canonisation of Servant of God Puthenparambil Thommachan & Holy *Qurbana* @ Edathua |
| | 02:30 pm | Care Home Directors Meet |
| 04 | 06:30 am | Pastoral Visit @ Vettickalpurayidom |
| | 02:00 pm | Golden Jubilee Celebration of Yuvadeepthi SMYM |
| 05-07 | | KCBC |
| 08 | 07:30 am | Holy *Qurbana* @ Parel Church |
| | 11:30 am | കുരിശടി വെഞ്ചരിപ്പ് @ Cathedral Parish |
| 10 | 10:00 am | Symposium on Servant of God Puthenparambil Thommachan |
| | 05:00 pm | Parish Office Blessing @ Punnathura |
| 11 | 09:00 am | Jubilee Conclusion @ Punnathura |
| | 02:00 pm | AKCC Convention |
| 12 | 03:00 pm | Pastoral Visit & പള്ളി പുനർ കൂദാശ @ Dalumugham Parish |
| 13 | 10:00 am | Young Priests' Get Together |
| | 03:00 pm | St Thomas Hospital Evaluation Meeting |
| 15 | 02:00 pm | Ecumenical Seminar @ Vadavathoor |
| 16 | | Engaged |
| 17 | 10:30 am | CRI Christmas Gathering |
| | 03:00 pm | Jeevakarunya Nidhi Annual General Body Meeting |
| | 07:00 pm | Solemn *Ramsa* @ Kurichy Minor Seminary |
| 18 | 05:30 pm | Ecumenical Meeting @ Podippara |
| 19 | 10:30 am | CHASS Karshika Mela @ Champakulam |
| | 03:00 pm | Family Apostolate Gathering @ Pala |
| 20 | 06:00 pm | Interdepartment Meeting |
| 21 | 03:00 pm | Jubilee Inauguration @ Georgian School Edathua |
| | 05:30 pm | Cemetery Blessing @ Karumady |

| | | |
|---|---|---|
| 22 | 04:30 pm | Major Seminarians Gathering |
| 23 | 06:30 am | Diaconate |
| | 11:00 am | Christmas Gathering @ Nedumkunnam B.Ed. College |
| 24 | | Engaged |
| 26 | | Engaged |
| 27 | 09:15 am | Priestly Ordination @ Chethipuzha |
| | 06:00 pm | Christmas Gathering @ Aramana |
| 28 | 09:15 am | Priestly Ordination @ Punnakunnathusserry |
| | 03:00 pm | Cherupushpa Mission League Platinum Jubilee Rally @ Changanacherry |
| 29 | 09:00 am | Priestly Ordination @ Manimala |
| | 02:30 pm | Priestly Ordination @ Athirampuzha |
| 30 | 09:15 am | Priestly Ordination@ Kaduvakulam |
| 31 | 09:15 am | Priestly Ordination@ Narbonapuram |
| | 11:30 am | Jubilee Message @ Thekkekara |
| | 03:30 pm | First Profession of LWSH Sisters @ Kattachira |





# ENGAGEMENTS


**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2022 DECEMBER

| | | |
|---|---|---|
| 01-02 | | CMI Deacons' Retreat @ Kakkanadu |
| 02 | 05:00 pm | Bible Convention @ Kothamangalam |
| 03 | 09:00 am | Holy *Qurbana* @ St George Forane Church, Edathua |
| | 02:00 pm | Yuvadeepti Poorvakala Sangamam @ St Mary's Cathedral |
| | 05:30 pm | Holy *Qurbana* @ Vijayapuram Cathedral |
| 04 | 09:30 am | Holy *Qurbana* @ St John the Baptist Forane Church, Nedumkunnam |
| 05-07 | | KCBC |
| 07 | 07:30 pm | Talk @ Town Kurishupalli, Pala |
| 08 | 06:00 am | Holy *Qurbana* @ St Mary's Church, Parel |
| | 09:00 am | Visitors |
| | 05:00 pm | Holy *Qurbana* @ St Mary's Church, Aryamkavu |
| 09 | 06:00 pm | Christmas Celebration @ Christ Nagar School, Thiruvallam |
| 10 | 07:00 am | Holy *Qurbana* @ St Mary's Church, Nirmalapuram |
| | 09:00 am | Pastoral Council General Body Meeting |
| | 03:00 pm | Palliative Care Executive Meeting |
| 11 | 10:00 am | Holy *Qurbana* @ Mary Matha Church, Anchal |
| | 04:30 pm | Holy *Qurbana* @ Christ The King Church, Rajagiri |
| | 06:30 pm | Youth Meet @ St Mary's Church, Dalumugham |
| 12 | 02:30 pm | Visitors |
| | 06:30 pm | Class @ Niranam Seminary |
| 13 | 09:30 am | Young Priests' Get Together |
| 14 | | Deacons' Meet @ Kakkanadu |
| 15 | 11:00 am | Baptism @ St Mary's Cathedral |
| | 02:30 pm | Holy *Qurbana* @ Kuriyanad |
| 16 | 04:30 pm | Holy *Qurbana* @ St Thomas Church, Punnathuara |
| 17 | 10:00 am | CRI Christmas Celebration @ St Mary's Church, Parel |
| | 10:30 am | Mathru-Pithruvedi Varshikam @ Changanacherry |
| | 11:30 am | Vocation Promoters' Meet @ Changanacherry |
| | 03:00 pm | Christmas Celebration AKM Public School @ Morkulangara |
| | 06:00 pm | YMCA Christmas Celebration @ Alappuzha |

| | | |
|---|---|---|
| 18 | 09:00 am | Holy *Qurbana* @ St Sebastian's Church, Cheruvandoor |
| | 05:00 pm | Christmas Celebration @ Thiruvananthapuram |
| 19-22 | | Professors' Retreat @ Vadavathoor |
| 20 | 06:00 pm | KCC St Thomas Jubilee @ Thiruvalla |
| 21 | 05:00 pm | Christmas Celebration @ SH Kilimala |
| 22 | 03:00 pm | Religious Deacons' Meet |
| | 05:00 pm | Christmas Celebration @ Mary Rani Public School, Laikadu |
| 23 | 08:00 am | Diocesan Deacons' Meet @ Changanacherry |
| | 11:30 am | Visitors |
| | 05:30 pm | DSFS Christmas Celebration @ Kowdiar |
| 24 | | Visitors @ Lourdes,Thiruvananthapuram |
| 25 | 05:00 pm | Christmas Celebration @ Mar Sleeva Church, Adoor |
| 26 | 10:30 am | Baptism @ Holy Family Church, Mudiyoorkkara |
| | 11:30 am | Marriage @ St Joseph's Church, Thellakom |
| | 06:30 pm | Suvishesha Mahayogam @ Puthenkurish |
| 27 | 09:15 am | Priestly Ordination @ St Mary's Church, Parel |
| | 12:30 pm | Jesus Youth Camp @ SB College |
| | 02:30 pm | Priestly Ordination @ St George Church, Thottakadu |
| | 05:30pm | Christmas Gathering @ Archbishop House |
| 28 | 09:30 am | Holy *Qurbana* @ St Mary's Church, Vaipur Old |
| | 12:00 pm | Betrothal @ Lourdes Matha Church, Mammood |
| | 02:15 pm | Priestly Ordination @ St Mary's Church, Kumaramkary |
| | 04:30 pm | CML Platinum Jubilee Celebration @ St Mary's Cathedral |
| 29 | 08:30 am | Sacerdotal Silver Jubilee @ St Joseph's Church, Veroor |
| | 09:15 am | Priestly Ordination @ St Mary's Major Archiepiscopal Church, Kudamaloor |
| | 04:30 pm | Betrothal @ St Joseph's Church, Punnakkunnathusserry |
| 30 | 09:00am | Visitors |
| | 02:15 pm | Priestly Ordination @ St George Church, Thottakadu |
| 31 | 09:00 am | Priestly Ordination @ Christ The King Church, Kuttikkonam |
| | 06:00 pm | Holy *Qurbana* @ Kazhakoottam |

# ആദരാഞ്ജലികൾ



**മാർ സൈമൺ സ്റ്റോക്ക് പാലാത്ര CMI**

(ബിഷപ് എമരിത്തൂസ്, ജഗ്ദൽപൂർ രൂപത)

മാതൃ അതിരൂപതയുടെ

## ആദരാഞ്ജലികൾ

**VEDAPRACHARA MADHYASTAN** **VOL.95** **No.06** **December 2022**
Date of Publication: 30-11-2022
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




## ക്രിസ്തുമസിന്റെയും
## പുതുവത്സരത്തിന്റെയും
## പ്രാർത്ഥനാശംസകൾ

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org